Four elected members particip-ated in the Inter-Regional Leader-ship camp held at St. Thomas Coll-ege, Palai from 23rd to 27th Dece-mber, 1968.

On 19th January 1969 we conducted a discussion on the nece-ssity of religious instruction in colleges. About 150 members took active part in it. Rev. Dr. John Vallamattam was present to lead the discussion.

On 2nd February we had a one-day leadership camp under the guidance of Rev. Fr. Joseph Kizha-kkedom S. J. Three of the senior leaders of the C. S. U. were also present to guide us.

We avail ourselves of this opportunity to express our heart-felt gratitude towards our beloved Principal for his wise guidance and loving patronage of us. We also express our thanks to Rev. Fr. Paul Kodamullil our Chaplain and Rev. Sr. Lisieux M.Sc.,B.Ed., our adviser.

Secretaries
M. M. Peter & Usha Jose



## The College Chronicle 1968-'69

| | |
|---|---|
| 24-6-1968 | Admission to the I P. D. classes is closed. |
| 13-7-68 | N. C. C. activities begin. |
| 9-8-68 | A University Inspection Commission visits the college. |
| ,, | Classes for the I D. C. students begin |
| ,, | Election of the Office-bearers of the Newman Association is conducted. |
| 11-8-68 | Newman's Day is celebrated. |
| 22-8-68 | Last working day of the term. |
| 26-8-68 | I term exam begins. |
| 9-9-68 | The college re-opens after the Onam holidays. |
| 24-9-68 | Dr. M. V. Pylee visits the college. |
| 29-9-68 | Retreat for the Catholic students. |
| 15-10-68 | Election of the office-bearers of the various Associations is conducted. |
| 28-10-68 | Election of the Office-bearers of the C. S. U. and Mission League is conducted. |
| 2-11-68 | The College Associations are inaugurated by Hon. Justice Mr. Balakrishna Erady. |
| 9-12-68 | The Second-term Exam begins. |
| 27-12-68 | A picnic-party of the students goes to Thekkady. |
| 1-1-69 | The college re-opens after the Christmas holidays. |
| 1-4-69 | The Annual Exam begins. |

# *Prize Winners of the Year 1968-'69*

## Proficiency in Religion, Moral Science and the Bible

### Religion

**I Year P. D. C.**
Luke P. G.
Emmanuel A. J.
Michael A. M.
Aleykutty K. V.
Saji Philomina Chandy

**I Year D. C.**
Joseph K. M.
Rossily M. M.
Mary George

**II Year P. D. C.**
George C. J.
Mathew V. M.
Alphonsa C. A.
Annakutty P. M.

**II Year D. C.**
Mary N. V.
James T. C.

### The Bible

Jacob C. C.

### Moral Science

**I Year P. D. C.**
Vijayakumari P. N.
Suresh K. K.
Krishnakumari S. K.

**I Year D. C.**
Krishna Pillai U. R.
Syamala R.

**II Year P. D. C.**
Sreedharan K. S.
Sukumaran P. M.
Balakrishnan P. M.
Lekshmy Amma P. V.

**II Year D. C.**
Hafsa Beevi P. K.
Sreedharakaimal P. N.

### Academic Proficiency

**I Year P. D. C.**
Thomas V. V.
Luke P. G.
Jayalekshmy T. V.
Michael A. M.
Chinnamma Thomas
John V. S.

**II Year P. D. C.**
Philip T. J.
Mathew P. A. (Puliyammakkal
Joseph N. J.
Joseph A. P.
Mathew T. M.
Eliza C. M.






'പുതുവസ്ത്രങ്ങളുടെ കലവറ'

ചെട്ടിപ്പറമ്പിൽ ടെക്സ്റ്റയിൽസ്

തൊടുപുഴ

Phone: 62

എല്ലാവിധ ബേക്കറിസാധനങ്ങളും
മിതമായ വിലയ്ക്കു ലഭിക്കുന്നു.

അശോകാ ബേക്കറി

പാലത്തിനു പടിഞ്ഞാറുവശം

തൊടുപുഴ

ബേബി സ്റ്റോഴ്സ്

തൊടുപുഴ

എല്ലാവിധ സ്റ്റേഷനറി സാമാനങ്ങളും, സ്റ്റീൽ ഉപകരണങ്ങളും, ക്രോക്കറി സാധനങ്ങളും മുതലായവ മിതമായ വിലയ്ക്കു ലഭിക്കുന്ന തൊടുപുഴയിലെ വിശ്വസ്ത സ്ഥാപനം

സന്ദർശിക്കുക!

ബേബിസ്റ്റോഴ്സ്
തൊടുപുഴ

# THE BANK OF COCHIN Ltd.

**Regd. Office: BROADWAY, ERNAKULAM**

*Branches:-*

Adimaly, Calicut, Chalakudy, Cochin, Ernakulam, Elappara, Irinjalakuda, Kaloor, Kattoor, Kattappana, Kuthiathode, Moozhikulam, Munnar, Perumannoor, Trichur, Thodupuzha, Trivandrum, Vazhakulam, & W| Island

**POUND, DOLLAR CHEQUES NEGOTIATED.**

**LETTERS OF CREDIT OPENED.**

**DEPOSITE INTEREST RATE**

**UP TO $8\frac{1}{4}$ %**

Parambi Lonappan, B. A., B. L.
*Chairman*

K. M. Thariyan, B. Com., A. C. A.
*Gen. Manager.*


# On the Role of Honour

**(Students who secured First Class in the Pre Degree Examination)**


Francis Michael


Rosamma P. J.


Mary George (Sr. Canosa)


Augusthy K. A.


Chacko K. C.


Konthalam M. P.


Madhavan M.


Peter M. M.


Ramachandran A. K.

# On the Role of Honour

**Students who secured First Class in the Pre-Degree Examination**


Thomas V. M.


Thomas V. Muttom


Chinnamma A. M.


Kochuthresia K. J.


Christopher Abraham


Lucy P. Augustine


Tomy Abraham


Suseeladevi Amma K.


Rossily M. M.

Saji Philomina Chandy

**I Year D. C.**

Chacko C. C.
Peter M. M.
James Thomas C.
Kurian T. J.
Alice A. M.
Krishna Pillai U. R.

George Varkey
Sreedharan K. S.

**II Year D. C.**

George Joseph
Muraleedharan Nair N.
George K. John
James T. C.
Gopinathan E. S.
Ravindradas A. N.

**II P. D. C. Students who passed all the 5 Examinations.**

Alphonsa C. A.
Elizabeth N. J.
Eliza C. M.
Mathai T. M.
George Varkey

**II D. C. Students who passed all the 5 Examinations**

George Joseph
Lakshmykutty Amma K. K
Thresia P. O.
Joseph T. M.
Mathew V. L.
Varkey T. U.
Celine Mathew
George K. John
Annice George

Thresiamma C. K.
Vasanthakumari K. N.
Francis P. J.
Thomas K. U. (Rev. Fr.)
Krishnakumar K. P.
James T. C.
Kochuthresia K. O.
Gopinathan E. S.
Vijayan N.

**Rev. Fr. Theobald C. M. I. and Rev. Fr. Peechatt Memorial Gold Medal Winners**

Science - Chacko C. J.
Arts - Rossily M. M.

**Results of the competitions conducted under the auspices of the English Association**

**I Essay Writing**

**Seniors**

1st Hafsa Beevi P. K.
2nd Francis P. J.

**Juniors**

1st Mathai T. M.
2nd Varkey C. S.

## II Declamation

**Seniors (Girls)**
1st Ciciliamma George
2nd Usha Jose

**Juniors (Girls)**
1st Santa Mathew
2nd Eliza C. M.

**Seniors (Boys)**
1st Abraham T. M.
2nd Krishnakumar K. P.
Kuriakose K. M.

**Juniors (Boys)**
1st Mathai T. M.
2nd Varkey C. S.
" John K. P.

## III Extempore Speech

**Seniors (Girls)**
1st Kochuthresia K. T.
2nd Leelamma P. J.

**Juniors (Girls)**
1st Elizabeth N. J.

**Seniors (Boys)**
1st Krishnakumar K. P.
2nd T. C. James

**Juniors (Boys)**
1st Mathai T. M.
2nd Varkey C. S.

## IV General Knowledge

**Seniors**
1st Krisnapillai U. R.
2nd Thomas B. K.

**Juniors**
1st Krishnakumari S. K.

## V Cartoon Drawing

**Seniors**
1st James Joseph K.
2nd James T. J.

**Juniors**
1st Joseph T. F.
2nd Divakaran Achari P. V.

## Competitions conducted under the auspices of the Malayalam Association

## I Elocution

**Seniors Boys**
1st James T. C. II B. A.
2nd Thomas V. M. I B. Sc.
(Abraham T. M. II B. Sc.

**Juniors Boys**
1st Jose A. J.
2nb Varghese K. P.

**Seniors Girls**
1st Kochuthresia K. T. I B. Sc.
2nd Hafsa Beevi P. K. II B. A.

**Juniors Girls**
1st Elizabeth N. J.
2nd Soosa V. J.



## II Declamation

**Seniors Boys**
1st Kuriakose K. M. I B. A.
2nd James C. J. I B. A.
(Krishnakumar K. P. II B. A.)

**Juniors Boys**
Nil

**Seniors Girls**
1st Gracy Joseph I B. Sc.
2nd Ciciliamma George II B.Sc

**Juniors Girls**
1st Santha Mathew
2nd Soosa V. J.

## III Essay writing

**Seniors**
1st James T. C. II B. A.
2nd Vijayan N. II B. A.
(Krishnakumar K. P. II B. A.)

**Juniors**
1st Luke P. G.
2nd Veeramani T. k.

## IV Short story

**Seniors**
1st Abraham T. M. II B. Sc.
2nd Albert K. J. I B. A.

**Juniors**
1st George V. J.
2nd Luke P. G.

## V Verse-Making

**Seniors**
1st Rossily M. M. I B. A.
2nd Vijayan N. II B. A.

**Juniors**
1st Joseph M. T.
2nd Kausallia K.

## Literary Championship

**Seniors**
Krishnakumar K. P. II . D. C.

**Juniors**
Mathai T. M. (II P. D. C.)

## Science Talent Test

1st George Joseph (II B. Sc.) 2nd Chacko C. J.

## Results of the various competitions conducted under the auspices of the Hindi Association

## Extempore Speech

**D. C. Boys**
1st Krishnakumar K. P. II B.A.
2nd Abraham T. M. II B. Sc.

**P. D. C. Boys**
1st Mathai T. M.

**D. C. Girls**
1st Gracy Joseph I B. Sc.
2nd Hafsa Beevi P. K. II B. A.

**P. D. C. Girls**
1st Elizabeth N. J.
2nd Soosa V. J.

## Declamation

**D. C. Boys**

1st Krishnakumar K. P. II B. A.
2nd Sasidharan Nair I B. A.

**D. C. Girls**

1st Gracy Joseph I B. Sc.
2nd Rosakutty T. A. I B. A.

**P. D. C. Boys**

1st Mathai T. M.

**P. D. C. Girls**

1st Santha Mathew
2nd Soosa V. J.

## Essay Writing

**Seniors**

1st Krishnakumar K. P. II B. A.
2nd K. C. Chacko I B. Sc.

**Jnniors**

1st Elizabeth N. J.
2nd Mathai T. M.

## Verse Making

**Seniors**

1st T. M. Abraham II B. Sc.
2nd Krishnakumar K. P. II B. A.

**Juniors**

1st Elizabeth N. J.
2nd Mathai T. M.



## Competitions Conducted Under the Auspices of the Music and Dramatic Clubs

### Music-Solo

First George Sebastian Second Valsa P. A. and Sofy Cherian

### Music-Group

First Sofy Cherian & Party Second George Sebastian & Party

### Instrumental Music

First Krishnan V. R. Second Joseph John

### Dance-Single

First Syamala P. N. Second Hemalatha Devi K.

### Dance-Group

First Syamala P. N. & Kalamoorthy Second Hemalatha & Party

### Fancy-Dress

First Chandy T. M. Second Chinnamma James

### Mono-act

First Gopinath K. P. Second 1. Sebastian T. V.
2. Chinnamma James

### One-act Play-Boys

First Varghese M. M. & Party Second Chacko K. M. & Party

### One-act Play-Girls

First Miss Lakshmi & Party Second Maheswari & Party

### Tableau-Boys

First Chandy T. M. & Party Second Sebastian T. V. & Party

### Tableau-Girls

First Hemalatha Devi Second Usha Jose & Party

### Best Actor

P. J. Jose

### Best Actress

Meenakshi K.

## Sports and Games

### Women

**Throw ball**

First I D. C.
Second II D. C. } Trophy awarded by Fr. Thomas Peechat

**Tennikoit**

First I D. C. Second II D. C.

### Men

**Foot Ball**

First I D. C.
Second II D. C. } Trophy awarded by Mr. K. A. Thomas M. Sc.

**Volley Ball**

First I D. C.
Second II D. C. } Trophy awarded by Mr. George Koikakudy M. A.

**Basket Ball**

First I D. C. Second II D. C.

**Badminton (Fives)**

First II P. D. C.
Second I P. D. C. } Trophy awarded by Mr. Jacob Mathew M. A.

**Champion Athletes**

Women Annakutty George II P. D. C. 18 Points
Men Mathew Sebastian II P. D. C. 16 Points

**Total Points Secured by Various Classes**

**Women**

First II P. D. C. 56 Points
Second I P. D. C. 32 Points
Third I D. C. 17 Points
Fourth II D. C. 9 Points

House Champions (Women) II P. D. C. Captain Aleykutty M. U.
Trophy awarded by Mr. T. S. Thomas M. A.

**Men**

First II D. C. 63 Points
Second I D. C. 31 Points
Third II P. D. C. 30 Points
Fourth I P. D. C. 23 Points

House Champion (Men) II D. C. Captain Francis P. J.
Trophy awarded by Mr. Jacob Jose B. Sc. D. P. Ed.

Thodupuzha,
12-3-1969

Director





## RECORD OF WINNERS

### MEN

| Sl. No. | Events | I Place | Class | II Place | Class | III Place | Class |
|---|---|---|---|---|---|---|---|
| 1. | 100 Metres Race | Varghese M. M. | II D. C. | Sayedmohammed K.S. | II D. C. | Mathew P. D. | II P.D.C. |
| 2. | 200 " " | Varghese M. M. | II D. C. | Sayedmohammed K. S. | II D. C. | Mathew P. D. | II P.D.C. |
| 3. | 400 " " | Sayed Mohammed K. S. | II D. C, | Mathew P. D. | II P.D.C. | Tomy Abraham | I D. C |
| 4. | 800 " " | George P. T. | I D. C. | Divakaran K. I. | I P. D.C. | Baby K. M. | II P.D.C. |
| 5. | 1500 " " | Divakaran K. I. | I P.D.C. | Baby K. M. | II P.D.C. | Joseph Peter | I P.D.C. |
| 6. | Long Jump | T. M. Joseph | I D. C. | Francis P. J. | II D. C. | Mathew Sebastian | II P.D.C. |
| 7. | High Jump | Paul M. M. | I P.D.C. | Sebastian T. V. | II D. C. | Jose P. George | II D. C. |
| 8. | Pole Vault | Baby K. M. | II P. D. C. | Sreedharan Nair P. G. | I P. D. C. | | |
| 9. | Tripple Jump | Joseph T. M. | I D. C. | Jose P. George | II D. C. | Thomas K. T. | I D. C. |
| 10. | Shot Put | Mathew Sebastian | II P. D. C. | James Joseph | II D. C. | Augustine C. T. | II D. C. |
| 11. | Javelin | Mathew Sebastian | II P. D..C. | Joseph T. M. | I D. C. | Augustine C. T. | II D.C. |
| 12. | Discus | Mathew Sebastian | II P. D. C. | Surendran B. | I P. D. C. | Augustine C. T. | II D. C. |
| 13. | Hammer | Augustine C. T. | II D. C. | Surendran B. | I P. D. C. | John P. K. | II D. C. |
| 14. | 4x100 metres relay | II D. C. | | I P. D. C. | | I D. C. | |
| 15. | 4x200 metres relay | II D. C. | | I D. C. | | | |
| 16. | Tug-of-War | II D. C. | | I D. C. | | | |

### WOMEN

| Sl. No. | Events | I Place | Class | II Place | Class | III Place | Class |
|---|---|---|---|---|---|---|---|
| 1. | 100 Metres Race | Elsy M. A. | I P.D.C. | Annakutty N. J. | II P. D. C. | Aleykutty M. U. | II P. D. C. |
| 2. | 200 Metres Race | Elsy M. A. | I P.D.C. | Annakutty N. J. | II P. D. C. | Aleykutty M. U. | II P. D. C. |
| 3. | 400 Metres Race | Elsy M. A. | I P.D.C. | Aleyamma M. U. | I P. D. C. | Leelamma P. A. | I D. C. |
| 4. | Long Jump | Aleykutty M. U. | II P.D.C. | Annakutty George | II P. D. C. | Elsy M. A. | I P. D.C. |
| 5. | High Jump | Aleyamma M. U. | I P.D.C. | Aleykutty M. U. | II P. D. C. | Sophiamma Joseph | I P. D, C. |
| 6. | Shot Put | Annakutty George | II P.D.C. | Rosakutty T. A. | I D. C. | Karthyaniamma K.R. | " |
| 7. | Javelin Throw | Annakutty George | " | Annakutty N. J. | II P. D. C. | " | " |
| 8. | Discus Throw | " | " | Thresia E. P. | " | Annakutty N. J. | II " |
| 9. | 4x100 metres rela | II P. D. C. | | I P. D. C. | | I D. C. | |
| 11. | Tug-of-War | I D. C. | | II P. D. C | | | |

# Statement about Ownership of Newman College Annual

Reg. No. R. N. 7829/64

| | |
|---|---|
| Place of publication | Thodupuzha |
| Periodicity: | Annual |
| Printer, Publisher and Editor: | Principal, Newman College, Thodupuzha |
| Nationality: | Indian |
| Address: | Newman College, Thodupuzha |
| Owner of the Annual: | Newman College, Thodupuzha |

I, Rev. Fr. Matthew Palamattam, hereby declare that the particulars given above are true to the best of my knowledge and belief.

THODUPUZHA
10-8-1969

*Sd.*
Fr. Matthew Palamattam



# ടാഗൂറിന്റെ മിസ്റ്റിസിസം

റവ. സി. ജെയിംസ്

ടാഗൂർക്കവിതയുടെ മുഖമുദ്രയത്രെ മിസ്റ്റിസിസം. ''ഈ വിശ്വപ്രപഞ്ചത്തിന് ആധാരമായി നിൽക്കുന്ന ഈശ്വരസത്തയെ ആത്മാവുകൊണ്ട് സാക്ഷാൽക്കരിച്ച സുദുർല്ലഭ വ്യക്തികളുടെ നിരന്തരയോഗാനുഭൂതിയാണ് മിസ്റ്റിസിസം.'' ഈ അനുഭൂതിയുടെ സാഹിത്യാവിഷ്കരണത്തെയും ഇതേ പേർ തന്നെ വിളിക്കുന്നു. ഈശ്വരസത്തയുമായി യോഗാനുഭൂതിയിൽ ലയിച്ചവർ വളരെയുണ്ടായിട്ടുണ്ട്, ഭാരതത്തിന്നകത്തും പുറത്തും. എന്നാൽ ടാഗൂറിനെപ്പോലെ കവിയും മിസ്റ്റിക്കും ആയിട്ടുള്ളവർ വിരളമാണ്. ഭാരതീയരായ മിസ്റ്റിക്ക് കവികളിൽ അഗ്രിമ സ്ഥാനം ടാഗൂറിനു തന്നെ.

നിരന്തരമായ ഉപാസന വഴി നേടേണ്ട ഒന്നാണ് പരമാത്മാവുമായുള്ള മിസ്റ്റിക്ക് യോഗം. എന്നാൽ ഇരുപത്തിഒന്നാം വയസ്സിൽത്തന്നെ യോഗാനുഭൂതി അനുഭവിക്കുന്നതിന് ടാഗൂറിനു കഴിഞ്ഞിട്ടുണ്ട്. തന്റെ ആദ്യത്തെ യോഗാനുഭൂതിയെ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു: ''വൃക്ഷങ്ങളുടെ ഇലപ്പടർപ്പിലൂടെ സൂര്യനുദിക്കുന്നതു കണ്ടുകൊണ്ടു നില്ക്കുന്നതിനിടയിൽ, പെട്ടെന്ന് എന്റെ കണ്ണിൽനിന്ന് ഒരു മറ നീങ്ങിയപോലെ എനിക്കു തോന്നി. പ്രപഞ്ചമാസകലം അപരിമേയമായ ഒരു തേജസ്സിൽ മുഴുകിയതായും എല്ലാദിക്കിലും ആനന്ദവും സൗന്ദര്യവും ഓളം തല്ലുന്നതായും ഞാൻ കണ്ടു. എന്റെ ഹൃദയതലത്തെ വലയം ചെയ്തിരുന്ന വിഷാദാച്ഛാദനത്തെ ഞൊടിയിടകൊണ്ടു തട്ടിനീക്കി വിശ്വവ്യാപകമായ പ്രകാശം അന്തരംഗത്തിലെങ്ങും വഴിഞ്ഞൊഴുകി''. (''ലോകം പെട്ടെന്ന് അതിമനോഹരമായ ഒരു ഗാനമായി മാറി. തെരുവിലെ വീടുകൾ, അങ്ങുമിങ്ങും പോയ്ക്കൊണ്ടിരുന്ന ആളുകൾ, കളിക്കുന്ന കുട്ടികൾ– എല്ലാം ഏതോ ദിവ്യചൈതന്യത്തിന്റെ ഉജ്ജ്വലാംശങ്ങളായി എനിക്കു പ്രത്യക്ഷപ്പെട്ടു.'') ആ ദിവസം തന്നെയാണ് 'നിർഝരേർ സ്വപ്നഭംഗ്' എന്ന കവിത നിർഝരംപോലെ അദ്ദേഹത്തിൽനിന്നു പ്രവഹിച്ചതു്. ഈ ആനന്ദാനുഭൂതി അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നൊരിക്കലും വിട്ടുപോയില്ല.

പരമാത്മാവുമായുള്ള വികാരപരമായ ഈ താദാത്മ്യപ്രാപ്തിയെ ടാഗൂർ തന്റെ കവിതയിൽ പലേടത്തും പ്രകാശിപ്പിച്ചിട്ടുണ്ട്. ''നിത്യനായ എന്റെ സഖാവേ! സദാ എന്നെ അങ്ങു പുൽകി

പ്പുക്കി രൂപപ്പെടുത്തുന്നു. എപ്പോഴും അങ്ങ് എന്റെ കൂടെത്തന്നെ ആയിരുന്നു. ഭാവിയിലുമെന്റെകൂടെ ആയിരിക്കും.'' ('ഉത്സർഗ്ഗം') 'ഗീതാഞ്ജലി'യുടെ മുഖ്യഭാവം തന്നെ ഈ മിസ്റ്റിക് അനുഭൂതിയാണ്. ''നിശ നിശ്ശബ്ദമായിരുന്നപ്പോൾ അദ്ദേഹം എന്റെ ചാരത്തണഞ്ഞു. അദ്ദേഹത്തിന്റെ വേണു അദ്ദേഹത്തിന്റെ കരങ്ങളിൽ ഉണ്ടായിരുന്നു. അതിന്റെ സ്വരമാധുരിയിൽ എന്റെ സ്വപ്നങ്ങൾ പ്രതിധ്വനിതങ്ങളായി.'' ''അദ്ദേഹത്തിന്റെ നിശ്ശബ്ദമായ പാദസ്വരം നിങ്ങൾ ശ്രവിച്ചില്ലേ? അവിടുന്നു വരുന്നു; വരുന്നു; എന്നേരവും വരുന്നു. ഓരോ വിനാഴികയും, ഓരോ ദശയും, അഹോരാത്രം അവിടുന്നു വരുന്നു; വരുന്നു; എന്നേരവും വരുന്നു.'' ഈ വരികളിൽ പ്രകടമായിരിക്കുന്ന ദേവൈക്യഭാവം വളരെ ചുരുക്കം മിസ്റ്റിക്കുകളുടെ കവിതകളിൽ മാത്രമേ ദർശിക്കാൻ സാധിക്കൂ. പരമാത്മാവുമായി ഇത്രയേറെ ഐക്യം പ്രാപിച്ച മനുഷ്യാത്മാക്കളും ചുരുക്കമത്രെ.

പൊതുവേ മിസ്റ്റിസിസ്സം മതവുമായി കെട്ടുപിണഞ്ഞാണു കിടക്കുന്നത്. സെയിന്റ് അഗസ്റ്റിൻ, ജോൺ ഓഫ് ദി ക്രോസ്സ്, ഫ്രാൻസിസ് തോംപ്സൺ തുടങ്ങിയ മിസ്റ്റിക് ഗായകരെല്ലാം മതപരമായ ഉപാസനവഴി അങ്ങനെ ആയിത്തീർന്നവരാണ്. അവരുടെ മിസ്റ്റിക്ക് കവിതകൾ ആസ്വദിക്കുന്നതിന് മതവിജ്ഞാനം അനുപേക്ഷണീയമാണ്. എന്നാൽ ഏതെങ്കിലും മതത്തിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങിക്കൂടിയിരിക്കുന്ന ഒന്നല്ല ടാഗൂറിന്റെ മിസ്റ്റിസിസ്സം. അദ്ദേഹത്തിന്റെ കവിത ആസ്വദിക്കുന്നതിനു സങ്കുചിതാർത്ഥത്തിലുള്ള ഏതെങ്കിലും മതവിശ്വാസത്തിന്റെ ആവശ്യമൊട്ടില്ലതാനും. അജ്ഞാതമായതിനെ തേടിയുള്ള അലച്ചിൽ, പൂർണ്ണതയ്ക്കുവേണ്ടിയുള്ള ദാഹം, അതീന്ദ്രമായതിന്റെനേക്കുള്ള ആഗ്രഹം മുതലായവ എല്ലാ മനുഷ്യരിലും ഉള്ളതത്രെ. കൂടാതെ എല്ലാ മാനുഷികാനുഭൂതികളുടേയും ഉന്നതതലങ്ങളിൽ മിസ്റ്റിസിസ്സത്തിന്റെ ഒരംശമുണ്ട്. അനുഭവത്തിന്റെ ഈ ഉന്നതതലത്തിലേയ്ക്കുള്ള ഒരു ക്ഷണമാണ് ടാഗൂറിന്റെ മിസ്റ്റിസിസ്സം. തികച്ചും മാനുഷികമാണതിന്റെ ഭാവം.

എന്നാൽ ടാഗൂർമിസ്റ്റിസിസ്സത്തിന്റെ ശരിയായ പഠനത്തിന് ഉപനിഷദ്ജ്ഞാനം അത്യാവശ്യമാണ്. കവിയുടെ, ജീവിതമരണങ്ങളെക്കുറിച്ചുള്ള ചിന്തകളിലും ഈശ്വരസങ്കല്പത്തിലും ഉപനിഷദ് സ്വാധീനം സുതരാം വ്യക്തമായികാണാം. മൃത്യുവിനെ തന്റെ ദാസനും സഖാവുമായാണ് അദ്ദേഹം വീക്ഷിച്ചിട്ടുള്ളത്. കവി പാടുകയാണ്. ''മൃത്യുവേ! ജീവിതത്തിന്റെ അന്തിമ പൂർത്തീകരണമേ! എന്റെ മൃത്യുവേ, എന്റെ അടുത്തുവന്ന് എന്നോട് സ്വൈരപ്രഭാഷണം നടത്തുക. ദൈനംദിനം ഞാനങ്ങയെ കാത്തിരുന്നിട്ടുണ്ട്. അങ്ങേയ്ക്കുവേണ്ടി ഞാൻ ജീവിതത്തിന്റെ സുഖദു:ഖങ്ങൾ സഹിച്ചിട്ടുണ്ട്.''

മറ്റൊരിടത്ത് മരണം കഴിഞ്ഞുള്ള തന്റെ യാത്രയെക്കുറിച്ച് കവി ഗാനം ചെയ്യുന്നു. ''ഒഴിഞ്ഞ കരത്തോടും പ്രതീക്ഷാപൂർണ്ണ ഹൃദയത്തോടുംകൂടി ഞാൻ എന്റെ യാത്ര സമാരംഭിക്കുന്നു.........എന്റെ യാത്ര അവസാനിക്കുമ്പോൾ ദിനാന്തതാരം പ്രകാശിക്കുകയും, നൃപന്റെ പ്രവേശനദ്വാരത്തിൽനിന്ന് ദിനാന്തപ്രകാശത്തിലെ രാഗാലാപങ്ങൾ പുറപ്പെടുകയും ചെയ്യും''.

ഈ പ്രത്യാശ കവി സമ്പാദിച്ചത് ഉപനിഷത്തുക്കളിൽനിന്നാണ്.





അന്തർബഹിശ്ചതത്സർവ്വം
വ്യാപ്യനാരായണ: സ്ഥിത:

എന്ന ഉപനിഷത് സൂക്തത്തിലെ ഈശ്വരസങ്കല്പത്തെയാണ് ടാഗൂർ യോഗാനുഭൂതിയിൽ സാക്ഷാൽക്കരിക്കുന്നത്.

ഈശ്വരസാക്ഷാത്ക്കാരത്തിൽ നിന്നുളവാകുന്ന യോഗാനുഭൂതിയാണല്ലോ മിസ്റ്റിസിസ്സം? പരമാത്മാവുമായി താദാത്മ്യം പ്രാപിക്കുമ്പോൾ ജീവാത്മാവ് അവർണ്ണ്യവും അവാച്യവുമായ ഒരാനന്ദം അനുഭവിക്കുന്നു. ഈ ആനന്ദത്തെ അങ്ങനെ തന്നെ ആവിഷ്ക്കരിക്കുക അസാദ്ധ്യമാണ്. ഇവിടെ കവി പ്രതിരൂപങ്ങളെ അഭയം പ്രാപിക്കുന്നു. ഒരു നിരൂപകൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ ''മിസ്റ്റിസിസ്സം വസ്തുവാണെങ്കിൽ സിംബോളിസം നിഴലാണ്. മിസ്റ്റിക് കവിയാകുമ്പോൾ കൈക്കൊള്ളുന്ന ഊന്നുവടിയാണ് സിംബോളിസം''.

യാത്രികനും, കാമുകനും, ഗായകനും, വേണുവും, യാചകനും മറ്റുമാണ് പ്രായേണ മിസ്റ്റിക്കുകൾ ഉപയോഗിക്കാറുള്ള സിംബലുകൾ. ടാഗൂറും ഇവയൊക്കെത്തന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. ഈശ്വരാന്വേഷണത്തെ ഒരു യാത്രയായി സങ്കല്പിക്കുന്നവ, ഈശ്വരാന്വേഷണത്തെ ആന്തരജീവിതത്തിന്റെ ഉൽകൃഷ്ടപരിണാമമായി കാണുന്നവ, ഈശ്വരാന്വേഷണത്തെ ഒരു പ്രേമഭാവനയായി വീക്ഷിക്കുന്നവ എന്നിങ്ങനെ മൂന്നായി യോഗാത്മക കവിതയിലെ പ്രതിരൂപങ്ങളെ അണ്ടർഹിൽ എന്ന നിരൂപകൻ തിരിച്ചിട്ടുണ്ട്. ഇവയിൽ ഈശ്വരാന്വേഷണത്തെ ഒരു യാത്രയായും, ആന്തരജീവിതത്തിന്റെ ഉൽകൃഷ്ടപരിണാമമായും സങ്കല്പിക്കുന്ന പ്രതിരൂപങ്ങൾ ടാഗൂർക്കവിതയിൽ വിരളമാണ്. ടാഗൂറിന്റെ മിസ്റ്റിസിസ്സം അതിന്റെ സർവ്വവിധ പ്രത്യേകതകളോടുംകൂടി പ്രത്യക്ഷപ്പെടുന്ന 'ഗീതാഞ്ജലി'യിലെ ചില ഗീതകങ്ങളിൽ മാത്രമേ അത്തരം പ്രതിരൂപങ്ങൾ കടന്നുവരുന്നുള്ളു. എന്നാൽ ഈശ്വരാന്വേഷണത്തെ പ്രേമഭാവനയായി ചിത്രീകരിക്കുന്ന പ്രതിരൂപങ്ങൾ ടാഗൂർക്കവിതയിൽ ഉടനീളമുണ്ട്.

പ്രേമാനുഭൂതിയിൽനിന്നാണ് ടാഗൂർമിസ്റ്റിസിസ്സത്തിന്റെ ജന്മംതന്നെ. പരസ്പരം ഒന്നിക്കുവാനുള്ള അഭിവാഞ്ഛയിൽനിന്നുടലെടുക്കുന്ന സ്നേഹത്തിന്റെ ഉൽകൃഷ്ടപരിണാമമത്രെ യോഗാത്മകത്വം. മനുഷ്യജീവിതത്തിൽ സ്നേഹം ഏതെല്ലാം രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ അതെല്ലാം ടാഗൂർ തന്റെ കവിതയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കാമുകനെ കാത്തിരിക്കുന്ന കാമുകിയായും, ആരാധനാമൂർത്തിയെ ആരാധിക്കുന്ന ആരാധകനായും അമ്മയെ അന്വേഷിക്കുന്ന പിഞ്ചുപൈതലായും, ദാനം യാചിക്കുന്ന യാചകനായും മററും ഈശ്വരനെ അന്വേഷിക്കുന്ന തന്നെ കവി ചിത്രീകരിച്ചിട്ടുണ്ട്. ഗീതാഞ്ജലിയിലെ ആ നാല്പത്തി ഒന്നാം ഗീതകം നോക്കുക. ഒരു കാമുകി കാമുക സവിധത്തിൽ നടത്തുന്ന പ്രേമയാചനയിൽനിന്നു ലേശമെങ്കിലും ഭിന്നമാണോ അത്? ടാഗൂർ മിസ്റ്റിസിസ്സത്തിന്റെ മുഖമുദ്രയാണീ പ്രേമഭാവം. ഇതദ്ദേഹം ഒരു മിസ്റ്റിക് കവിയാണെന്നതിനെ ശങ്കിക്കുന്നതിനു തന്നെ ഇടയാക്കിയിട്ടുണ്ട്. എഡ്വേർഡ് തോംപ്സൺ ചോദിക്കുന്നു: ''പ്രേമത്തിന്റെയും യുവത്വത്തിന്റെയും മാതൃത്വത്തിന്റെയും ആവേശത്തെപ്പററി ആനന്ദോന്മാദത്തോടെ പാടുന്ന ഈ കവി എത്തുമാതിരി മിസ്റ്റിക്കാണ്?''

ടാഗൂർ മിസ്റ്റിസിസ്സത്തിന്റെ മറെറാരു ഉറവക്കണ്ണ് പ്രകൃതിയോടുള്ള ചങ്ങാത്തമത്രെ. വേറൊരു മിസ്റ്റിക് കവിയായ വേഡ്സ്വർത്തിനെപ്പോലെ ടാഗൂറും പ്ര

കൃതിയെ അതിരററുപാസിച്ചിരുന്നു. പ്രകൃതിയുമായി താൻ പ്രാപിച്ച വൈകാരികൈക്യത്തെ 'ഉത്സർഗ്ഗ'ത്തിലെ ഒരു കവിതയിൽ ഭംഗിയായി ആവിഷ്ക്കരിച്ചിട്ടുണ്ടദ്ദേഹം:

കുസുമഹൃദയത്തിൽ സ്പന്ദിക്കുന്ന സൗരഭ്യം, പ്രഭാതജ്യോതിസ്സിൽ തങ്ങിനിൽക്കുന്ന സംഗീതം, ശരത്ക്കാലത്തിലെ വെയിലിൽ മുങ്ങിത്തിളങ്ങുന്ന വയലുകളിൽ, സ്വർണ്ണത്തിൽനിന്നു പച്ചയിലേക്കുള്ള നിറപ്പകർച്ച—അതേ സൗരഭ്യമാണ് എന്റെ ശരീരം കരുപ്പിടിപ്പിച്ചതു്; അതേ സംഗീതമാണു പുളകവിഭ്രമങ്ങൾ എന്നിൽ ഉണർത്തുന്നതു്; അതേ തിളക്കമാണ് എന്റെ കണ്ണിൽ നിഴൽ വീശുന്നതു്; എന്നിൽത്തന്നെ എന്നെ ആർക്ക് അടക്കി നിർത്താൻ കഴിയും''? താനും പ്രകൃതിയും രണ്ടല്ല ഒന്നുതന്നെയാണെന്നബോധം അദ്ദേഹത്തിനുണ്ടായിരുന്നു.

പ്രകൃതിയോടുള്ള ചങ്ങാത്തവും പ്രേമാനുഭൂതിയും വഴി പരമാത്മചൈതന്യവുമായി വൈകാരിക ഐക്യം പ്രാപിച്ചപ്പോഴും ടാഗൂർ ജീവിതത്തെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിനു് മിസ്റ്റിസിസ്സം ജീവിതത്തിൽ നിന്നൊളിച്ചോടുവാനുള്ള ഒരുപായമായിരുന്നില്ല. സെയിൻറ് ബർണ്ണാർദ്ദും ഫ്രാൻസീസ് തോംപ്സണും മററും ജീവിതത്തിൽനിന്നു് ഓടിയകന്നാണ് ഈശ്വരനുമായി യോഗൈക്യം പ്രാപിച്ചതു്. എന്നാൽ ജീവിതത്തിലേക്കു കൂടുതലിറങ്ങിച്ചെന്നാണ് ടാഗൂർ ഈശ്വരനെ കണ്ടെത്തിയതും അദ്ദേഹത്തെ പ്രാപിച്ചതും. കവിയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക: ''മനോഹരമായ ഈ ലോകത്തിൽനിന്നു പെട്ടെന്ന് വിമുക്തി ലഭിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ആകാശം, ചക്രവാളം, സമുദ്രം എന്നിവയാൽ അനുഗൃഹീതമായ ഈ ഭൂമിയിൽ സ്വന്തം സഹോദരങ്ങളായ മനുഷ്യരുടെ ഇടയിൽ അവരോടൊപ്പം ജീവിക്കുന്നതിലാണ് എനിക്കു താത്പര്യം. വേറൊരിടത്തു് ടാഗൂർ വീണ്ടും പറയുന്നു: ''എല്ലാം വലിച്ചെറിഞ്ഞിട്ടുള്ള മുക്തി എനിക്കു വേണ്ട. എണ്ണമററ ബന്ധനങ്ങൾക്കിടയിൽ കിടന്നുതന്നെ മഹാനന്ദമയമായ മുക്തിയുടെ സ്വാദ് ഞാനനുഭവിച്ചുകൊള്ളാം,'' ചുരുക്കത്തിൽ, ''പ്രപഞ്ചയാഥാർത്ഥ്യങ്ങളെ തെല്ലും അവഗണിക്കാത്ത യോഗിയും പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ അദൃശ്യമായ ചൈതന്യത്തിന്റെ വീചികൾ സദാ ദർശിക്കുന്ന പ്രാപഞ്ചികനുമാണ് ടാഗൂർ.''

പ്രകൃതിയോടും മനുഷ്യരോടുമുള്ള സ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ ഒന്നാണ് ടാഗൂറിന്റെ മിസ്റ്റിസിസ്സം. കളകളഗാനം പൊഴിച്ചൊഴുകുന്ന കൊച്ചരുവികളോടും, പ്രഭാതാനിലനിൽ മന്ദമന്ദം ചാഞ്ചാടുന്ന തരുലതകളോടും, കർണ്ണാനന്ദകരമായ ശബ്ദവീചികൾ പുറപ്പെടുവിച്ചുകൊണ്ട് ചിറകിട്ടടിച്ച് വിഹായസ്സിലേയ്ക്കുയരുന്ന വിഹഗങ്ങളോടും, മൈതാനത്തിലങ്ങുമിങ്ങും മേഞ്ഞുനടക്കുന്ന കാലിക്കൂട്ടങ്ങളോടും, തായതൻ മുലപ്പാൽ നുകരുന്ന പിഞ്ചുപൈതലിനോടും, പ്രതീക്ഷയുടെ നിറകുംഭങ്ങളായ യുവജനങ്ങളോടും, ജീവിതപ്രാരാബ്ധങ്ങളുടെ കനത്ത ഭാരം പേറുന്ന സഹോദരങ്ങളോടും അദ്ദേഹത്തിനു തോന്നിയ പ്രേമം ഈശ്വരാഭിമുഖമായി പരിണാമം പ്രാപിച്ചതാണ് ആ മിസ്റ്റിസിസ്സം. ജീവിതത്തിൽ നിന്നൊളിച്ചോടുവാനല്ല, ജീവിതത്തെ സ്നേഹിക്കുവാനും, ജീവിത പ്രാരാബ്ധങ്ങളെ വിജയപൂർവ്വം അഭിമുഖീകരിക്കുവാനുമാണ് ടാഗൂർ നമ്മെ ആഹ്വാനം ചെയ്യുന്നതു്.





# വൈരുദ്ധ്യങ്ങൾ

എം. എം. റോസിലി

നിശ്ചലയായ് നിന്നവിടൊരു സായം
സന്ധ്യയിൽ ഞാനൊററയ്ക്കപ്പോൾ
പശ്ചിമ സൂര്യൻ പാർത്തലമാകെ
തങ്കച്ചാർത്തണിയിക്കുകയായ്........!

വെൺമ കലർന്നൊരു മേഘക്കീറുകൾ
കുങ്കുമനീരിൽ മുക്കിയപോൽ
വിണ്ണിൽ നിരന്നു-മാലാഖകളുടെ
മഞ്ചലിറങ്ങും താഴ്‌വരയിൽ........

''എവിടുന്നെവിടുന്നെങ്ങിനെ വന്നീ
പ്രാഭവമുററ കലാകാരൻ—
എന്റെ മനസ്സിലുദിച്ചോരു ചോദ്യം—
എല്ലാചേലും പകരുന്നോൻ''?

എതിരേ തേരുതെളിക്കും പൂകാ—
ററാരും കേൾക്കാതറിയിച്ചു.
''എത്രനിറങ്ങളിലെത്ര രഥങ്ങളി—
ലെഴുന്നള്ളുന്നൂയുഗശില്പി........''

ഞൊടിയിടകൊണ്ടാ കുങ്കുമവർണ്ണമ—
തെങ്ങോമാഞ്ഞുമറഞ്ഞപ്പോൾ
ചുടുനെടുവീർപ്പായ് മാറിയതെന്തേ
കുളിരുവിതക്കും പൂന്തെന്നൽ?

പാരിടമാകെയിരുട്ടിൽ മൂടപ്പ—
ടത്തിലമർന്നണരുമ്പോൾ
പൊട്ടിവിരിഞ്ഞുവാനിൻ നെററുകയി—
ലുജ്ജ്വലനാളം നവതാരം........!

കതിർമഴപെയ്യു കനകക്കതിർമഴ
മാനത്തഴകിൻ 'കാഴ്ച'യുമായ്

നിരനിരയെത്തിയൊരായിരമലരുകൾ
'കാണാക്കാട്ടം പൂത്തല്ലോ........'

വിവിധവികാരമലച്ചും മാമക
ഹൃത്തിലുലഞ്ഞു രോമാഞ്ചം
വിടരാൻ വെമ്പിട്ടമെന്നാത്മാവി—
ന്നിതളിലലിഞ്ഞു നിർവ്വാണം.......!

കണ്ണുകൾ ചിമ്മാതങ്ങനെനോക്കി
യിരിക്കാനെന്തൊരു പരിമോദം.
കണ്ണിലിരിക്കും കണ്ണിനു കളിരും
കുളുകവുമരുളും താരകളേ........

മാമക ഹൃത്തിലൊരാശയുദിച്ചിവ
''മായാതിങ്ങനെ നിന്നെങ്കിൽ........''
മാദക ലഹരിയിലെല്ലാമെല്ലാം
മറന്നിരിക്കാമെന്നെന്നും........!

എന്നിലെയെന്നെ, നയിക്കും നാദ—
മുയർന്നു മാററമനിർവാര്യം........
''മന്നിൽ വെളിച്ചവുമിരുളും തമ്മി—
ലൊളിച്ചുകളിക്കുന്നിപ്പോഴും........''





# മലയാളത്തിലെ

# കെടാവിളക്ക്

P. E. Varghese II B. Sc.

"ഞാനൊന്നുറങ്ങിയിട്ട് ദിവസങ്ങൾ അല്ല, മാസങ്ങൾ വളരെയായി! കഠിനമായ ഹൃദയവേദന! ഇങ്ങനെ അല്പാല്പമായി മരിച്ചുകൊണ്ട് എന്റെ അവസാന ദിവസത്തെ പ്രതീക്ഷിക്കുവാൻ ഞാൻ അശക്തനാണ്. ഒരു കമ്മ്യൂണിസ്റ്റാകുവാൻ നോക്കി; ഒരു ഭ്രാന്തനായി മാറുവാനാണ് ഭാവം!''

''എന്റെ രക്ഷിതാക്കളുടെ ഔദാര്യമെല്ലാം എന്റെ ആത്മാഭിമാനത്തെ പാതാളംവരേയും മർദ്ദിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാഭാരമായിട്ടാണ് തീരുന്നതു്. ഞാൻ ശ്വസിക്കുന്ന വായു ആകമാനം ലേിമസമാണ്. ഞാൻ കഴിക്കുന്ന ആഹാരമെല്ലാം ദാസ്യത്തിന്റെ കല്ലു കടിക്കുന്നവയാണ്. ഞാൻ ഉടുക്കുന്ന വസ്ത്രംപോലും പാരതന്ത്ര്യത്തിന്റെ കാരിരുമ്പാണി നിറഞ്ഞതാണ്.''

''പ്രവർത്തിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ആശിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, സ്നേഹിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക ഈ മൂന്നിലുമാണ് ലോകത്തിലെ സുഖം അന്തർവേിച്ചിരിക്കുന്നതു്. ഇവയിലെല്ലാം എനിക്കു നിരാശയാണനുഭവം. എനിക്ക് ഏക രക്ഷാമാർഗ്ഗം മരണമാണ്—അതിനെ ഞാൻ സസന്തോഷം വരിക്കുന്നു. എന്റെ ഈ വേർപാടിൽ ആർക്കും മനസ്സാ, വാചാ, കർമ്മണാ നഷ്ടമോ ഉത്തരവാദിത്വമോ ഇല്ല..........എനിക്കു പാട്ടുപാടുവാനാഗ്രഹമുണ്ട്; എന്റെ മുരളി തകർന്നുപോയി''.

നിശയുടെ നിശബ്ദതയിൽ നിരാശയുടെ മൂടുപടത്തിനുള്ളിലിരുന്നുകൊണ്ട് കൊല്ലവർഷം ആയിരത്തിഒരുനൂററിപതിനൊന്ന് മിഥുനമാസം പന്ത്രണ്ടാം തീയതി ചൈതന്യമാന്ന കണ്ണുകളും വിഷാദകലുഷിതമായ മുഖവുമായി ഗദ്ഗദം മാറാല കെട്ടിയ വാക്കുകളിൽ പ്രേമനൈരാശ്യം മൂലം —പ്രണയ വഞ്ചന മൂലം — മററു ലോകത്തോട് പിരിയുകയല്ലാതെ ഒരു നൈരാശ്യം ഗതിയില്ലെന്നു തീരുമാനിച്ച ഒരു നൈരാശ്യഭരിതൻ—ഇടപ്പള്ളി. ആർ. രാഘവൻപിള്ള ആത്മഹത്യ ചെയ്യുന്നതിനല്പം മുമ്പു കുത്തിക്കുറിച്ച കറെ വാക്കുകളാണിവ. അണയാറായ ഒരു ദീപനാളത്തിന്റെ അ

വസാന ചലനമായിരുന്ന അതു്. ജീവിതവും സ്വാഭാവികമായുണ്ടായ പ്രേമവും, സ്വാർത്ഥതയും കടിലതയും നിറഞ്ഞ ലോകനീതികളുടെ ഏററുമുട്ടൽനിമിത്തം നേരിട്ട ക്ഷതങ്ങളുംമൂലം വഴി മുട്ടിനിന്നപ്പോഠം മരണം അദ്ദേഹത്തിനു് പടിവാതൽ തുറന്നുകൊടുത്തു. അദ്ദേഹമതു് ഹൃദയംഗമമായി സ്വീകരിച്ചു..........!

ഇടപ്പള്ളി ആയിരത്തിഎൺപത്തിനാലാമാണ്ടു് ഇടപ്പള്ളിയിലെ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. വിധിയുടെ ക്രൂരമായ വിനോദം ഈ ബാലനെ മാതൃലാളനം അനുഭവിക്കുവാൻ പോലും അനുവദിച്ചില്ല. പരാശ്രയത്താൽ ദാരിദ്ര്യദുഃഖത്തിൻെറ നടുവിലൂടെ കഴിച്ചു് സ്കൂൾ ഫൈനൽ ക്ലാസ്സിൽ വരെ എത്തി. അച്ഛൻെറ പുനർ വിവാഹം ഇദ്ദേഹത്തെ വീർപ്പുമുട്ടിച്ചുകൊണ്ടുതന്നെയിരുന്നു. തീരാത്ത വേദനയായിരുന്നു ബാല്യംമുതൽ ഇടപ്പള്ളിയ്ക്കു് സ്വാഗതമരുളിക്കൊണ്ടിരുന്നതു്. യുവത്വത്തിൻെറ രക്തത്തിളപ്പിൽ പ്രതിബന്ധങ്ങളെ തട്ടിതകർക്കുവാൻ ശ്രമിച്ചു. പക്ഷേ ജീവിതസുഖങ്ങഠംക്കുവേണ്ടി കാംക്ഷിച്ച ഈ യുവാവിൻെറ മുമ്പിൽ വിധി കനത്ത കോട്ടകഠം കെട്ടുകയാണുണ്ടായതു്. സ്നേഹത്തിൻെറ അടങ്ങാത്ത ദാഹവുമായി രാഘവൻപിള്ള ഒരോ പടിവാതലുകളിലും മുട്ടി. പക്ഷേ, അവയെല്ലാം കൊട്ടിയടയ്ക്കപ്പെട്ടു. അതോടെ അദ്ദേഹത്തിൻെറ ജീവിതം തളച്ചുയിലേയ്ക്കു നീങ്ങുവാൻ തുടങ്ങി.

''മിഴിതുറന്നൊന്നു നോക്കവേ
കാരിരു—
മ്പഴികഠം തട്ടിത്തഴമ്പിച്ചതാണു
ഞാൻ
തടവെഴാ പ്രേമദാരിദ്ര്യബാധയാൽ
തടവുകാരനായിത്തീർന്നവനാണു
ഞാൻ.''

ഇടപ്പള്ളി തൻെറ ഭൂതകാലത്തെപ്പററി അയവിറക്കുകയാണു്.

ഇന്നുമെന്നും ഉറക്കളിരോടുകൂടെ അല്ലാതെ ദുരന്തം വരിച്ച ആ പ്രേമഗായകനെപ്പററി ഒരു മലയാളിക്കും ഓർക്കുക സാദ്ധ്യമല്ല. കവിയുടെ ക്രാന്തിദർശിത്വവും കവിതാത്മകത്വവും സർഗ്ഗശക്തിയും പ്രതിഭയും കൈമുതലായുണ്ടായിരുന്ന ഒരു പ്രതിഭാശാലിയായിരുന്നു ഇടപ്പള്ളി. പക്ഷേ ''മേഘജ്യോതിസ്സുതൻ ക്ഷണികജീവിത''മേ ഇടപ്പള്ളിക്കുണ്ടായിരുന്നുള്ളു. പക്ഷേ ഈ അല്പകാലത്തിനുള്ളിൽ വായനക്കാരുടെ ഹൃദയത്തിൽ മൃദുലഭാവങ്ങളുടെ ഒരിലൂമിനേഷൻ'' നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇത്ര ചുരുങ്ങിയ കാലത്തിനുള്ളിൽ ഇങ്ങനെ ''ഒരിലൂമിനേഷൻ'' നടത്താൻ മറെറാരുത്തർക്കും സാധിച്ചിട്ടില്ല. ''അക്കവിയുടെ കാവ്യം ഒന്നു രണ്ടു വരികളെന്നാലും അല്പലററു ഹൃദിസ്ഥമാക്കാത്ത ഒറെറാരാളും ഇല്ല'' എന്ന അവസ്ഥ ഇടപ്പള്ളിക്കവിതകഠംക്കുണ്ടായതിൽ അത്ഭുതപ്പെടാനില്ല.

സമത്വസുന്ദരവും യാതനാനിർഭരവുമായ ഒരു പുതിയ ലോകത്തെ അദ്ദേഹം വിഭാവനംചെയ്തു. ലോകത്തു് ഇപ്പോഠം കാണുന്ന അനീതികളും അക്രമങ്ങളും അസമത്വങ്ങളും ക്രൂരതകളും സ്പർശിക്കാത്ത ഒരു സ്വർഗ്ഗീയ സാമ്രാജ്യത്തെ സ്വന്തം ഭാവനകൊണ്ടു് വിഭാവനം ചെയ്തു. സങ്കല്പസുന്ദരമായ ആ സാമ്രാജ്യവും ഇന്നത്തെ മാനുഷികലോകവും തമ്മിലുള്ള അന്തരം അദ്ദേഹത്തെ നിരാശാഭരിതനാക്കി. താൻ ഏതൊരു നീതിയ്ക്കുവേണ്ടി വിത്തിട്ടോ ആ നീതിയുടെ വിളവു് തന്നെക്കൊണ്ടെടുപ്പിക്കുകയില്ലെന്ന ബോധത്താൽ ഇടപ്പള്ളിയുടെ ഹൃദയം വിഷാദാത്മകമായിത്തീർന്നു. താൻ വിഭാവനംചെയ്ത സ്വർഗ്ഗീയസാമ്രാജ്യം ദുഷ്പ്രാപ്യമാണെന്നു് അദ്ദേഹത്തിനു





# Our Contributors


Mathai T. M.


Thomas B. K.


George A. D.


Usha Jose


Mathew V. L.


Jose P. V.


Ciciliamma George


Francis P. J.


Albert K. J.


Konthalam M. P.



Sadasivan Pillai M.N.



Vijayan N.



George Joseph



Jacob John Kattakayam



Jose Sebastian



Krishnakumar K. P.



Jayaprakash Mad



Abraham T. M.



Hari R.



Mathai Mathew



Hafsa Beevi


## Jos Studio, Thodupuzha

**Kerala (Ested 1951)**

**Prop:- Jos N. M.**

ജോസ് സ്റ്റുഡിയോക്ക് എന്താണ് പ്രത്യേകത? വല്ലതുമുണ്ടോ? ഉണ്ട്. തീർച്ചയായും ഉണ്ട്.

ഞങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം നിങ്ങൾക്ക് ആത്മാർത്ഥമായി സേവനം ചെയ്യുകയെന്നുള്ളതാണ്.

ചാർജ്ജുനിരക്കിൽ മിതത്വം പാലിക്കുകയെന്നതു് നിബ്ബന്ധമുള്ള മറ്റൊരു കാര്യമാണ്.

ഫോട്ടോസംബന്ധമായ നിങ്ങളുടെ ഏതൊരാവശ്യവും (എത്ര നിസ്സാരമായാലും) സവിശേഷശ്രദ്ധയോടും പൂർണ്ണഉത്തരവാദിത്വത്തോടും കൂടി മാത്രമെ കൈകാര്യം ചെയ്യൂ, എന്നു ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ജോസ് സ്റ്റുഡിയോക്ക് പ്രത്യേകത അവകാശപ്പെടാൻ ഇതുകം പോരെ?

പോരെങ്കിൽ നിങ്ങൾ ഒന്നു പരീക്ഷിക്കുക!!! ഫോട്ടോസംബന്ധമായ ഏതൊരാവശ്യവുമായി സമീപിച്ചു നേരിട്ടറിയുക.

**ജോസ് സ്റ്റുഡിയോ, തൊടുപുഴ**

**ബോംബെ ഹോട്ടൽ**

ആൻറ്

**ടീ ഷോപ്പ്**

**കോളേജ് വ്യൂ — തൊടുപുഴ**

പാർട്ടി ഓർഡറുകൾ കൃത്യസമയത്തു ചെയ്തു കൊടുക്കുന്നതാണ്.

Prop: C. M. S.

Phone 178

Gram. METRO

# THE METRO SALOON

## THODUPUZHA

**Beautiful and Wonderful Hair Dressing Saloon in THODUPUZHA**

**Reserve Your Seats**

Prop: K. RAJAPPEN

# UNION HADRWARES

Phone 170

MARKET ROAD

THODUPUZHA

Dealers in;—

IRON & STEEL
CEMENTS
PIPE & PIPE FITTINGS
ASBESTOS
PAINTS
BUILDING MATERIALS
ETC.

Stockists of.-

GOODLASS NEROLAC PAINTS Ltd
EAST INDIA PAINT & CHEMICAL WORKS Ltd
DALMIA CEMENT (BHARAT) Ltd
HYDERABAD ASBESTOS Ltd
ADDISON PAINTS & CHEMICALS Ltd MADRAS

Phone No: 93

## തൊടുപുഴ സഹകരണബാങ്ക് (ക്ലിപ്തം)

നമ്പർ 394

തൊടുപുഴ

എല്ലാവിധ ബാങ്കിംഗ് പ്രവർത്തനങ്ങളും നടത്തുന്നു.

ഡിപ്പോസിററുകൾക്ക് ആകർഷകമായ പലിശനിരക്കുകൾ:

കറൻറ് — 1%
സേവിംഗ്സ് — 4½%
ഫിക്സഡ് — 8% വരെ

കൂടുതൽ വിവരങ്ങൾക്ക് ബാങ്കാഫീസിൽ അന്വേഷിക്കുക.

സെക്രട്ടറി.


തന്നെ മനസ്സിലായി. അദ്ദേഹത്തിൻെറ ഈ വിചാരഗതി കവിതകളിലൂടെ പ്രവഹിക്കുവാൻ തുടങ്ങി. അനുവാചകരെ കരയിപ്പുവാനുള്ള അനിതരസാധാരണമായ കഴിവ് ഇടപ്പള്ളിയ്ക്കുണ്ടായിരുന്നു. തൻെറ പാനപാത്രം കണ്ണീരിൽ തുളുമ്പുമ്പോഴും

''സഹതപിക്കാത്ത ലോകമേ!
എന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നുററ തോഴരാം
കനകതൂലികേ കാനന പ്രാന്തമേ!
..................................................
..................................................
പിരിയുകയായിതാ ഞാനൊരധ:
കൃതൻ
കരയുവാനായ് പിറന്നൊരു
കാമുകൻ
മണലടിഞ്ഞുമയങ്ങിക്കിടക്കട്ടെ
പ്രണയമററതാമീ മൺ പ്രദീപകം''

എന്നു് തികഞ്ഞ നിസ്സഹായതയോടെ വിലപിക്കുന്ന കവിയോടൊപ്പം അനുവാചകർക്കും കണ്ണീരൊഴുക്കുവാതിരിക്കുവാൻ കഴിയുമോ?

കഷ്ടിച്ച് ഏഴോ എട്ടോ സംവത്സരക്കാലത്തെ സാഹിത്യജീവിതമേ ഇടപ്പള്ളിയ്ക്കുണ്ടായിരുന്നുള്ളു. അദ്ദേഹം തൻെറ ചുരുങ്ങിയ ജീവിതകാലം മുഴവൻ സ്നേഹത്തിനും സമാധാനത്തിനുംവേണ്ടി കാംക്ഷിച്ചു. അസ്വസ്ഥതയും അവഹേളനവും മാത്രം ലഭിച്ചു! ഇതോടെ ഊററമേറിയ വിപരീത ശക്തികളോടുള്ള സംഘട്ടനത്തിൽ പററിയ പരാജയത്തിൻെറ കരച്ചിൽ അദ്ദേഹം മുഴക്കുവാൻ തുടങ്ങി. ലോകത്തിൻെറ കാപട്യത്തെയും നിർദ്ദയതയേയും ചൊല്ലി അദ്ദേഹം വിലപിച്ചു. ഇടപ്പള്ളി അവസാനത്തിലെഴുതിയ 'മണിനാദ'ത്തിൽ ലോകജീവിതത്തിലെ കപടവേഷങ്ങളും അഭിനയങ്ങളും നിർവഹിക്കുവാൻ താൻ പഠിച്ചിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. 'എൻെറ ജീവിതം' എന്ന ആദ്യത്തെ കവനത്തിൽതന്നെ കവിയുടെ വിഷാദാത്മകത്വം പൂർണ്ണമായി പ്രകാശിക്കുന്നുണ്ട്. കവിതയുടെ ജീവിതാശയുള്ളിലെ നൈരാശ്യം, .ജീവിതത്തിൻെറ ക്ഷണികതാബോധം, പ്രകൃതിയുടെ അനുകമ്പാർദ്രമായ ഭാവം, മനുഷ്യപ്രകൃതിയുടെ നൈഷ്ഠുര്യം — ഇവയെല്ലാം ഈ പദ്യത്തിൽ പരിസ്ഫുരിക്കുന്നു.

ചുററുപാടും നോക്കുന്നിടത്തെങ്ങും ജീവിതത്തിനു് ആശ്വാസമരുളുന്ന ഒരു ഇരുമ്പുപോലും അദ്ദേഹത്തിനു് കാണുവാൻ കഴിഞ്ഞില്ല. അപ്പോഴും ജീവിതത്തിലെ എല്ലാ വേദനകളും ഒപ്പിയെടുക്കുവാൻ കഴിവുള്ള സുഹൃത്തിനെ അദ്ദേഹം കണ്ടെത്തി. മരണം.......! അഭിലാഷങ്ങളെല്ലാം മണ്ണടിഞ്ഞപ്പോഴും — മാനുഷികസുഖാഭിലാഷങ്ങളുടെ കരുതിക്കളമായ ലോകത്തുനിന്നും രക്ഷനേടുവാനദ്ദേഹം ആഗ്രഹിച്ചു..........മരണം! അദ്ദേഹം മരണത്തെ വരിക്കുവാൻ തന്നെ തീരുമാനിച്ചു.

''മരണം; മനോഹരപ്പച്ചില
വിരിപ്പിട്ട
ഗിരിതൻ സാനുപ്രാന്തം തഴുകും
തരംഗിണി
..................................................
..................................................
നിത്യസൗന്ദര്യത്തിൻെറ നർത്തനരംഗ
മെത്തുവാനായിട്ടെൻ മാനസം
പതറുന്നു?

ഇടപ്പള്ളിയിൽ, വികാരലോലമായ ഒരു ജീവിതത്തിൽ പ്രതികൂലമായ ജീവിതാനുഭവങ്ങളും ഉണ്ടാക്കുന്ന പരാജയബോധം തെളിഞ്ഞു കാണാം. കഴിഞ്ഞ കാലങ്ങളായിരുന്നു നല്ലതെന്നും കൂടുതൽ ജീവിച്ചിരിക്കുന്നതിനേക്കാൾ മരണമാണു് ഭേ

മെന്നുമുള്ള ചിന്താഗതി ഇടപ്പള്ളിയുടെ ആദ്യകാല കവിതകൾമുതൽതന്നെ കാണുവാൻ സാധിക്കും.

> ''വിരിഞ്ഞൊരിസ്സുമം കരിഞ്ഞു
> വീഴ്‌വോളം
> കരിഞ്ഞുതന്നെ മേൽ കഴിച്ചീടാം
> കാലം''

എന്നും മററുമുള്ള വരികളിൽ കവിയുടെ വിഷാദാത്മകത്വം നിഴലിച്ചു കാണാം. ഇരുണ്ട വീക്ഷണഗതിയും നൈരാശ്യവും മരണം വരിക്കാനുള്ള അതിയായ ആഗ്രഹവും മുററിനിന്നിരുന്ന ഈ കവിയുടെ ഹൃദയം തൊട്ടാവാടിപോലെ ക്ഷിപ്രസ്പർശിയായിരുന്നു. സ്ത്രീസഹജമായ സ്വഭാവത്തിന്റെ മൂർത്തീകരണമായിരുന്നു ഇടപ്പള്ളി. പ്രേമമെന്ന മാനുഷിക മൂല്യത്തെ അദ്ദേഹം ദൈവീകത്വത്തിലേയ്ക്ക് ഉയർത്തി. അദ്ദേഹം പ്രേമിക്കുക മാത്രമല്ല ആരാധിക്കുക കൂടിചെയ്തു. അതു് കേവലം ''പ്രായോഗിക പ്രേമ''മായിരുന്നില്ല; പിന്നയോ, ''ആദർശപ്രേമ''മായിരുന്നു. ആ ''ആദർശപ്രേമ''ത്തിന്റെ ബലിപീഠത്തിൽ ആ കവി ജീവിതമവസാനിപ്പിച്ചു.

''From world's bitter wind seek shelter under the shadow of the Tomb'' എന്നുപറഞ്ഞ ഷെല്ലിയും ജോൺ കീററ്സും ലിയോപ്പോർഡിയും എല്ലാം ഇടപ്പള്ളിയുടെ വഴികാട്ടികളായിരുന്നു. ജീവിതഭാരങ്ങൾപേറി തളർന്നു വീണതല്ലായിരുന്നു അദ്ദേഹത്തിന്റെ ആത്മാവു്. ''സമ്പത്തിന്റെയും സമുദായത്തിന്റെയും കിങ്കരന്മാരായ അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും വ്യക്തികളെ ശ്വാസംമുട്ടിക്കാതിരുന്നിരുന്നെങ്കിൽ, ധീഷണാവിലാസത്തിനുമുമ്പിൽ പാരമ്പര്യ മഹിമ വിലങ്ങടിച്ചുനില്ലാതിരുന്നുവെങ്കിൽ, മനുഷ്യത്വത്തിനു് മാനവസമുദായത്തിലേയ്ക്കു് ഉയരുവാൻ കഴിവുണ്ടായിരുന്നുവെങ്കിൽ ഇടപ്പള്ളി ഇന്നു മലയാളസാഹിത്യത്തിനു നഷ്ടപ്പെടുകയില്ലായിരുന്നു''.

ഇടപ്പള്ളിയുടെ പ്രേമനൈരാശ്യത്തെയും ദുരന്തത്തെയും ഇതിവൃത്തമാക്കി ചങ്ങമ്പുഴ നിർമ്മിച്ചിട്ടുള്ള ഒരു കൃതിയാണ് 'രമണൻ'. പ്രേമത്തിന്റെ യാഗപീഠത്തിനുമുമ്പിൽ ജീവിതം ബലിയർപ്പിച്ച ആ ഗാന ഗന്ധർവ്വന്റെ സ്മരണയ്ക്കുമുമ്പിൽ തൂലികയാൽ 'താജ്മഹൽ' പടുത്തുയർത്തിയ ചങ്ങമ്പുഴ ഒരാത്മസുഹൃത്തിനു് നിർവഹിക്കുവാനുള്ള കടമ പ്രശംസനീയമാംവണ്ണം ചെയ്തു് കൃതാർത്ഥതയടയുകയാണ്.

'രമണ'നിൽകൂടി സ്ത്രീകളുടെ വിശ്വാസവഞ്ചനയേയും അവരിൽ ഉൾക്കൊള്ളുന്ന സ്നേഹപ്രകടനങ്ങളേയും മലയാളത്തിലെ ആ വാനമ്പാടി ചേതസ്സമാകർഷമായ വിധത്തിൽ വരച്ചുകാട്ടിയിരിക്കുന്നു. രമണന്റെ ദാമ്പത്യത്തിനു് വിഘാതകാരിയായിനിന്നു് ആ യുവാവിനെ ദുരന്തത്തിൽ ചെന്നെത്തിച്ച സാമൂഹ്യമായ ഉച്ചനീചത്വത്തിന്റേയും ആഭിജാത്യത്തിന്റേയുംനേരെ ചങ്ങമ്പുഴ തീക്ഷ്ണമായ വിമർശനശരങ്ങൾ തന്നെ പ്രയോഗിച്ചിരിക്കുന്നു.

തന്റെ ക്ഷണിക ജീവിതകാലത്തിനുള്ളിൽ ഇടപ്പള്ളി ആഴ്ചപ്പതിപ്പുകളിലും മാസികകളിലും ആയി പ്രസിദ്ധപ്പെടുത്തിയ കവിതകളെല്ലാംകൂടി ''ഇടപ്പള്ളി കൃതികൾ'' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ പ്രധാന കവിതാസമാഹാരങ്ങൾ മണിനാദം, നവസൗരഭ്യം, ഹൃദയസ്മിതം, തുഷാരഹാരം, അവ്യക്തഗീതം എന്നിവയാണു്. ഇതിൽ ഏററവും ഹൃദയസ്പർശിയായിട്ടുള്ളതു് അവസാനമെഴുതിയിട്ടുള്ളതും മരണശേഷം പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ 'മണിനാദ'മാണു്. 'കാട്ടാറിന്റെ കരച്ചി'ലിൽ കവിയുടെ വിചാരവീക്ഷണഗതികൾ വ്യക്തമായി കാണാം. എങ്കിലും പ്രേമത്തിന്റെ പ്രകാശം ചൊരിഞ്ഞുകൊണ്ടിരുന്ന ചില സാഹചര്യങ്ങൾ ആശ്വാസകങ്ങളാണു്. 'ഞങ്ങൾ' എന്ന കവിതയിൽ അത്തരം സ്മരണകൾ രേഖപ്പെടുത്തുമ്പോൾ കവിയുടെ ശോകതപ്തമായ ഹൃദയം അഭൌമമായ ആനന്ദരസം നുണഞ്ഞിറക്കുവാൻ ശ്രമിക്കുകയാണു് ചെയ്യുന്നതു്.

സ്വന്തം സ്വപ്നങ്ങളുടേയും അനുഭവങ്ങളുടേയും ഊഷ്മളത ഇടപ്പള്ളിയുടെ കവിതകൾക്കു് ഒരു പ്രത്യേക ചൈതന്യം തന്നെ നല്കിയിട്ടുണ്ടു്. അദ്ദേഹം തന്റെ ജീവിതപരവും മാനസികവുമായ അനുഭവങ്ങളെ കവിതകളാക്കി. അതുകൊണ്ടു തന്നെ അതിൽ വിഷാദാത്മകത്വം ധ്വനിച്ചുകാണാം. ആ വിഷാദത്തിനവലംബം പ്രേമനൈരാശ്യങ്ങളുമായിരുന്നു. ആ പ്രേമനൈരാശ്യം കൂടുതൽ തീവ്രമായപ്പോൾ അദ്ദേഹം ആത്മഹത്യചെയ്തു.

ആത്മാർത്ഥതയുള്ള മനുഷ്യനുവേണ്ടി ചെയ്യപ്പെടുന്ന വാദങ്ങളെല്ലാം വ്യർത്ഥമല്ല ചെയ്യപ്പെടുന്ന... 



# തെററു്

എം. പി. വിജയൻനായർ II P. D. C.

മഞ്ഞച്ചായം തേച്ച കളക്ടറേറ്റ്കെട്ടിടത്തിനു് മുമ്പിൽ ചെറുപ്പക്കാരൻ നിന്നു. മുഷിഞ്ഞു കീറിയ ഷർട്ട് വിയർപ്പിൽ നനഞ്ഞിരുന്നു. രാത്രിയുടെ വരവിനു് പകൽ വഴിമാറി കൊടുക്കുകയാണു്. വഴിവിളക്കുകൾ പെട്ടെന്നു് തെളിഞ്ഞപ്പോൾ അങ്ങു വിദൂരതവരെ അവ നിരനിരയായി കത്തുന്നതു കണ്ടു.

മുമ്പോട്ടു് നടന്നു; യാതൊരു ലക്ഷ്യവും ഇല്ലാതെ. ക്രിസ്ത്യൻ പള്ളിയുടെ മുമ്പിൽ ചെന്നപ്പോൾ കാലുകൾ നിശ്ചേഷ്ടങ്ങളായി. തല ഉയർത്തിപ്പിടിച്ചു നില്ക്കുന്ന ആ ദേവാലയത്തിലേയ്ക്കു് അയാൾ അറിയാതെ നോക്കിപ്പോയി.

വയ്യ.........അമ്പലങ്ങളും, പള്ളികളും തനിക്കു കാണുവാൻ വയ്യ.

എന്തു്?........ താൻ നിരീശ്വരവാദിയാണോ?

അല്ല. പിന്നെന്തുകൊണ്ടു് തനിക്കു് ദേവാലയങ്ങൾ കണ്ടു കൂടാ.

തന്നോടു്തന്നെ ചോദിക്കേണ്ടതാണു് ഈ ഉത്തരം കിട്ടാത്ത ചോദ്യം. പള്ളികളിലെ കുരിശു കാണുമ്പോൾ താൻ അറിയാതെ ഞെട്ടുന്നു. മനുഷ്യസ്നേഹിയായ ആ ദൈവപുത്രനെ തറച്ച കുരിശു് കാണുമ്പോൾ താൻ എന്തിനു് ഞെട്ടണം?

വയ്യ........ഇന്നു് തനിക്കു് ഞെട്ടാതെ വയ്യ. കഴിഞ്ഞകാലത്തിന്റെ ചിതറിയ ഏടുകൾ അവ്യക്തതയിൽ ആണ്ടുകിടക്കുന്നു. ഒന്നും വ്യക്തമല്ല. ഓർമ്മകളുടെ ശവമഞ്ചം തലയിൽ ഇരിക്കുന്നു; ഒരിക്കലും ഇറക്കിവയ്ക്കാൻ പററാത്ത ഭാരം. ഒരു അത്താണിയും ആ ഭാരം താങ്ങുകയില്ല. അതു തനിക്കു് മാത്രമുള്ളതാണു്. അതും പേറിനടക്കണം.

വർഷങ്ങൾക്കു് മുമ്പു് ഒരു വിശുദ്ധ ദേവാലയത്തിൽവച്ചു് താൻ കുരിശിനെ സാക്ഷി നിറുത്തി സ്നേഹനിധിയായ പരോഹിതന്റെ മുമ്പിൽ പറഞ്ഞതെന്താണു്........?

തന്റെ തെററുകൾക്കു് ആ മനുഷ്യസ്നേഹി തന്ന ഉപദേശം സ്വീകരിച്ചു. ക്രിസ്തുവിന്റെ ക്രൂശിതരൂപത്തിനു മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. തന്റെ തെററുകൾ ഏററുപറഞ്ഞു. പക്ഷേ ഇന്നു്.......

മറക്കുവാനും മറയ്ക്കുവാനും കഴിയാത്ത ഓർമ്മകളെ നിങ്ങൾ എന്തിനു് എന്നിലേയ്ക്കു് കടന്നുവരുന്നു?

മരിച്ചുവീണ സങ്കല്പങ്ങളും കൊഴിഞ്ഞുവീണ ദിനങ്ങളും തന്നെയിന്നു് ഇതേ നിലയിലാക്കി. ആരോടും പരിഭവമില്ല. പരാതിയില്ല. പിന്നെ എന്താണു്. ഒരുതരം നിർവ്വികാരമെന്നു് പറയാമോ?........





പള്ളിമുററത്തു് കൊഴിഞ്ഞുവീണു കിടക്കുന്ന മോണ്ടിസൂവാ പൂക്കളിൽ നിർന്നിമേഷനായി നോക്കിനിന്നു. മണ്ണടിഞ്ഞു കിടക്കുന്ന ആ പൂക്കളെ കണ്ടപ്പോൾ മനസ്സിൽ വേദന തോന്നി. പഴമയെ പുറംതള്ളി പുതുമയെ അഭയം തേടുന്ന കാലം. പുതിയ പൂക്കൾ പുഞ്ചിരിതൂകി നില്ക്കുന്നു. കഴിഞ്ഞകാലങ്ങളെപ്പററി അവർക്കു് ചിന്തയില്ല. കൊഴിഞ്ഞുവീണ പൂക്കൾ മണ്ണിൽ ലയിക്കുന്നു. ആ മണ്ണിൽ മററുള്ളവ തഴച്ചു വളരുന്നു.

പഴയ ഓർമ്മകൾ അരിച്ചരിച്ചു് വരുകയാണു്; പുഴക്കുത്തുവീണ ഓർമ്മകൾ. അന്നു് പള്ളിവികാരിയായിരുന്ന ഫാദർ എബ്രാഹമിന്റെ വാക്കുകളല്ലേ തന്റെ ചെവിയിൽ വന്നലയ്ക്കുന്നതു്?.......

''മിസ്റ്റർ ജോൺ....... ഒരു കള്ളനായി നിങ്ങളെ എനിക്കു് കാണാൻ കഴിയില്ല. എന്നാൽ മററുള്ളവരുടെ മുമ്പിൽ നിങ്ങൾ ഒരു കള്ളനാകാതിരിക്കാൻ ശ്രമിക്കു.''

ശരിയാണു് നിസ്സാരമായ ഒരു കളവു് താൻ നടത്തിയിരുന്നു. അതു് അച്ചന്റെ ചെവിയിലുമെത്തി. അദ്ദേഹം ഉപദേശിച്ചു. സന്മാർഗ്ഗം പറഞ്ഞുതന്നു. എല്ലാം മറക്കുവാനും ക്ഷമിക്കുവാനും പഠിപ്പിച്ച യേശുക്രിസ്തുവിന്റെ ക്രൂശിതരൂപത്തെ സാക്ഷിനിറുത്തി താൻ പറഞ്ഞു.

''അച്ചോ............ഞാൻ ഇനി ഒരു മനുഷ്യനായി ജീവിക്കാൻ ശ്രമിക്കും.''

പക്ഷേ ഇന്നു് താൻ ആരാണു്. രണ്ടു വർഷത്തെ കഠിനതടവുകഴിഞ്ഞു പുറത്തിറങ്ങിയ ജയിൽപ്പുള്ളി. കള്ളൻ. എല്ലാവരാലും വെറുക്കപ്പെട്ടവൻ.

താനിനി എങ്ങോട്ടു പോകും? എവിടെ ചെല്ലും?...........

കററിരോമങ്ങളിൽ വിയർപ്പു് കണങ്ങൾ തങ്ങിനില്ക്കുന്നു. കണ്ണുകളിൽ അശ്രുകണങ്ങളോ.......? പരിശുദ്ധമായ പള്ളിയങ്കണത്തിൽ പാപിയായ തന്റെ കണ്ണുനീർ വീഴാൻ പാടില്ല. തന്റെ ഓരോ തുള്ളി കണ്ണുനീരും ഓരോതുള്ളി വിഷമാണു്. നെററിയിലെ വിയർപ്പുകണങ്ങൾ തുടച്ചു കളഞ്ഞു. തണുത്തകാററു വീശിയപ്പോൾ കുളിർമ തോന്നി. പക്ഷെ അകം നീറുകയായിരുന്നു.

ചില ദുർബല നിമിഷങ്ങളിൽ മനുഷ്യൻ മനുഷ്യനല്ലാതായി തീരുന്നു. അതിനു് ബലഹീനതയെന്നു് പറയാമോ..?

നല്ല മഴയുള്ള ഒരു രാത്രി. ചാക്കോ മുതലാളിയുടെ ബംഗ്ലാവിൽ ഒരു മോഷണം നടന്നു.

അതിനുത്തരവാദി താനാണെന്നറിഞ്ഞപ്പോൾ ലോകം ഞെട്ടിയില്ലേ?........ തന്റെ കുട്ടികളും ഭാര്യയും വഴിയാധാരമായപ്പോൾ താൻ കരഞ്ഞില്ല. അന്നു് കരയാൻ കഴിയാത്ത താൻ ഇന്നെന്തിനു് കണ്ണുനീർ വീഴ്ത്തുന്നു.

ഓർമ്മകളെ........നിങ്ങൾ എന്നിൽനിന്നും അകന്നു പോകു. ഈ ഏകാന്തതയിൽ ഞാനൊന്നിരിക്കട്ടെ.

കഴിഞ്ഞകാലത്തിന്റെ മറയ്ക്കപ്പെടേണ്ട ഓർമ്മകൾ പുതുമയുടെ ശവക്കുഴികളാണു്. പക്ഷെ മറക്കുവാൻവേണ്ടി മറക്കുമ്പോൾ പുതുമയുടെ ശവക്കുഴികൾക്കു് ചുററും ഭീകരരൂപങ്ങൾ താണ്ഡവനൃത്തം നടത്തുന്നില്ലേ........?

വയ്യ........മറക്കുവാനും ഓർക്കുവാനും വയ്യ........

പള്ളിയിൽനിന്നുള്ള മണി മുഴങ്ങി. അതിന്റെ നാദം പട്ടണത്തിലെ തിരക്കു പിടിച്ച അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നു.

പെട്ടന്ന് വഴിവിളക്കുകൾ അണയുകയും തെളിയുകയും ചെയ്തു. എങ്ങും കൂരിരുട്ട്. അഭയം തേടിയപ്പോൾ വെളിച്ചം അവയെ വീണ്ടും പുറംതള്ളി.

കൂടുതൽ സമയം ഇവിടെ നില്ക്കുവാൻ വയ്യ. ആരെങ്കിലും തന്നെ ഇവിടെ സംശയാസ്പദമായ രീതിയിൽ കണ്ടാൽ............

വേണ്ട......... അതിനിടകൊടുക്കണ്ട. വഴിവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ പതുക്കെ നടന്നു. തന്റെ നിഴൽ തന്നെ ഇരുട്ടിലാകുന്നു. ഇരുട്ടിന്റെ പ്രേതങ്ങൾപോലെ വഴിമരങ്ങളുടെ നിഴലുകൾ റോഡിൽ നീണ്ടു കിടക്കുന്നു; കറുത്ത വികൃതമായ നിഴലുകൾ.

പട്ടണം ശാന്തമാകുകയാണ്. തിരക്കുപിടിച്ച അന്തരീക്ഷം ഇരുളിൽ അലിഞ്ഞു ചേരുന്നു.

മെയിൻറോഡു വിട്ടു ഇടവഴിയിലൂടെ നടന്നപ്പോൾ മനസ്സിന്റെ സമനില തെറ്റുന്നതുപോലെ തോന്നി. ആകാശത്തു് വിളറിവെളുത്ത ചന്ദ്രനുണ്ട്. അതിനു ചുറ്റും മങ്ങിപ്രകാശിക്കുന്ന കുറെ രാത്രിജങ്ങളും. 'തനിക്കു് വളരെ പരിചയമുള്ള ഇടവഴിയാണിതു്. പക്ഷെ ഇന്നു് എന്തോ പേടി തോന്നുന്നു. രാത്രികാലങ്ങളിൽ ധാരാളം പ്രാവശ്യം ഈ വഴി നടന്നിട്ടുണ്ട്. ഈ ഇടവഴികളിലെ ഓരോ മൺതരിക്കും തന്റെ വേദനിപ്പിക്കുന്ന കഥകൾ പറയാനുണ്ടാവും.

എങ്ങിനെ തന്റെ ഭാര്യയേയും, കുട്ടികളേയും അഭിമുഖീകരിക്കും. ആരോ തന്നെ കുടിഞ്ഞാണിട്ടു പുറകോട്ടു വലിക്കുന്നതുപോലെ തോന്നി.

ഇടറിയ കാലുകൾ നീട്ടിവച്ചു നടന്നു. മണ്ണട്ടകളുടെ കരച്ചിൽമാത്രം നിശബ്ദതയ്ക്കു് വിരാമം ഇടുന്നു.



മനസ്സിലെ വേലിക്കെട്ടുകൾ ഞെരിഞ്ഞമർന്നുവീഴുന്നു. കാലുകൾ മരവിക്കുന്നതുപോലെ. താൻ ദുർബലനാകുകയാണോ?

നേരെ വീട്ടിൽ ചെല്ലണം. ഉറങ്ങിക്കിടക്കുന്ന ഭാര്യയേയും, കുട്ടികളേയും ഓലമറക്കപ്പുറത്തുനിന്നുകൊണ്ടു് നേരിയ നിലാവെളിച്ചത്തിൽ കാണണം; മതിവരുവോളം. പിന്നീട്ട് നേരെ പള്ളിയിലേക്കുപോകണം. അച്ചന്റെ മുറിയിൽ ചെന്നു് അച്ചനെ വിളിച്ചുണർത്തി ആ കാൽപാദങ്ങളിൽ കെട്ടിപ്പിടിച്ചു് മാപ്പിരക്കണം. തന്റെ കണ്ണുനീരുകൊണ്ടു് ആ പാദങ്ങൾ കഴുകണം. തന്റെ തെറ്റുകൾ ഒരിക്കൽക്കൂടി ഏറ്റുപറയണം. നല്ലവനായ അദ്ദേഹം തനിക്കു് ഒരിക്കൽക്കൂടി മാപ്പു തരും. ചിന്തകൾ ചിറകുവിരിച്ചു് പറക്കുകയാണ്.

ചിന്തകളേ.........നിങ്ങൾക്കു് അന്ത്യമില്ലേ.........? നിങ്ങൾ എന്തിനു് എന്റെ മനോമുകുരത്തിൽക്കൂടി ചിറകുകൾ വിരിച്ചുപറക്കുന്നു......?

ഇല്ലികൊണ്ടു് കെട്ടിയുണ്ടാക്കിയ കടമ്പകടന്നു മുററത്തു നിന്നപ്പോൾ വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. നനഞ്ഞ അന്തരീക്ഷത്തിൽനിന്നുകൊണ്ടു് വിയർപ്പു തുടച്ചു. പരിചയമുള്ള പരിസരം അതുപോലെ നില്ക്കുന്നു. മുററത്തു നില്ക്കുന്ന ചാമ്പയും, തന്റെ ഒട്ടുമാവിൻ തൈകളും മിഴിപ്പൂട്ടിയുറങ്ങുന്നു. തന്റെ ലാളന ഏറ്റുമാത്രം വളർന്ന തന്റെ മാവിൻ തൈകൾ.

ശബ്ദമുണ്ടാക്കാതെ ഇറയത്തു് കയറി. എന്നും വൃത്തിയായും, ഭംഗിയായും ഇടാറുള്ള ഇളംതിണ്ണ കണ്ടും, കുഴിയുമായി കിടക്കുന്നു. ഓലമറകൾ മുഴുവനുംതന്നെ ദ്രവിച്ചുപോയികഴിഞ്ഞിരിക്കുന്നു. താൻ ഇവിടെനിന്നുംപോയതിൽപ്പിന്നെ പുര കെട്ടിമേഞ്ഞിട്ടില്ല. ചിതലെടുത്തും, ദ്രവിച്ചും



എല്ലാം നശിച്ചിരിക്കുന്നു; തന്റെ ജീവിതംപോലെ.

ഓലപ്പഴുതിലൂടെ അകത്തേക്കു് നോക്കി. ഒരു കീറപ്പായിൽ തന്റെ ഓമനമക്കൾ കിടന്നുറങ്ങുന്നതു് അവ്യക്തമായി കാണാം. പൂനിലാവിന്റെ വെള്ള തുവലുകൾ അവിടവിടെ കൊഴിഞ്ഞു കിടപ്പുണ്ടു്; അവരുടെ ദേഹത്തും. കുട്ടികളുടെ സമീപത്തുകിടക്കുന്ന ഭാര്യയുടെ കണ്ണുകളിൽ ഇപ്പോഴും കണ്ണുനീർ കണങ്ങൾ ഉണ്ടോ ......? പാപിയായ തനിക്കുവേണ്ടി പൊഴിക്കുന്ന കണ്ണുനീർ. ആ മുഖങ്ങൾ അവരുടെ കഷ്ടപ്പാടുകളുടെ കഥകൾ പറയുന്നില്ലേ.........? കള്ളന്റെ മക്കൾ എന്നായിരിക്കുമോ—മററുള്ളവർ അവരെ വിളിക്കുക.

'കള്ളന്റെ ഭാര്യയും, കള്ളന്റെ മക്കളും. ഹോ.........വയ്യ. ഇനി ഇവിടെ നില്ക്കുവാൻ വയ്യ. ഇനിയും നിന്നാൽ ഞാനൊരു ഭ്രാന്തനാകും.

ഭാര്യയോടും, കുട്ടികളോടും മൂകമായി യാത്ര ചോദിക്കുമ്പോൾ വേദന തോന്നിയില്ല. മനസ്സിൽ ആത്മസംതൃപ്തിയായിരുന്നു. അവരുടെ കൂട്ടത്തിൽ ജീവിക്കുവാൻ താൻ അർഹനല്ല. കാലചക്രത്തിന്റെ തിരിച്ചിലിൽ താനും, തന്റെ പേരും, വിസ്മൃതിയുടെ ലോകത്തെത്തിക്കൊള്ളും. അവരുടെ ജീവരക്ഷയ്ക്കുവേണ്ടി താൻ വിടവാങ്ങുകയാണ്; എന്നന്നേയ്ക്കുമായി.

കടമ്പ കടന്നു് തിരിഞ്ഞുനോക്കി; തന്റെ എല്ലാമെല്ലാമായ ആ ചെററപ്പുരയിലേക്കു്. മനസ്സിൽ പശ്ചാത്താപവും, അപരാധവും തമ്മിൽ മൽപ്പിടുത്തം നടത്തുകയാണ്. ആ ഗോദായിൽ പശ്ചാത്താപത്തിനു് സ്ഥാനമില്ല. സ്നേഹം നിറഞ്ഞ ആ വൈദികന്റെ വാക്കുകളുടെ മുമ്പിൽ ഇനി തന്റെ പശ്ചാത്താപത്തിന്റെ കണ്ണുനീർ എന്തിനു് വീഴണം.



"അരുതു്" എന്നു പറഞ്ഞപ്പോൾ കേട്ടു; പക്ഷെ അനുസരിച്ചില്ല.

മനപൂർവ്വമായിരുന്നോ.........? തന്റെ ഭാര്യയ്ക്കും, കുട്ടികൾക്കുംവേണ്ടി താൻ തെറ്റുചെയ്തു. ആ അവർക്കുവേണ്ടി ഇന്നു് എല്ലാം സഹിക്കുന്നു. എല്ലാം ത്യജിക്കുന്നു.

ഊടുവഴികൾ കടന്നു് വിശാലമായ പാടത്തിറങ്ങി. പാടത്തിനും അപ്പുറത്താണു് പള്ളി. സിമിത്തേരി കടന്നുവേണം പള്ളിയിലേയ്ക്കു് പോകാൻ. എളുപ്പത്തിനുവേണ്ടിയാണു് ഈ വഴി പോന്നതു്. പക്ഷെ ഒന്നിലും പേടിയില്ലാത്ത താൻ ഇന്നു് എല്ലാത്തിനേയും പേടിക്കുന്നു. ഈ ലോകത്തെത്തന്നെ.

മെലിഞ്ഞ വരമ്പിലൂടെ നടക്കുമ്പോൾ നഗ്നമായ കാൽപാദങ്ങളിൽ തണുപ്പുതോന്നി. പ്രകൃതിയുടെ കണ്ണുനീർ വീണു നനഞ്ഞു പുൽനാമ്പുകൾ തല പൊക്കിനില്ക്കുന്നു. ലോകത്തിലെ ദുഷ്കർമ്മങ്ങൾ കണ്ടിട്ടാവാം പ്രകൃതി ഈ കണ്ണുനീർ പൊഴിക്കുന്നതു്.

പകലിന്റെ വരവിനു് രാത്രി വഴിമാറികൊടുക്കുമ്പോൾ ആ കണ്ണുനീരും തുടയ്ക്കപ്പെടും. പക്ഷെ തന്റെ കണ്ണുനീരോ..... അതു തുടയ്ക്കാൻ ആരും കാണുന്നില്ല.

സിമിത്തേരിയിൽ കടന്നപ്പോൾ ഒന്നും പ്രത്യേകിച്ചു തോന്നിയില്ല. പൂർത്തീകരിക്കപ്പെടാത്ത അഭിലാഷങ്ങളുമായി മണ്ണടിഞ്ഞ ആ മനുഷ്യാത്മാക്കളുടെ ശവകുടീരങ്ങളിലേക്കു് നോക്കിനിന്നപ്പോൾ തന്നേക്കാൾ അവർ എത്രയോ ഭാഗ്യവാന്മാർ എന്നു തോന്നി. അവർക്കുവേണ്ടി ഇനി ആരും കണ്ണുനീർ പൊഴിക്കില്ല. പക്ഷെ പാപിയായ തനിക്കുവേണ്ടി ഇനി ആരെങ്കിലും കണ്ണീർ പൊഴിക്കുമോ......?

സിമിത്തേരി കടന്നു് പള്ളിയങ്കണത്തിലെത്തിയപ്പോൾ ആദ്യം കണ്ടതു്

കരിശിനെയാണ്. കരിശു കാണു മ്പോഴും താൻ അറിയാതെ ഞെട്ടുന്നു. ആ സ്നേഹനിധിയായ ദൈവപുത്രനേയും, വൈദികനേയും ഓർക്കുന്നു.

വയ്യ ......ഇനി താമസിക്കുവാൻ വയ്യ. പുരോഹിതന്റെ മുറിയുടെ വാതലിൽ ആഞ്ഞുമുട്ടുമ്പോഴും മനസ്സിൽ പശ്ചാത്താപത്തിന്റെ അണക്കെട്ടു തകരുന്ന ശബ്ദം കേട്ടു.

അസമയത്തു് ആരോ കതകിൽ മുട്ടുന്നതു കേട്ടു്. പുതുതായി ചാർജ്ജെടുത്ത പള്ളിവികാരി ഫാ. ലെയോ പെട്ടെന്നു് കതകിന്റെ സാക്ഷ നീക്കി.

കതകു് തള്ളിത്തുറന്നു് ആ കാൽപാദങ്ങളിൽ കെട്ടിപ്പിടിച്ചു് ''അച്ചോ എനിക്കു് ഒരിക്കൽക്കൂടി മാപ്പുതരണം'' എന്നുപറയുമ്പോഴും ഫാദർ ലെയോ ഞെട്ടുന്നതു് താൻ കണ്ടില്ല.



റബ്ബർ റോളർ, ഇരുമ്പ്ഗേററു്, ബക്കററു്
കൃഷിയായുധങ്ങൾ, എന്നിവയ്ക്കു്:-
NATIONAL (METAL) INDUSTRIES
THODUPUZHA
Phone: Office: 96
Res: 11

ശാന്തിനികേതനം ഗുരുകുലം
(1958-ൽ സ്ഥാപിച്ചതു്)
കേരളയൂണിവേഴ്സിററിയുടെ മലയാളം വിദ്വാൻ പരീക്ഷകളിൽ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു് വിദഗ്ദ്ധമായ പരിശീലനം നൽകിവരുന്നു. ഇക്കഴിഞ്ഞ സെപ്ററംബർ പരീക്ഷയിൽ പ്രിലിമിനറിക്കു് 83-ൽ 63 പേരും, ഫൈനലിനു് 22-ൽ 18 പേരും വിജയികളായി. പല കൊല്ലങ്ങളിലും ശാന്തിനികേതനം നൂറു ശതമാനവും വിജയം കരസ്ഥമാക്കിയിട്ടുണ്ടു്.—അന്വേഷിക്കുക. പ്രിൻസിപ്പാൾ.

എല്ലാവിധ സ്റ്റേഷനറിസാധനങ്ങൾക്കും
സന്ദർശിക്കുക
ബാലകൃഷ്ണാ സ്റ്റോഴ്സ്
തൊടുപുഴ

സുഗമമായ എഴുത്തിനു് എല്ലാപ്പോഴും
★ പ്രഭാത്മഷി ★
തന്നെ ഉപയോഗിക്കുക

സെൻറ് ജോസഫ്സ് ബുക്കുഡിപ്പോ
തൊടുപുഴ
പാഠപുസ്തകങ്ങളും (school & college) നോട്ടുബുക്കുകളും (special), ഡിക്ഷണറികളും, ഗൈഡുകളും മുതലായവയ്ക്കു് ഞങ്ങളെ
സമീപിക്കുക

## യംഗ് ഇൻഡ്യാ ബുക്ക്സ്റ്റാൾ

തൊടുപുഴ

(ഫോസ്റ്റോഫീസിനു് എതിർവശം)

മലയാളത്തിലെ എല്ലാ നല്ല പുസ്തകങ്ങളും ലഭിക്കുന്ന
തൊടുപുഴയിലെ ഏക സ്ഥാപനം

*For Drinks !*

## INDIAN COFFEE HOUSE
AND
## NEW INDIA COOL DRINK STORE
THODUPUZHA

## YOUNG INDIA COLLEGE
The Most Reliable
Institute for P. D. C.
At
THODUPUZHA

## ★ സുപ്രിയാ പ്രിൻേറഴ്സ് ★
ഒളമററം റോഡ്,
തൊടുപുഴ

അച്ചടിസംബന്ധമായ എല്ലാ ജോലികളും വളരെ ഭംഗി
യായും കൃത്യമായും ഉത്തരവാദിത്വത്തോടുകൂടിയും
മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കുന്ന
തൊടുപുഴയിലെ മികച്ച സ്ഥാപനം








"അപ്പാ, അപ്പന്റെ ഓണത്തിന pair ഷൂസുകൊണ്ടു വന്നിട്ടുണ്ട്."
"ഇപ്പം വേണ്ട മോനെ; ആ മൂലയ്ക്കോട്ട് വച്ചേരെ. വായിൽ മുറുക്കാനുണ്ട്."







"എടാ, എനിക്ക 25 വയസ്സുണ്ടായിരുന്നപ്പോഴം നെഹ്റു പ്രധാനമന്ത്രിയാ; നിനക്ക വയസ്സ് 26 ആയില്ലേ, നിന്നെക്കൊണ്ടെന്തു സാധിച്ചു?"

ലേഖനം

# കേരളത്തിലെ പ്രാചീന ദൃശ്യകലകൾ

Rajan K. S.
II P.D.C.

സംസ്ക്കാരത്തിന്റെ പ്രകാശനോപാധികളിൽ പ്രഥമ ഗണനീയമായ ഒരു സ്ഥാനമാണ് കലയ്ക്കുള്ളതെങ്കിൽ, പൗരാണിക കാലംമുതല്ക്കേ വിപുലവും വ്യക്തിത്വമുള്ളതുമായ ഒരു സംസ്ക്കാരം പുലർത്തിപ്പോന്ന കേരളത്തിൽ, വൈവിദ്ധ്യമാർന്നതും വൈശിഷ്ട്യമേറിയതുമായ അനേകം കലകൾ ജനിച്ചു വളർന്നതിൽ ആശ്ചര്യമില്ലല്ലോ. വിശിഷ്ടവും വിപുലവുമായ കേരളീയ സംസ്ക്കാരത്തെ തികച്ചും പ്രതിനിധീകരിക്കുന്നതാണ് കൈരളിയുടെ കലാസൗന്ദര്യം. ഭാരതത്തിലെ ഇതരഭാഗങ്ങളിലെ കലകളെ അപേക്ഷിച്ച് ഉന്നത നിലവാരം പുലർത്തുന്നതാണ് കേരളീയ കലകൾ. മലയാള സാഹിത്യത്തിന്റെ വളർച്ചക്കും വികസനത്തിനും ഈ കലകൾ വഹിച്ചിട്ടുള്ള പങ്ക് അനല്പമാണ്. മലയാളികളുടെ ജീവിതത്തിന്റെ എല്ലാത്തുറകളിലും സ്വാധീനം ചെലുത്തുന്നതിന് സാധിച്ചിട്ടുള്ള ഈ കലകൾ, വിശേഷിച്ചും ദൃശ്യകലകൾ പ്രാചീന കേരളത്തിലെ ജീവിതരീതികളിലേയ്ക്ക് വെളിച്ചം വീശുന്നു.

കേരളത്തിലെ പുരാതന ദൃശ്യകലകളിൽ പലതും സംഘകാലംമുതൽതന്നെ പ്രചാരത്തിൽ ഇരുന്നവയാണ്. മലയരുടെ മാൻകളി, തവളകളി, പുലയർകളി വേട്ടവർകളി, പ്രേവർകളി, ദേശത്തുകളി, പൂരക്കളി മുതലായവ അക്കൂട്ടത്തിൽപ്പെടുന്നു. ഇവയിൽ ചിലത് ഇപ്പോഴും നിലനിന്നുവരുന്നു. പുലയരുടേയും പറയരുടേയും വകയായിട്ടുള്ള പല കളികളും ഇന്നും നിലവിലിരുപ്പുണ്ടല്ലോ. വിളവെടുപ്പ് കാലങ്ങളിലും മററുമാണ് ഇത്തരം കളികൾ നടത്താറ്. ഇത്തരത്തിൽപ്പെട്ട മിക്ക കളികളും ഇന്നപ്രത്യക്ഷമായിക്കഴിഞ്ഞു.

സവർണ്ണരുടെ കേരളപ്രവേശകാലത്തിൽ ഇവിടെ പലതരം നൃത്തവിശേഷതകളും മററുകലകളും നിലനിന്നിരുന്നു. കൈകൊട്ടിനൃത്തം, പാണ്ഡുരംഗനൃത്തം, മോഹിനിയാട്ടം, മല്ലനാട്ടം തുടങ്ങിയ പതിനൊന്നു നൃത്തങ്ങൾ ഇതിൽ പ്രധാനമാണ്. മലയാളം ഒരു പുതിയ സാഹിത്യ ഭാഷയായി അംഗീകരിക്കപ്പെട്ടതിനുശേഷം, പശ്ചിമഘട്ടത്തിനും പശ്ചിമപ്രദേശത്തു് ഒരു പുതിയ സംസ്ക്കാരം

പ്രചരിച്ചതിനുശേഷം രൂപംകൊണ്ട ചില കലാവിഭാഗങ്ങളെ മാത്രമേ തനി കേരളീയമായിട്ടുള്ളവയെന്ന് വിവക്ഷിക്കേണ്ടതുള്ളൂ. അപ്രകാരമുള്ള ചില ദൃശ്യകലാവിഭാഗങ്ങളിലേക്കൊന്ന് കണ്ണോടിക്കാം.

കേരളത്തിൽ പുരാതനകാലത്ത് പ്രചാരത്തിലിരുന്ന ഒരു വിനോദമാണ് സംഘക്കളി. എ. ഡി. ആറാം ശതകത്തിൽ ഉൽഭവിച്ച ഈ കല ബുദ്ധമതക്കാരെ ജയിക്കുന്നതിന് ഒരു സിദ്ധൻ ബ്രാഹ്മണർക്ക് ഉപദേശിച്ചു കൊടുത്ത ഒരു മന്ത്രമാണത്രേ. കേളി, നാലുപാദം, പാന, ഹാസ്യം, ആംഗ്യ എന്നിങ്ങനെ ഇതിന് അഞ്ചു ഭാഗങ്ങളുണ്ട്. ഇട്ടിക്കണ്ടപ്പൻകൈമൾ എന്ന ഹാസ്യപാത്രം നമ്പൂതിരിമാർ തന്നെ വേഷംകെട്ടിവരുന്ന മണ്ണാൻ, മണ്ണാത്തി, ഇടങ്ങിയവർ ആണ് ഇതിലെ കഥാപാത്രങ്ങൾ. പുരാതന രാജാക്കന്മാരുടെയും അപ്രക്കേന്മാരുടേയും യുദ്ധയാത്രയെ ആസ്പദമാക്കിയാണ് സംഘക്കളികൾ ഉത്ഭവിച്ചതെന്നും പറയപ്പെടുന്നു. ആയിരത്തി അഞ്ഞൂറോളം വർഷം പഴക്കമുള്ളതാണ് ഈ വിനോദം എന്ന് ഭാഷാചരിത്രകാരൻ (ഗോവിന്ദപ്പിള്ള) അഭിപ്രായപ്പെട്ടിട്ടുണ്ട്.

മോഹിനീരൂപം ധരിച്ച മഹാവിഷ്ണുവാൽ മോഹബാണാന്തകനായ പരമേശ്വരൻ മോഹിതനാകുന്നതാണ്, മോഹിനിയാട്ടം എന്ന ദൃശ്യകലയിലെ പ്രമേയം. ചിലപ്പതികാരത്തിൽ പറഞ്ഞിരിക്കുന്ന മോഹിനിയാട്ടവുമായി ഇതിന് സാമ്യമുണ്ട്. കത്തിച്ചുവച്ച നിലവിളക്കിനുമുമ്പിൽ വാദ്യവിശേഷങ്ങളോടെ നടത്തുന്ന ഈ കലാരൂപത്തിന് മറ്റുരംഗസംവിധാനങ്ങൾ ആവശ്യമില്ല. മിക്കവാറും മൃതപ്രായമായ ഈ നൃത്തകലയെ പ്രോത്സാഹിപ്പിക്കാൻ അവിടവിടെ ചില ശ്രമങ്ങൾ നടക്കുന്നുണ്ട്, ഇപ്പോൾ.

വനിതകൾ കലാരംഗത്ത് ഒട്ടും പിന്നിലായിരുന്നില്ല, അക്കാലത്തും. കൈകൊട്ടിക്കളി (തിരുവാതിരക്കളി)യും മറ്റും അവരുടെ കുത്തകയായിരുന്നു. തരുണീമണികൾ വട്ടത്തിൽനിന്ന്, ചുവടുവച്ച് പ്രധാനി പാടിക്കൊടുക്കുന്ന പാട്ട് ഏറ്റുപാടിയും, കമ്മിയടിച്ചുംമറ്റും നടത്തുന്ന ഈ വിനോദം കണ്ണിന് കൗതുകം പകർന്നുതരുന്നു. ഈ കലാവിനോദം കേരളത്തിൽ എല്ലാ സ്ഥലത്തുംതന്നെ ഇന്നും നിലനില്ക്കുന്നുണ്ട്. തിരുവാതിര നാളുകളിലാണ് ഇത് സാധാരണ നടത്താറുള്ളത്. വനിതകളുടേത് മാത്രമായ ഉത്സവദിവസമാണല്ലോ ധനുമാസത്തിലെ തിരുവാതിര അഥവാ ആർദ്രോത്സവം.

പുരാതനകാലത്തെ മറ്റൊരു വിനോദമായിരുന്നു തോൽപ്പാവക്കൂത്ത്. ചരടിൽ കെട്ടിയ പാവകളെ ഇളക്കി നിഴൽ തിരശ്ശീലയിൽ വീഴ്ത്തിക്കാണിക്കുകയാണ് ഇതിന്റെ 'ടെക്നിക്': സംഘകൃതികളിൽ 'തോൽപാവൈ' എന്ന പേരിൽ അറിയപ്പെടുന്ന ഈ വിനോദത്തിൽ രാമായണമോ ഭാരതമോ ആയിരിക്കും കഥാവസ്തു.

പഴയകാലത്തു നിലനിന്നിരുന്ന ദൃശ്യകലകളിൽ നല്ലൊരു ശതമാനം ദൈവീകങ്ങളോ മതപരങ്ങളോ ആയിരുന്നു. തൂക്കം, തീയാട്ട്, തിറയാട്ടം, മുടിയേറ്റ്, പാന, പാട്ട് തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇന്നും ചില ദുർഗ്ഗാക്ഷേത്രങ്ങളിൽ ഈ കലകൾ നടത്തിവരുന്നു.

ദേവീക്ഷേത്രങ്ങളിൽ നടത്തിവരുന്ന തീയാട്ടിന് അയ്യപ്പൻ തീയാട്ടെന്നും: ഭഗവതി തീയാട്ടെന്നും രണ്ടു വിഭാഗങ്ങൾ ഉണ്ട്. തീയാട്ടുണ്ണികളോ, നമ്പ്യാർമാരോ നടത്താറുള്ള ഈ ചടങ്ങിൽ തീയാട്ടുണ്ണി ഭഗവാൻ ആയി ആടുന്നു എന്നാണ് സങ്കല്പം. കളമെഴുതിയതിനുശേഷമാണ് ഇത് നടത്തുന്നത്.



ഉത്തര മലബാർ പ്രദേശങ്ങളിൽ ഫെബ്രുവരി, മാർച്ച്, കാലങ്ങളിൽ നടത്തിവരുന്ന ഒരു കലയാണ് തിറയാട്ടം. പഴയ ആഭരണങ്ങൾ അണിഞ്ഞ് തോറ്റംപാടി നടൻ നൃത്തം ചവിട്ടുന്നു. വീര നായകന്മാരേയും, കാളിദേവിയേയും പ്രീതിപ്പെടുത്തുന്നതിനാണത്രേ ഇത് നടത്തുന്നത്.

മാന്ത്രിക വേഷങ്ങൾ ധരിച്ച്, കൊമ്പ്, കുഴൽ ചെണ്ട മുതലായ വാദ്യങ്ങളോടെ നടത്തുന്ന ഒരു തരം നൃത്തമാണ് പാന. മഞ്ഞൾപ്പൊടി, മുളകുപൊടി, അരിപ്പൊടി, കരിപ്പൊടി തുടങ്ങിയ വർണ്ണപ്പൊടികൾകൊണ്ട് ദുർഗ്ഗാരൂപം വരച്ച് നടത്തുന്ന മറ്റൊരു വഴിപാടാണ് ഭഗവതിപ്പാട്ട്.

കുറുപ്പന്മാരുടെ 'അവകാശ'മായിട്ടുള്ള വഴിപാടാണ് മുടിയേറ്റ്. ദേവീരൂപം വർണ്ണപ്പൊടികൾകൊണ്ട് വരച്ച് വാദ്യമേളങ്ങളോടുകൂടി ദേവിയുടെ കോലം ഇതിനുമുമ്പിൽ എഴുന്നള്ളിച്ചുവയ്ക്കുന്നു. അതിനുശേഷം ദാരികാസുരവധം കഥ നടത്തുന്നു. കാളിദേവിയാണ് ദാരികനെ വധിക്കുന്നത്. ഈ ചടങ്ങുകഴിഞ്ഞശേഷം കാളീദേവിയുടെ വേഷം എടുക്കുന്ന നടന്റെ 'കലി' ഇറക്കാൻ ചിലപ്പോൾ വളരെ സമയം വേണ്ടിവരാറുണ്ടത്രെ!

തൂക്കം മൂന്നുവിധത്തിൽ ഉണ്ട്. ഗരുഡൻ തൂക്കം, ഗരുഡൻ വദപ, തൂക്കം ഇവയാണ് അവ. തൂക്കം നടത്തുന്ന ആൾക്ക് നോമ്പുകളും ദിനചര്യകളും ആവശ്യമാണ്. അയാൾ തൂക്കദിവസം ഭഗവതീദർശനം കഴിഞ്ഞ് ഒരു കപ്പിയിൽ കയറിനിൽക്കും. ഒരു കോഴിയെ വെട്ടി രക്തം കാൽക്കൽ വീഴ്ത്തിയശേഷം അയാളുടെ പുറത്തെ തൊലി നീട്ടി ഒരു കൊളുത്തിൽ കോർത്ത് അയാളെ ഉയർത്തി ക്ഷേത്രത്തിനുചുറ്റും പ്രദക്ഷിണം വയ്പിക്കുന്നു. ഇന്നും ഇത് കേരളത്തിൽ നിലവിലുള്ള കലയാണ്. മറ്റു രണ്ടിനം തൂക്കങ്ങളിലും തൂക്കക്കാരൻ ചിറകും കൊക്കും വച്ച് ഗരുഡവേഷം പൂണ്ട് നൃത്തം ചവിട്ടുകയും പറക്കുന്നതുപോലെ അഭിനയിക്കുകയും ചെയ്യുന്നു. മെയ്‌വഴക്കവും പരിശീലനവും ആവശ്യമായ ഒരു കലയാണിത്.

മേൽപ്പറഞ്ഞവയെക്കൂടാതെ ശാസ്താംപാട്ട്, കാവടിതുള്ളൽ തുടങ്ങി ദേവീപരങ്ങളടങ്ങിയ ഏതാനും ദൃശ്യകലകൾകൂടി ഉണ്ട്.

പിൽക്കാലത്ത് മേൽപറഞ്ഞവയെക്കൂടാതെ പല കലകളും—ദൃശ്യപരവും അല്ലാത്തതും—മലയാളത്തിൽ ഉദയം ചെയ്തു. ഗീർവ്വാണത്തിൽനിന്നും പരിഷ്കാരഭേദങ്ങളോടെ രൂപംപ്രാപിച്ച പാഠകം, കൂത്ത്, കഥകളി, തുള്ളൽ തുടങ്ങിയവയാണ് ഇവ.

ഭാഷാസംസ്കൃതങ്ങൾ കൂടിച്ചേർന്ന ഒരു സങ്കരകലാവിനോദമത്രെ പാഠകം. പാഠകത്തിൽ ഏതെങ്കിലും പുരാണകഥയെ അവതരിപ്പിച്ച്, സംസ്കൃതത്തിൽ ശ്ലോകങ്ങൾ ചൊല്ലി തനിമലയാളത്തിൽ ഫലിത സമ്മിശ്രമായ വിധത്തിൽ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. വാദ്യഘോഷങ്ങളോ രംഗവിധാനങ്ങളോ ആവശ്യമില്ലാത്ത പാഠകം കൊളുത്തിവച്ച നിലവിളക്കിനുമുമ്പിൽ വച്ചാണ് നടത്താറ്. പാഠകക്കാരൻ തലയിൽ കിരീടമണിയുകയോ ചുവന്ന പട്ടുകൊണ്ട് കെട്ടുകയോ ചെയ്തിരിക്കും. ചിലപ്പോൾ മറ്റു വേഷവിധാനങ്ങളും കാണും.

അമ്പലങ്ങളിൽവച്ചുമാത്രം നടത്തുന്ന കൂത്ത് ചാക്യാർമാരുടെ കലത്തൊഴിലാണ്. പ്രധാന അമ്പലങ്ങളിലെല്ലാം കൂത്തു നടത്തുന്നതിനായി ഒരു കൂത്തമ്പലവും കാണും. ചാക്യാർ വിദൂഷകവേഷം ധരിച്ച് രംഗത്തുവന്ന് ഏതെങ്കിലും പുരാണകഥ വിവരിക്കുന്നു. പരിഹാസ വിമർശസമ്മിശ്രമായ ഈ വിവരണത്തിനിട

യിൽ സാമാജികരേയും ചിലപ്പോൾ പരിഹസിച്ചെന്നുവരും. അല്ല, തീർച്ചയായും നിശിതമായി പരിഹസിക്കും. പക്ഷേ, പരിഭവിച്ചിട്ട് കാര്യമില്ല. കലശേഖരവർമ്മനും ഭാസ്കരരവിവർമ്മനും തോലനും കൂത്തിൽ പല പരിഷ്ക്കാരങ്ങളും വരുത്തിയിട്ടുണ്ട്.

പ്രബന്ധംകൂത്ത്, നങ്ങ്യാർകൂത്ത്, കൂടിയാട്ടം ഇങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്, കൂത്തിന്. കൂടിയാട്ടത്തിന് ഒന്നിലധികം നടന്മാർ ഉണ്ടാവും. മിഴാവ്, കുഴിത്താളം മുതലായവയാണ് സധാരണയായി കൂത്തിന് ഉപയോഗിക്കാറുള്ള വാദ്യങ്ങൾ.

തുള്ളൽപ്രസ്ഥാനത്തിൻെറ ഉത്ഭവത്തെപ്പററി ഒരു ഐതിഹ്യം ഉണ്ട്. അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തിന് മിഴാവു കൊട്ടിക്കൊണ്ടിരുന്നപ്പോൾ ഉറങ്ങിപ്പോയതിനാൽ ചാക്യാരുടെ പരിഹാസപാത്രമായ നമ്പ്യാരുടെ പ്രതികാരബുദ്ധിയിൽ നിന്ന് ഉണ്ടായതാണ് തുള്ളൽ എന്നാണ് ഐതിഹ്യം. എന്തായാലും കുഞ്ചൻ നമ്പ്യാർ തന്നെയാണ് തുള്ളൽപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ് എന്നത് തക്കമററ സംഗതിയാണ്. ക്രിസ്താബ്ദം പതിനെട്ടാം ശതകത്തിലാണ് തുള്ളൽപ്രസ്ഥാനത്തിൻെറ ആരംഭം. അതുവരെ കവികൾ ചെയ്തിരുന്നതിൽനിന്നും വിഭിന്നമായി തനി മലയാളത്തിൽ കവിതകൾ എഴുതുന്നതിനാണ് നമ്പ്യാർ ശ്രമിച്ചിട്ടുള്ളത്. അതിനാൽ പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിക്കുന്നതിന് തുള്ളൽ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഹാസ്യപ്രസ്ഥാനം ആദ്യമായി മലയാളത്തിൽ ആവിർഭവിച്ചതു് തുള്ളൽക്കവിതകളിലൂടെയാവാം. പരിഹാസ ജന്യമായ പ്രതികാരബുദ്ധിയിൽനിന്ന് ജന്മംകൊണ്ട് ഫലിത പരിഹാസങ്ങളിലൂടെ വികസിച്ച ഈ വിനോദകലാപ്രസ്ഥാനത്തിന് പണ്ഡിതപാമരഭേദമെന്യേ എല്ലാ മലയാളികളേയും നർമ്മരസത്തിലാറാടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പനയോലകൊണ്ട് മുഖത്തു ചുട്ടികുത്തി കണ്ണുകൾ ചുണ്ടപ്പഴംകൊണ്ട് ചുവപ്പിച്ച് കിരീടാദിവേഷഭൂഷാദികൾ അണിഞ്ഞാണ് തുള്ളൽ നടത്തുന്നത്. പാട്ടും ആട്ടവും ആംഗ്യവും അഭിനയവും എല്ലാം ഒരാളാണ് നടത്തുന്നത്. മദ്ദളം ഇലത്താളം തുടങ്ങിയ വാദ്യങ്ങളും ഉപയോഗിക്കുന്നു. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെ മൂന്നുവിഭാഗം തുള്ളലുകൾ ഉണ്ട്. സാധാരണക്കാരെ ഇത്രയധികം ആകർഷിച്ച മററൊരു ദൃശ്യകല കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്.

കേരളത്തിൽ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരുതരം നാടൻനൃത്തമാണ് മാർഗ്ഗംകളി. കേരളത്തിൽ ക്രിസ്തുമതത്തിൻെറ ആഗമനത്തെയും, പ്രചാരത്തേയും സംബന്ധിക്കുന്ന ചരിത്ര കഥകൾ ഗാനരൂപത്തിലാക്കി പാടുകയും ചുവടുവച്ച് നൃത്തംചെയ്യുകയുമാണ് പതിവ്.

പതിനെട്ടാം നൂററാണ്ടിൽ കോഴിക്കോടു വാണിരുന്ന മാനവേദൻ സാമൂതിരിപ്പാടാണ് കൃഷ്ണനാട്ടത്തിൻെറ പ്രണേതാവ്. മദ്ദളം, ചേങ്ങല, ഇലത്താളം തുടങ്ങിയ താളമേളങ്ങളോടെ നടത്തുന്ന ഈ കലാവിശേഷം ഒരുതരം മൂകാഭിനയമാണ്. ഒൻപതു ദിവസംകൊണ്ട് ആടിത്തീർക്കുന്ന കൃഷ്ണനാട്ടത്തിൽ കൃഷ്ണാവതാരം കഥയാണ് പ്രമേയം. കൃഷ്ണനാട്ടത്തിൻെറ മേന്മയിൽ വശീകൃതനായ കൊട്ടാരക്കരത്തമ്പുരാൻ ഒരു കൃഷ്ണനാട്ടസംഘത്തെ അയച്ചുകൊടുക്കാൻ സാമൂതിരിയോട് ആവശ്യപ്പെട്ടുവെന്നും, സാമൂതിരി അതിനെ ധിക്കരിച്ചു തള്ളിയെന്നും, അതിനാൽ അഭിമാനിയായ കൊട്ടാരക്കര രാജാവ് വൈരാഗ്യബുദ്ധ്യാ ആസൂത്രണംചെയ്ത ഒരു കലയാണ് രാമനാട്ടം എന്നുമാണ് പറയപ്പെടുന്നതു്. മററു കാര്യങ്ങളിൽ കൃഷ്ണനാട്ടത്തോട് സാമ്യമുള്ള രാമനാട്ടത്തിലെ പ്രമേയം എട്ടു ദിവസംകൊണ്ട് ആടിത്തീർക്കുന്ന രാമായണം കഥയത്രെ. രാമനാട്ടത്തിൽനിന്നാണ് പിൽക്കാലത്ത് കഥകളി ഉണ്ടായതു് എന്നൊരഭിപ്രായമുണ്ട്.

കേരളീയർ ഏററവും ഇഷ്ടപ്പെട്ടിരുന്നതും, ഏററവും പ്രചാരത്തിലിരുന്നതുമായ ഒരു കലാവിദ്യയാണ് കഥകളി. രാമനാട്ടത്തിൽ നിന്നാണ് കഥകളി ഉണ്ടായതെന്നും, അല്ല പുരാതനമായ ഏതോ ദ്രാവിഡ കഥയുടെ പരിഷ്ക്കരിച്ച രൂപമാണ് കഥകളി എന്നും രണ്ടഭിപ്രായമുണ്ട്. വളരെ അപരിഷ്കൃതമായ വിധത്തിലാണ് ആദ്യകാലത്ത് ഇതു് നടത്തിയിരുന്നതു്. പാളക്കിരീടവും മദ്ദളവും മാത്രമേ അക്കാലത്ത് ഉപയോഗിച്ചിരുന്നുള്ളു. വെട്ടത്തുനാട്ടു രാജാവ്, കല്ലിക്കോട്ടു നമ്പൂതിരി, കല്ലടിക്കോടൻ നമ്പൂതിരി ഇവർ കഥകളിക്ക് പല പരിഷ്ക്കാരങ്ങളും വരുത്തിയവരിൽ ചിലരത്രെ. കിരീടം കച്ചമുടി കുപ്പായം ഇവ ഏർപ്പെടുത്തിയതു് ഇവരാണ്.

കേളി, തോടയം, പുറപ്പാട്, മേളപ്പദം, അഭിനയം തുടങ്ങി പല വിഭാഗങ്ങളുണ്ട്. ആദ്യത്തെ വിഭാഗങ്ങൾ കഥ തുടങ്ങുന്നതിന് മുമ്പുള്ള ചില ചട്ടങ്ങൾ ആണു്. നടന്മാർ വലിയ നിലവിളക്കിനു് പിന്നിൽ, വേഷങ്ങളണിഞ്ഞു് വന്നു നിന്നാടുന്നു. മുഖത്തു് ചുട്ടികുത്തി, കുപ്പായമണിഞ്ഞു് കിരീടംവച്ച് കച്ചചുററിയാണ് നടൻ വരുന്നതു്. കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ച്, പച്ച, കത്തി, കരി, താടി, മിനുക്ക് ഇങ്ങനെ അഞ്ചുവിധത്തിലുള്ള ചുട്ടികൾ ഉണ്ട്. നടന്മാർ ആടുമ്പോൾ പാട്ടുകാർ പിന്നിൽനിന്ന് പാടുന്നു. കണ്ണും കയ്യും മെയ്യും ചലിപ്പിച്ച് മുഖത്തു് ഭാവഭേദങ്ങൾ വരുത്തി നടത്തുന്ന ഒരു മൂകാഭിനയമാണ് കഥകളി. ചെണ്ട, മദ്ദളം, ചേങ്ങല, കൈമണി, ഇടയ്ക്ക തുടങ്ങിയ വാദ്യമേളങ്ങളും ഉപയോഗിക്കുന്നു. ചില പ്രത്യേക വേഷങ്ങൾക്ക് ചില വാദ്യങ്ങൾ നിരോധിച്ചിട്ടുണ്ട്. സംഗീതവാദ്യനൃത്താദിവിശേഷങ്ങളുടെ ഒരു സമ്യഗ് സമ്മേളനമത്രേ കഥകളി. ഇവയിലേതിലെങ്കിലും താല്പര്യമുള്ള സഹൃദയനെ കഥകളി വശീകരിക്കും. പുരാണകഥകളാണ് സാധാരണ കഥകളിക്ക് ഉപയോഗിക്കാറുള്ളതു്. കേരളീയ ജീവിതത്തെ ഇത്രയധികം പ്രതിനിധാനം ചെയ്തിട്ടുള്ള മററൊരു കല ഉണ്ടോ എന്ന് സംശയമാണ്.

കോട്ടയം തമ്പുരാൻ, കാർത്തികതിരുനാൾ മഹാരാജാവ്, ഉണ്ണായിവാര്യർ, ഇരയിമ്മൻതമ്പി, വീരകേരളവർമ്മ തുടങ്ങി പലരും സുപ്രസിദ്ധങ്ങളായ പല ആട്ടക്കഥകളും രചിച്ചിട്ടുണ്ട്. ഇടക്കാലത്ത് മിക്കവാറും നാമാവശേഷമായിത്തീർന്ന കഥകളിയെ പ്രോത്സാഹിപ്പിച്ച് ജീവൻ നല്കിയതു്, വള്ളത്തോളും അദ്ദേഹത്തിൻെറ കേരളകലാമണ്ഡലവുമാണ്. ഇന്ന് കഥകളി ലോകപ്രസിദ്ധമായിത്തീർന്നിരിക്കുന്നു.

ഏതൊരു രാജ്യമായിരുന്നാലും ശരി അവിടത്തെ ജനങ്ങളുടെ ജീവിതരീതികളും, ആചാരവിശേഷങ്ങളും ആരാധനാസമ്പ്രദായങ്ങളും പ്രകടമായിക്കാണുന്നതു് അന്നാട്ടിലെ കലകളിലാണ്. കേരളീയകലകളിൽ കേരളീയ ജീവിതരീതികൾ പ്രത്യക്ഷമാണ്. കേരളീയൻെറ ധീരത, വീരത്വം, കലാലോലുപത, ആരാധനരീതികൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ ഇവയെ വിളിച്ചറിയിക്കുന്നതാണ് കേരളീയ കലകൾ. ഓരോ വർഗ്ഗക്കാരുടേയും കുത്തകയായിരുന്ന ചില പ്രത്യേക കലകളിൽനിന്ന് അവരുടെ തൊഴിലും ആചാരങ്ങളും നിഷ്പ്രയാസം മനസ്സിലാക്കാം. കേരളീയമായ മലയാളസാ

ഹിത്യത്തിന്റെ വളർച്ചയിലും വികസനത്തിലും കേരളീയ കലകൾ വഹിച്ചിട്ടുള്ള പങ്ക് അവിസ്മരണീയമാണ്.

പലേവിധത്തിലും പ്രശസ്തിയാർജ്ജിച്ച ഇത്രയധികം കലകളെ ഒരേസമയം പാലൂട്ടി വളർത്തിയിരുന്ന മറ്റേതെങ്കിലുമൊരു രാജ്യം ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. കലാക്ഷേത്രമായ കൈരളിയിൽ എത്രയെത്ര കലകളാണ് ജന്മമെടുത്തതു്; വളർന്നതു്; വികസിച്ചതു്. നിർഭാഗ്യമെന്നു പറയട്ടെ ഈ കലകളിൽ മിക്കവയും നശിച്ചു കഴിഞ്ഞിരിക്കുന്നു. അഥവാ നശിക്കാറായിരിക്കുന്നു. ചിലവയെല്ലാം പ്രോത്സാഹിപ്പിക്കാൻ അവിടവിടെ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും വിജയം കണ്ടറിയേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഒന്നിനും 'ടൈം' ഇല്ലാത്ത ഇക്കാലത്തു് ഈ പഴഞ്ചൻ കലകളെ ഉയർത്തിയെടുക്കാൻ ബുദ്ധിയുള്ള മനുഷ്യൻ മിനക്കെടുമോ? കഥകളി ഒന്നു മാത്രമാണ് ഇന്ന് അല്പമെങ്കിലും ജീവനോടെ നിലനില്ക്കുന്ന ഏക കേരളീയ കല. ഈ നിലയ്ക്ക് അതിവിദൂരമല്ലാത്ത ഒരു ഭാവിയിൽ, കൈരളിയുടേതു് എന്നു ധൈര്യമായി പറയാൻ കലാരംഗത്തു് ഒന്നും ശേഷിക്കുമെന്നു തോന്നുന്നില്ല.







# വിദ്യാഭ്യാസ രംഗത്തു്

ജോൺ കട്ടക്കയം

## എന്താണു വിദ്യാഭ്യാസം?

വിദ്യാഭ്യാസത്തിനു നൽകപ്പെട്ടിട്ടുള്ള നിർവ്വചനങ്ങൾ എത്രയെന്നോ, വ്യത്യസ്ഥമായ വീക്ഷണകോണങ്ങളിലൂടെ വിദ്യാഭ്യാസത്തെ നിർവ്വചിച്ചിട്ടുള്ളവർ ഏത്രയെന്നോ തിട്ടപ്പെടുത്തുക അസാദ്ധ്യമാണ്. ''നമുക്കു ജന്മനാൽ ഇല്ലാത്തതും വളരുമ്പോൾ ആവശ്യമുള്ളതുമായ എല്ലാ ഗുണങ്ങളെയും നമുക്കു നൽകുന്നതാണു വിദ്യാഭ്യാസം.'' എന്നു റൂസോവും ''സദാചാരപരമായ സ്വഭാവത്തെ വളർത്തുകയാണു വിദ്യാഭ്യാസം'' എന്നു ഹെർബർട്ടും ''ജീവിതം എന്ന ഈ മഹത്തായ കളിയുടെ നിയമങ്ങൾ പഠിക്കുക എന്നുള്ളതാണു വിദ്യാഭ്യാസം'' എന്നു തോമസ് ഹക്സിലിയും ''സ്വാഭാവികമായ വളർച്ചയെ ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കെത്തിക്കുവാൻ സഹായിക്കുന്നതാണു വിദ്യാഭ്യാസം'' എന്നു ഫ്രോബലും അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇതിൽനിന്നു ബാഹ്യമായ എന്തിന്റെയെങ്കിലും പ്രവേശനമോ അടിച്ചേൽപ്പിക്കലോ അല്ല; ഒരുവനിൽ ഒളിഞ്ഞു കിടക്കുന്ന ശക്തിവിശേഷത്തിന്റെ പ്രകാശനമാണു അഥവാ ആന്തരമായൊരു രൂപവൽക്കരണമാണു വിദ്യാഭ്യാസമെന്നു മനസ്സിലാക്കാം. ഒരുവന്റെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികാസമാണു വിദ്യാഭ്യാസം. അതു സ്വാതന്ത്ര്യത്തിന്റെയും, സമാധാനത്തിന്റെയും, സന്ദേശവും പുരോഗതിയുടെ പാതയിലെ വെളിച്ചവുമാണ്. വിദ്യാലയങ്ങളിലോ കലാലയങ്ങളിലോവച്ചു മാത്രമല്ലാ വിദ്യാഭ്യാസം നടക്കുന്നതു്. വിശാലമായ അർത്ഥത്തിൽ ശൈശവംമുതൽ ജീവിതാവസാനംവരെ നീണ്ടുനിൽക്കുന്ന ഒന്നാണു വിദ്യാഭ്യാസം. അതുകൊണ്ട് ''മനുഷ്യനെ രൂപീകരിക്കുകയും അവന്റേതായ പൂർണ്ണതയിലെത്താൻ അവനെ സഹായിക്കുകയും ചെയ്യുന്ന എല്ലാ പ്രക്രിയകൾക്കും വിദ്യാഭ്യാസം'' എന്നു പറയുന്നു. എന്നാൽ ഇവിടെ നാം വിദ്യാഭ്യാസമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു വിദ്യാലയങ്ങളിലോ കലാലയങ്ങളിലോ വച്ചു വിദ്യ അഭ്യസിക്കുന്ന രീതിയെ ആണ്.

## വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

എന്താണു വിദ്യാഭ്യാസമെന്നു ചുരുക്കമായി നാം കണ്ടുകഴിഞ്ഞു. ഇനി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലേക്കൊന്നു കണ്ണോടിക്കാം. മനുഷ്യനെ പൂർണ്ണമനുഷ്യനാക്കിത്തീർക്കുക—അതാണു വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. വികാരങ്ങളെ നിയന്ത്രിക്കുന്നതിനും, ബുദ്ധിയെ പ്രകാശിപ്പിച്ചു ശരിയും തെറ്റും തിരിച്ചറിയുന്നതിനും, ദുഷ്പ്രവണതകളെ അകറ്റി ധാർമ്മികമൂല്യങ്ങൾക്കു അർഹിക്കുന്ന പ്രാധാന്യം നൽകി സമുദായത്തി

നടിമകളാകാതെ നട്ടെല്ലുള്ള പൂർണ്ണമനുഷ്യരായി ജീവിക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയാണു വിദ്യാഭ്യാസത്തിലൂടെ ചെയ്യേണ്ടതു്. ''വിജ്ഞാനതൃഷ്ണ, വിനയസമ്പത്തു്, സേവനസന്നദ്ധത എന്നിവ നേടുക; അലസത, അഹങ്കാരം അമിതവ്യയശീലം എന്നിവ വർജ്ജിക്കുക'' തുടങ്ങിയവയൊക്കെയാണൊരർത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ.

വിദ്യാഭ്യാസം വ്യക്തിയെ സൽസ്വഭാവത്തിന്റെ പരിപൂർണ്ണതയിലേക്കു നയിക്കുവാൻ പര്യാപ്തമായിരിക്കുന്നതിനോടൊപ്പംതന്നെ സന്മാർഗ്ഗദർശകവും ജീവിതപരിശുദ്ധിക്കുതകുന്നതും ആയിരിക്കണം. വിദ്യാർത്ഥികളെ വിജ്ഞാനികളോ പണ്ഡിതന്മാരോ ഉദ്യോഗസ്ഥന്മാരോ നേതാക്കന്മാരോ ആക്കിത്തീർക്കുകയെന്നുള്ളതു വിദ്യാഭ്യാസത്തിന്റെ മൗലികമായ ലക്ഷ്യമല്ല. ജ്ഞാനസമ്പാദനത്തേക്കാളുപരി സ്വഭാവരൂപവൽക്കരണമാണു വിദ്യാഭ്യാസാദർശങ്ങളിൽ പ്രധാനമായതു്. അതു സാധിക്കാതെ ബുദ്ധിപരമായി എത്ര ഉയർന്നാലും എത്രതന്നെ ബിരുദം കരസ്ഥമാക്കിയാലും വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്ന പ്രയോജനം കരഗതമാവുകയില്ല. യുക്തിബോധവും വിവേചനാശക്തിയും ചുമതലാബോധവും വസ്തുനിഷ്ഠമായ സമീപനവും വികസിപ്പിക്കുന്നതിനുതകുന്നതായിരിക്കണം വിദ്യാഭ്യാസം; പ്രത്യേകിച്ചും സർവ്വകലാശാലാവിദ്യാഭ്യാസം.

## വിദ്യാഭ്യാസം എങ്ങോട്ടു്?

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഈവക ലക്ഷ്യങ്ങൾ സാധിക്കുന്നതിനു പര്യാപ്തമാണോ? അല്ല. കൊല്ലംതോറും കുറെ ബിരുദധാരികളെ സൃഷ്ടിച്ചുവിടുന്ന ഒരുതരം ഫാക്ടറികളായിത്തീർന്നിരിക്കുകയാണു് ഇന്നു നമ്മുടെ കലാലയങ്ങൾ. സ്കൂളുകളുടേയും കോളേജുകളുടേയും സംഖ്യ വർദ്ധിപ്പിച്ചാൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടു എന്നാണു നമ്മുടെ ധാരണ. സ്വഭാവരൂപവൽക്കരണത്തിനു യാതൊരു പ്രാധാന്യവുമില്ലാത്ത ഇവിടുത്തെ സാഹിത്യ വിദ്യാഭ്യാസംകൊണ്ടുമാത്രം ഒരുവനെ ഉത്തമ പൗരനാക്കാൻ സാധിക്കുകയില്ല. കുറെ ഗുമസ്ഥന്മാരെയും ഉദ്യോഗസ്ഥന്മാരെയും സൃഷ്ടിക്കുന്നതിനുവേണ്ടിമാത്രം ബ്രിട്ടീഷുകാരൻ ഇന്ത്യയിൽ പറിച്ചുനട്ട വിദ്യാഭ്യാസ സമ്പ്രദായം വികസിപ്പിച്ചു വികസിപ്പിച്ചു പോന്നതല്ലാതെ പുനസംവിധാനം ചെയ്യാൻ നമ്മുടെ നേതാക്കന്മാർ കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. കുറെ വൈററു കോളറുദ്യോഗങ്ങൾക്കു മാത്രമേ വിദ്യാഭ്യാസം ഇതുവരെ പ്രയോജനപ്പെട്ടിട്ടുള്ളു.

ഇന്നു നമ്മുടെ രാജ്യത്തു നിലവിലുള്ള വിദ്യാഭ്യാസവും ആസൂത്രണവും തമ്മിൽ യാതൊരു ബന്ധവുമില്ല. ലക്ഷോപലക്ഷം അഭ്യസ്തവിദ്യർ രാജ്യത്തു തൊഴിലില്ലാതെ അലഞ്ഞുതിരിയുന്നതു അതുകൊണ്ടു മാത്രമാണു്. ''പഠനശേഷം വിദ്യാർത്ഥികളുടെ പ്രായോഗിക ജീവിതത്തിനുതകുന്ന വിദ്യാഭ്യാസം നൽകണ''മെന്നു കോത്താരിക്കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടു്. ഇന്നു വിദ്യാർത്ഥികൾ പഠിക്കുന്ന വിഷയങ്ങൾക്കു പ്രായോഗിക ജീവിതവുമായി വലിയ ബന്ധമൊന്നുമില്ല.

യഥാർത്ഥത്തിൽ, ഇന്നത്തെ വിദ്യാർത്ഥികൾക്കറിവില്ല അവർ എന്തിനുവേണ്ടിയാണു വിദ്യാഭ്യാസം ചെയ്യുന്നതെന്നു്. വിദ്യാഭ്യാസത്തിന്റെ അത്യന്തിക ലക്ഷ്യത്തെയോ, പ്രയോജനത്തെയോ, അർത്ഥത്തെയോ പററി അവർക്കു യാതൊരു ഗ്രാഹ്യവുമില്ല. ഒരുതരം വ്യവസായ മനോഭാവത്തോടെയാണു നമ്മുടെ മാതാപിതാക്കളിലധികംപേരും തങ്ങളുടെ മക്കളെ വിദ്യാ







Senior Pre-Degree 'A' Batch 1968-'69



Senior Pre-Degree 'B' Batch 1968-'69



Senior Pre-Degree 'D' Batch 1968-'69




Senior Pre-Degree 'C' Batch 1968-'69

…്യാസത്തിനയക്കുന്നതും വിദ്യാർത്ഥികളിലധികംപേരും വിദ്യ അഭ്യസിക്കുന്നതും. അതിന്റെ ഫലമോ, അഭ്യസ്തവിദ്യരായ തൊഴിൽതെണ്ടികളുടെ സംഖ്യ വർദ്ധിക്കുന്നുവെന്നുള്ളതുമാത്രവും. ''സുപ്രസിദ്ധ ചിന്തകനായ ഡൗളിങ്ങിന്റെ അഭിപ്രായത്തിൽ ''ജ്ഞാനാർജ്ജനത്തിലാഹ്ലാദവും പഠിച്ചതു് ഉപയോഗപ്പെടുത്തി ജീവിക്കാനുള്ള സാധ്യതയും—ഇവ രണ്ടിനെയും തമ്മിലിണക്കിക്കൊണ്ടുള്ള ഒന്നാവും ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിനേററവും പററിയ വിദ്യാഭ്യാസം. ഏതായാലും കേവലം അക്ഷരവിദ്യമാത്രം നല്കുന്ന കാലഹരണപ്പെട്ട നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പുനഃസംവിധാനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## പരീക്ഷാസമ്പ്രദായം

ഇന്നത്തെ നമ്മുടെ പരീക്ഷാസമ്പ്രദായവും ഭാഗ്യക്കുറി നടത്തിപ്പും തമ്മിൽ എന്തെങ്കിലും അന്തരമുണ്ടെന്നു തോന്നുന്നില്ല. ഇന്നത്തെ വിദ്യാർത്ഥി അറിവു സമ്പാദിക്കുന്നതിനു വേണ്ടിയല്ല പഠിക്കുന്നതു്, പ്രത്യുത പരീക്ഷയ്ക്കുവേണ്ടിയാണു്. പത്തോ അഞ്ഞൂറോ പേജുകളുള്ള ഒരു പുസ്തകത്തിൽ നിന്നു പരീക്ഷക്കു വരുന്നതു കേവലം ഇരുപത്തഞ്ചുപേജുകളെമാത്രം സ്പർശിക്കുന്ന ചോദ്യങ്ങളായിരിക്കും. ആ ഇരുപത്തിയഞ്ചു പേജുമാത്രം പഠിച്ചു പരീക്ഷയെഴുതുന്ന വിദ്യാർത്ഥിക്കു അഞ്ഞൂറുപേജും പഠിക്കുന്ന വിദ്യാർത്ഥിയെക്കാളും കൂടുതൽ മാർക്കു് ഒരു പക്ഷെ ലഭിച്ചെന്നുവരും. ഇത്തരം ചുററുപാടുകളിൽ പഠിക്കുന്ന വിഷയത്തിന്റെ അർത്ഥമോ വൈപുല്യമോ പ്രാധാന്യമോ മനസ്സിലാക്കാതെ ഏതാനും ചില ഭാഗങ്ങൾമാത്രം തിരഞ്ഞെടുത്തു മനഃപാഠമാക്കി പരീക്ഷക്കെഴുതുകയാണു ചെയ്യുന്നതു്.

രണ്ടും മൂന്നും വർഷം ദൈർഘ്യമുള്ള കോഴ്സുകളുടെ അവസാനം ഒരു പരീക്ഷ നടത്തി അതിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽമാത്രം വിദ്യാർത്ഥികളുടെ നിലവാരം കണക്കാക്കുന്നതൊരിക്കലും ശരിയായിരിക്കുകയില്ല. ഉണ്ടേസ്റ്റോറിയുടെ അഭിപ്രായത്തിൽ ''പരീക്ഷയുത്തരമെഴുതാൻവിധത്തിൽ ഒരോ പ്രശ്നത്തെയും മുൻനിർത്തി നോട്ടെഴുതിക്കൊടുത്തു അതു പഠിച്ചുവന്ന് ഉരുവിട്ടുപസ്ഥിതമാക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കലാണിവിടത്തെ പരിപാടി. ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചു പരീക്ഷയിൽ കടന്നുകൂടണമെങ്കിൽ ക്ലാസ്സിൽ കയറുകയോ ശ്രദ്ധിക്കുകയോ ഒന്നും ചെയ്യേണ്ട ആവശ്യമില്ല, ഗൈഡുകളെയും അദ്ധ്യാപകൻ തരുന്ന നോട്ടിനെയും ആശ്രയിച്ചാൽ മതി. ഈ രീതി തുടർന്നു പോകുകയാണെങ്കിൽ വിദ്യാർത്ഥികളിൽ ചിന്താശക്തിയും അന്വേഷണതൃഷ്ണയും കാര്യകാരണസഹിതം പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തിയും ഉണ്ടാകുകയില്ല. അതുകൊണ്ടു് ഇന്നു നിലവിലിരിക്കുന്ന പരീക്ഷാസമ്പ്രദായത്തിൽ സമൂലവും കാലോചിതവുമായ പരിവർത്തനങ്ങൾ വരുത്തിയേ തീരൂ.

## ബോധനമാദ്ധ്യമം

വിദ്യാഭ്യാസത്തെപ്പററി ചിന്തിക്കുമ്പോൾ ബോധനമാദ്ധ്യമം ഏതായിരിക്കണമെന്നുള്ള കാര്യം വിട്ടുകളയുക സാദ്ധ്യമല്ല. സർവ്വകലാശാലാതലത്തിൽ അദ്ധ്യയനമാദ്ധ്യമം മാതൃഭാഷ ആയിരിക്കണമോ രാഷ്ട്രഭാഷയായ ഹിന്ദി ആയിരിക്കണമോ അതോ ഇന്നത്തെ നിലയിൽ ഇംഗ്ലീഷ് തുടരണമോ എന്നുള്ളതാണു പ്രശ്നം. സ്കൂളുകളിലും കോളേജുകളിലും അദ്ധ്യയനമാദ്ധ്യമം മാതൃഭാഷതന്നെയായിരിക്കണമെന്നാണു കോത്താരിക്കമ്മീഷന്റെ അഭിപ്രായം. ''ഇംഗ്ലീഷ് ഉപേക്ഷിച്ചാൽ നമ്മുടെ വിജ്ഞാനമണ്ഡലമാകെ അന്ധകാരാവൃതമായിത്തീരുമെന്നു കരു

ുന്ന ഒരുതരം അന്ധവിശ്വാസികൾ നമ്മുടെയിടയിലുണ്ട്.'' പ്രാദേശിക ഭാഷകൾ അദ്ധ്യയനമാദ്ധ്യമമാക്കിയാൽ ഇന്ത്യയുടെ ദേശീയോൽഗ്രഥനം അപകടത്തിലാവുമെന്നാണ് നമ്മുടെ ഇംഗ്ലീഷ് പ്രേമികളുടെ ശങ്ക. അമ്പതോളം റിപ്പബ്ലിക്കുകൾ ഉള്ള സോവ്യറ്റ് റഷ്യയിൽ പ്രാദേശിക ഭാഷകളിൽ അദ്ധ്യയനം നടത്തിയിട്ടും ആ രാജ്യത്തിന്റെ ദേശീയോൽഗ്രഥനത്തിനു യാതൊരു ഉലച്ചിലും സംഭവിച്ചിട്ടില്ല. അതുകൊണ്ട് പ്രാദേശിക ഭാഷാമാദ്ധ്യമം സ്വീകരിച്ചാൽ ഇന്ത്യ പതിനേഴ് സ്വതന്ത്രരാജ്യങ്ങളായി മാറുമെന്നും മററുമുള്ള വാദഗതിയിൽ വലിയ കഴമ്പൊന്നുമില്ലെന്നു വ്യക്തമാണ്.

അനായാസമായി വിഷയം ശരിക്കു മനസ്സിലാക്കാനും പഠിക്കാനും പ്രയോഗിക്കാനും അനുയോജ്യമായ ഭാഷ മാതൃഭാഷയാണെന്നുള്ളതിൽ തർക്കമില്ല. പ്രാദേശികഭാഷകളിൽ ആവശ്യത്തിനു ശാസ്ത്ര പുസ്തകങ്ങളില്ലെങ്കിൽ മററു ഭാഷകളിൽ നിന്നു തർജ്ജിമകൾ ചെയ്യുകയോ, നമ്മുടെ ശാസ്ത്രസാഹിത്യകാരന്മാർ മാതൃഭാഷയിൽ പുസ്തകങ്ങൾ എഴുതുകയോ ചെയ്യട്ടെ. പക്ഷെ തർജ്ജിമകൾ ഓരോ ഭാഷയിലും ഓരോ വിധത്തിലാകരുതെന്നുമാത്രം. ഇന്ത്യയിലങ്ങോളമിങ്ങോളം സാങ്കേതിക സംജ്ഞകൾക്കൈകരൂപ്യം വരുത്തുകയാണെങ്കിൽ പ്രാദേശികഭാഷകളിലൂടെ അദ്ധ്യയനം നടത്തിയാലുണ്ടാകാവുന്ന പ്രയാസങ്ങളെ തരണം ചെയ്യുവാൻ സാധിക്കുന്നതാണ്. ബോധനമാദ്ധ്യമം മാതൃഭാഷ ആയിരിക്കുന്നതോടൊപ്പം ഇംഗ്ലീഷും നാം പഠിക്കണം. പക്ഷെ ''ഇംഗ്ലീഷിലൂടെ പഠിക്കുന്നതും ഇംഗ്ലീഷ് പഠിക്കുന്നതും രണ്ടാണെന്നുമാത്രം.'' അദ്ധ്യയനമാദ്ധ്യമം മാതൃഭാഷയായെങ്കിൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസം സാമാന്യജനങ്ങളുടേതാകുകയുള്ളൂ.



## ഗുരുശിഷ്യബന്ധം

ഗുരുശിഷ്യബന്ധത്തിനു സംഭവിച്ചിരിക്കുന്ന ശൈഥില്യമാണ് ഇന്നു വിദ്യാഭ്യാസമണ്ഡലത്തിലുള്ള പല പ്രശ്നങ്ങൾക്കും കാരണം. ''ഈശ്വരനെന്നും ഗുരുവെന്നും രണ്ടില്ല, നിശ്ചയിച്ചോർക്കുമ്പോളൊന്നുതന്നെ'' എന്നു പഠിപ്പിച്ചിരുന്ന ഭാരതഭൂമിയിൽ. പാവനമായ ആ ഗുരുശിഷ്യബന്ധം ഇങ്ങിനിവരാത്തവണ്ണം കേവലം അപ്രായോഗികമായ സ്വപ്നമോ ഓർമ്മയോ മാത്രമായി മാറിയിരിക്കുകയാണ്. വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചതാണു ഗുരുശിഷ്യബന്ധം തകരാനുള്ള കാരണങ്ങളിലൊന്ന്. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം ഇന്നു വളരെയധികം വർദ്ധിച്ചിരിക്കുന്നതു നിമിത്തം വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനോ പഠിക്കുന്നതിനോ അദ്ധ്യാപകർക്കു സാധിക്കുന്നില്ല.

രാഷ്ട്രശില്പികളായ അദ്ധ്യാപകർക്കു സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി നന്നാക്കുവാനോ നശിപ്പിക്കുവാനോ സാധിക്കും. ''ആശാനക്ഷരമൊന്നു പിഴച്ചാൽ'' ............? ഒരദ്ധ്യാപകനു മാർഗ്ഗഭ്രംശം സംഭവിച്ചാൽ ആയിരങ്ങളാണു നാശത്തിലേക്കു നിപതിക്കുന്നതു്. രാഷ്ട്രത്തിന്റെ ഭാവി അർപ്പിക്കപ്പെട്ടിരിക്കുന്നതു് അദ്ധ്യാപകരുടെ കൈകളിലാണ്. അദ്ധ്യാപനം വെറുമൊരു തൊഴിലോ ഉദ്യോഗമോ മാത്രമല്ല. അദ്ധ്യാപകൻ ഒരു ശമ്പളക്കാരൻ മാത്രമാണെന്ന ധാരണ വിദ്യാർത്ഥികൾക്കുണ്ടെങ്കിൽ അതു തുടച്ചു നീക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. രാഷ്ട്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അനല്പമായ പങ്കുള്ള അദ്ധ്യാപകരെ സമുദായം അങ്ങേയററം ബഹുമാനിക്കേണ്ടതായുണ്ട്. എങ്കിൽ മാത്രമേ വിദ്യാർത്ഥികളിലും ആ മനോഭാവം ഉളവാകുകയുള്ളൂ.



വിദ്യാർത്ഥികളെ പേടിച്ചും അവരുടെ ഹിതാനുവർത്തികളായും അദ്ധ്യാപകർ കഴിയണമെന്നുള്ള ഒരവസ്ഥയാണിന്നുള്ളതു്. ഈ പ്രവണത അപകടകരമാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും പരസ്പരം ധാരണയോടും ബഹുമാനത്തോടുംകൂടി നീങ്ങിയെങ്കിൽ മാത്രമേ വിദ്യാഭ്യാസം സുഗമമായി മുന്നോട്ടുപോകൂ. അതുകൊണ്ടു പൗരാണികകാലം മുതൽ നിലനിന്നു പോന്നിരുന്ന സ്നേഹബഹുമാനാധിഷ്ഠിതമായ ഗുരുശിഷ്യബന്ധം പുനഃസ്ഥാപിക്കുകയാണിന്നത്തെ അടിയന്തിരാവശ്യം.

രാഷ്ട്രീയാഭാസകാരുടെയും സാമൂഹ്യവിരുദ്ധ ശക്തികളുടെയും അനാവശ്യമായ കൈകടത്തലുകൾ വിദ്യാർത്ഥികളിൽ അച്ചടക്കരാഹിത്യ മനോഭാവം വളർത്തുന്നതിനു മതിയായ കാരണമാണ്. കാര്യസാദ്ധ്യത്തിനായി ഏതു ഹീനമാർഗ്ഗവും സ്വീകരിക്കുവാൻ മടിയില്ലാത്ത അക്കൂട്ടർ നാളെയുടെ ആശാകേന്ദ്രങ്ങളായ വിദ്യാർത്ഥികളെ തങ്ങളുടെ കളിപ്പാവകളാക്കി സ്വന്തം കാര്യം കാണുന്നു. രാഷ്ട്രീയച്ചുവയില്ലാത്ത വിദ്യാർത്ഥി സമരങ്ങൾ വിരളമാണ്. അതുകൊണ്ടു വരുന്ന തലമുറ നാശത്തിന്റെ അഗാധ ഗർത്തത്തിൽ നിപതിക്കാതിരിക്കണമെന്നുണ്ടെങ്കിൽ, അത്തരക്കാരെ കെട്ടുകെട്ടിക്കാതെ സാദ്ധ്യമല്ല.

സംസ്കാരം അതിന്റെ എല്ലാവിധ പ്രൗഢിയോടുംകൂടി കുതിച്ചുപായുന്ന ഇക്കാലത്തു്, വളർന്നുവരുന്ന യുവതലമുറക്കു മാർഗ്ഗദർശനം നൽകേണ്ട നമ്മുടെ ജനപ്രതിനിധികൾ പാർലമെൻറിലും അസംബ്ലി മന്ദിരങ്ങളിലും കാട്ടിക്കൂട്ടുന്നതെന്താണ്? അച്ചടക്കത്തിന്റെ ഒന്നാംതരം മാതൃക!! വിദ്യാർത്ഥിവർഗ്ഗം സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പുമാത്രമാണ്. സമൂഹത്തിന്റെ ഏതു തുറയിലാണിന്നച്ചടക്കം പ്രകടമാകുന്നതു്? പിന്നെങ്ങനെ സമൂഹജീവികളായ വിദ്യാർത്ഥികൾ അച്ചടക്കമുള്ളവരായിത്തീരും? ഇളംതലമുറയുടെ അച്ചടക്കരാഹിത്യത്തെപ്പററി വാതോരാതെ പ്രസംഗിക്കുന്ന രാഷ്ട്രീയക്കാരും വിദ്യാവിചക്ഷണന്മാരും ഇക്കാര്യം ഒന്നു സ്മരിക്കണം.

അതുകൊണ്ടു വിദ്യാർത്ഥികളിൽ കാണുന്ന അച്ചടക്കരാഹിത്യത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം വിദ്യാർത്ഥികളിൽതന്നെ കെട്ടി വയ്ക്കുന്നതിൽ അർത്ഥമില്ല. എങ്കിലും സാമൂഹ്യവിരുദ്ധ ശക്തികളുടെയും രാഷ്ട്രീയക്കാരുടെയും ബലിയാടുകളാകാതെ, തങ്ങളുടെ കർത്തവ്യം മറക്കാതെ, മുന്നോട്ടുപോകേണ്ട ചുമതല ഓരോ വിദ്യാർത്ഥിക്കുമുണ്ട്.

## സാമൂഹ്യസേവനം

വിദ്യാർത്ഥികളുടെ സന്മാർഗ്ഗികശക്തിയെ ക്രിയാത്മകമായ പന്ഥാവുകളിലൂടെ തിരിച്ചുവിടുകയാണെങ്കിൽ അച്ചടക്കരാഹിത്യത്തിനൊട്ടൊക്കെ ശമനം ഉണ്ടാകാതിരിക്കുമോ? തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ ഇന്നു വിദ്യാർത്ഥികൾക്കു വേണ്ടത്ര അവസരങ്ങൾ ലഭിക്കുന്നില്ല. വിദ്യാഭ്യാസത്തെ ജനകോടികളുടെ ക്ഷേമത്തിനുപയുക്തമാക്കാനുള്ള ഉദ്യമത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യസേവനം നിർബ്ബന്ധിതമാക്കിയേ തീരൂ. ''വിദ്യാഭ്യാസം ഫലപ്രാപ്തിയിലെത്തണമെങ്കിൽ അതു നമ്മുടെ പരിസരത്തു പരിമളം പരത്തണം. നാം സമ്പാദിച്ച അറിവു മററുള്ളവർക്കുകൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ വിനിയോഗിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യസേവനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലൊന്നായി കണക്കാക്കി ക്ലാസ്സ്സമയം കഴിഞ്ഞു ലഭിക്കുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ പരിമിതമായ തോതിൽ അതിനായി പ്രവർത്തിക്കേണ്ട ചുമതല ഓരോ വിദ്യാർത്ഥിക്കുമുണ്ട്.

ഇന്നത്തെ അഭ്യസ്ത വിദ്യരിൽ ഭൂരിഭാഗവും സാധാരണ ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാതെ സമൂഹത്തിന്റെ ഉയർന്ന തട്ടിൽ സ്വൈരവിഹാരം നടത്തുകയാണ്. അവർ തങ്ങളുടെ സഹജീവികളുടെ നീറുന്ന ജീവിത പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുന്നു. അതിനവരെ തെറ്റുപറഞ്ഞിട്ടു കാര്യമില്ല; ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പഠിച്ചവർക്കും പഠിക്കാത്തവർക്കുമിടയിൽ ഒരു വിടവു സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസരംഗത്തു സാമൂഹ്യസേവന സംഘടനകൾക്കു മതിയായ പ്രാധാന്യം നൽകാത്തതാണു മറ്റൊരു കാരണം. വിദ്യാർത്ഥികളിൽ, സമൂഹത്തിലെ ഒരു എളിയ അംഗമാണു താനെന്നും ധാർമ്മികമായി മറ്റുള്ളവരോടു കടപ്പെട്ടിരിക്കുന്നുവെന്നും സമൂഹത്തോടുള്ള കടമ നിർവ്വഹിക്കുവാൻ താൻ ബാദ്ധ്യസ്ഥനാണെന്നും ഉള്ള ബോധം ഉണ്ടായേ തീരൂ.

ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടി നിരാശയുടെ അഗാധ ഗർത്തത്തിൽ നിപതിച്ചിരിക്കുന്ന സാധുജനങ്ങളെ കൈകൊടുത്തുയർത്തുന്നതിൽ വിദ്യാർത്ഥികൾക്കു പലതും ചെയ്യാൻ സാധിക്കും. മാനുഷിക ബന്ധങ്ങളുടെ മഹനീയതയെക്കുറിച്ചു ഇന്നത്തെ വിദ്യാർത്ഥികൾ ബോധവാന്മാരാകേണ്ടതാണ്. സാമൂഹ്യസേവന തല്പരതയും, ത്യാഗസന്നദ്ധതയും ഇല്ലാത്ത ഒരു വിദ്യാർത്ഥിവർഗ്ഗത്തെക്കൊണ്ടു സ്വാതന്ത്ര്യഭാരതത്തിനു യാതൊന്നും നേടാനില്ല.





# ചന്ദ്രനിലേക്ക് മനുഷ്യൻ

[illegible] II B. Sc.

"ചന്ദ്രനിലേയ്ക്കുള്ള മനുഷ്യൻ"— പേരു കേൾക്കുമ്പോൾ തന്നെ തോന്നുന്നതു് മനുഷ്യൻ ചന്ദ്രനെ പ്രദക്ഷിണം വച്ചശേഷം തിരിച്ചെത്തിയവരിൽ ആരെങ്കിലുമോ ചന്ദ്രനിൽ ആദ്യമായി കാലുകുത്തുന്ന വ്യക്തിയോ മറ്റോ ആയിരിക്കുമെന്നാണ്. ഒരുപക്ഷെ റോബർട്ട് ഹച്ചിങ്ങ്സ് ഗോഡ്ഡാർഡായിരിക്കും ഈ പേരിനർഹമായ ആദ്യത്തെ വ്യക്തി. "അമേരിക്കൻ റോക്കറ്റുശാസ്ത്രത്തിന്റെ പിതാവ്", എന്ന നാമധേയത്തിൽ ബഹുമാനിക്കപ്പെടുന്ന അദ്ദേഹം തന്റെ തത്വങ്ങളും പരീക്ഷണങ്ങളുമായി മുന്നോട്ടു വന്നപ്പോൾ പരിഹസിക്കുന്നതിനുവേണ്ടി നല്കിയ പേരാണ്—"ചന്ദ്രനിലേയ്ക്കുള്ള മനുഷ്യൻ." മനുഷ്യൻ ചന്ദ്രനിലെത്തുകയെന്നതു് ഒരു ദിവാസ്വപ്നം മാത്രമാണെന്നു് വിശ്വസിച്ചിരുന്ന അക്കാലത്തു് തനിക്കെതിരേ പൊന്തിവന്ന ആക്ഷേപങ്ങളെയെല്ലാം തന്റേടപൂർവ്വം നേരിട്ടുകൊണ്ടു് തന്റെ തത്വങ്ങളിൽ പൂർണ്ണവിശ്വാസമർപ്പിച്ചു് അചഞ്ചലനായി നിന്നു, വിനയശാലിയായ ആ മനുഷ്യൻ. റോക്കറ്റു കത്തിക്കുന്നതിനെ നിരോധിച്ചുകൊണ്ടു് ഗോഡ്ഡാർഡിനെ വിഷമിപ്പിച്ച ഗവണ്മെന്റു് അദ്ദേഹത്തിന്റെ മരണശേഷം ഭാര്യക്കു് 10 ലക്ഷം ഡോളർ നല്കി—മരിച്ചു് മൂന്നാട്ടുമൂന്നായിത്തീരുമ്പോഴേക്കും പെൻഷൻ അനുവദിച്ചു കൊടുക്കുന്നതിനോടു് സാധർമ്മ്യമുള്ള ഒരു പ്രവൃത്തി. വിഘ്നങ്ങളെ നേരിട്ടപ്പോൾ അദ്ദേഹം കാണിച്ച ആത്മവിശ്വാസവും "ഒന്നിനും തടുക്കാനാവാത്തതും ബ്രഹ്മാണ്ഡത്തിലെ ഗൂഢതകളിലേയ്ക്കും ശൂന്യതകളിലേക്കും ഇറങ്ങിച്ചെല്ലുന്നതുമായ" ഇച്ഛാശക്തിയുമാണ് മനുഷ്യന്റെ മഹത്തായ നേട്ടങ്ങളുടെ അടിസ്ഥാനക്കല്ലുകൾ.

റോക്കറ്റിന്റെ പ്രാകൃതരൂപങ്ങൾ വളരെ പഴയകാലത്തുതന്നെ കണ്ടുപിടിക്കപ്പെട്ടു. മറ്റുപലതിന്റേയുമെന്നപോലെതന്നെ റോക്കറ്റിന്റേയും ഉത്ഭവം പ്രാചീന ഗ്രീസ്സിലാണ്. ചില കരിമരുന്നു പ്രയോഗങ്ങളിലും കപ്പലപകടങ്ങൾ ഉണ്ടാകുമ്പോൾ യാത്രക്കാരെ രക്ഷിക്കുന്നതിനുവേണ്ടി കമ്പക്കയറുകൾ അയച്ചുകൊടുക്കുന്നതിലും ഉപയോഗിച്ചിരുന്ന തത്വം റോക്കറ്റുകളിൽ ഉപയോഗിക്കുന്ന തത്വം തന്നെയാണ്. ഇന്ധനങ്ങൾ കത്തുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വാതകങ്ങൾ വളരെ ശക്തിയായി പുറത്തേക്കു് തള്ളപ്പെടുമ്പോൾ റോക്കറ്റു് വളരെ വേഗത്തിൽ മുന്നോട്ടു കുതിക്കുന്നു.

റോക്കറ്റിന്റെ ആഗമനത്തിനു മുൻപ് ബലൂണിന്റെ സഹായത്തോടെ സഞ്ചാരികൾ യാത്ര നടത്തിയിരുന്നു. ഭാരം കുറവുള്ള വാതകങ്ങളായ ഹൈഡ്രജൻ

അപൂർവ്വ വാതകമായ ഹീലിയം ഇവയാണു് ഈ ബലൂണുകളിൽ നിറച്ചിരുന്നതു്. ബലൂണിനോടു് മനുഷ്യനിരിക്കുന്ന പേടകത്തെ ബന്ധിക്കും. ബലൂൺ സ്വതന്ത്രമായി വിടുമ്പോൾ ഭാരക്കുറവുകൊണ്ടു് അന്തരീക്ഷത്തിലേയ്ക്കുയരുന്നു. പേടകത്തിൽ സൂക്ഷിച്ചിരിക്കുന്ന ഈയക്കട്ടകൾ പോലുള്ള ഘനംകൂടിയ വസ്തുക്കൾ താഴേക്കു് ഇട്ടുകൊണ്ടു് വേഗത വർദ്ധിപ്പിക്കുവാൻ സാധിക്കും. യാത്രക്കാർ പ്രാണവായു, ജലം തുടങ്ങിയവ തങ്ങളോടുകൂടി കൊണ്ടുപോയിരുന്നു. പേടകം ആവശ്യത്തിനുയരം കഴിയുമ്പോൾ ബലൂണുമായി ഘടിപ്പിച്ചിട്ടുള്ള വാൽവുകൾ പ്രവർത്തിപ്പിച്ചു് വാതകം പുറത്തേയ്ക്കൊഴുകുന്നതിനു് അനുവദിക്കുന്നതോടെ ബലൂൺ സാവധാനം താഴുന്നു. വളരെയധികം അപകടങ്ങൾ നിറഞ്ഞതായിരുന്നു ഈ യാത്രകൾ.

യുദ്ധങ്ങൾ ശാസ്ത്രീയരംഗത്തു് അത്ഭുതാവഹങ്ങളായ പരിവർത്തനങ്ങളുണ്ടാക്കുന്നു. രണ്ടാം ലോകമഹായുദ്ധകാലത്തു് ശാസ്ത്രം നാനാവിധത്തിൽ പുരോഗമിച്ചു. ഇന്നത്തെ ബാഹ്യാകാശ പരീക്ഷണങ്ങളുടെ പ്രാഥമിക ഘട്ടങ്ങൾ രണ്ടാം ലോകമഹായുദ്ധകാലത്തു് ജർമ്മനിയിലാണു് നടന്നതു്. ശത്രുക്കൾക്കെതിരെ ഉപയോഗിക്കുന്നതിനുവേണ്ടി ജർമ്മൻകാർ നിർമ്മിച്ച ''വി-2'' റോക്കറ്റുകളാണു് ഇന്നത്തെ റോക്കറ്റിന്റെ മുന്നോടികൾ. യുദ്ധാനന്തരം ജർമ്മനിയുടെ ശാസ്ത്രജ്ഞന്മാരേയും ശാസ്ത്രീയ സമ്പത്തിനേയും റഷ്യയും അമേരിക്കയും പങ്കുവച്ചു. അങ്ങനെ അവർ ബാഹ്യാകാശപരീക്ഷണങ്ങളുടെ അധിനായകന്മാരായി.

അമിതശീതോഷ്ണങ്ങൾ, അന്ധകാരം, അണുപ്രസരം, ഗുരുത്വാകർഷണം, മനശ്ശല്യം വാഹനത്തിനകത്തെ ജയിൽവാസം—ഇപ്രകാരം നിരവധി പ്രതിബന്ധങ്ങൾ ബാഹ്യാകാശ സഞ്ചാരികളുടെ മുൻപിൽ വിലങ്ങടിച്ചു് കിടന്നിരുന്നു. വായുമണ്ഡലം 250 മൈൽ ഉയരംവരെ മാത്രമേ വ്യാപിച്ചിട്ടുള്ളു. 3 നാഴിക കഴിഞ്ഞാൽ പ്രാണവായു നല്കുന്ന മുഖംമൂടി, 10 നാഴിക കഴിഞ്ഞാൽ ശരീരത്തിനിണങ്ങിയ അന്തരീക്ഷമർദ്ദം നല്കുന്ന ഉപകരണം, 15 നാഴിക കഴിഞ്ഞാൽ വായുസഹായം കൂടാതെ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ—ഇവ ബാഹ്യാകാശ യാത്രക്കു് ആവശ്യമാണു്. വിദ്യുച്ഛക്തിയേററ ഹൈഡ്രജൻ അണുക്കൾ, 10 കോടി ഇലക്ട്രോൺവോൾട്ടിലേറെ ശക്തിയുള്ള വാൻ അല്ലൻപടലങ്ങൾ, മണിക്കൂറിൽ രണ്ടു കോടി യൂണിറ്റെന്ന തോതിൽ X-ray പ്രസരം, കോസ്മിക്‌രശ്മികൾ, പൊടിപടലങ്ങൾ, ഉല്ക്കകൾ—ഇങ്ങനെ നൂറുനൂറു പ്രശ്നങ്ങളെ തരണം ചെയ്യേണ്ടിയിരുന്നു ഒരു ബാഹ്യാകാശയാത്രികനു്. ബാഹ്യാകാശത്തിൽ എപ്പോഴും അർദ്ധരാത്രിയാണു്. സൗരമണ്ഡലത്തിൽ സൂര്യനുണ്ടെങ്കിലും അന്തരീക്ഷത്തിന്നപ്പുറത്തു് ഇരുട്ടു തന്നെയാണു്. പ്രകാശതരംഗങ്ങൾ വെളിച്ചമാകാൻ തട്ടിത്തിളങ്ങാൻ ഒരു വസ്തു വേണം.

നിയന്ത്രിതമല്ലാത്ത ബലൂണുകളുടെ കാലംപോയി. ഇന്നു് മനുഷ്യൻ റോക്കറ്റുകളുടെ സഹായത്തോടെ ബാഹ്യാകാശ യാത്ര നടത്തുന്നു. തൊടുത്തുവിടൽ പീഠത്തിൽ സ്ഥാപിക്കുന്നതിനു് മുൻപും പിൻപും റോക്കറ്റിനേയും പേടകത്തേയും നിരവധി പരീക്ഷണങ്ങൾക്കു് വിധേയമാക്കുന്നു. റോക്കറ്റിന്റെ സ്ഥാനം, ഗതി, വേഗത ഇവ നിശ്ചയിച്ചു് കംപ്യൂട്ടറിലേക്കു് അയച്ചുകൊടുക്കുന്ന ഉപകരണങ്ങളാണു് ടെലിമീററുകൾ. ഇനേർഷ്യൽ ഗൈഡൻസ് ഉപകരണത്തിന്റെ സഹായത്തോടെ നിയന്ത്രണം സാധ്യമാക്കുന്നു. റേഡിയോ നിയന്ത്രണമാണു് ഇതിലുപയോഗിക്കുന്നതു്. പേടകത്തിൽ വളരെ സുരക്ഷിതങ്ങളായ ഇരിപ്പിടങ്ങളാണു്





സഞ്ചാരികൾക്കുവേണ്ടി സജ്ജീകരിച്ചിട്ടുള്ളതു്.

റോക്കറ്റുകളുടെ ആഗമനത്തോടുകൂടി റഷ്യയും അമേരിക്കയും ബാഹ്യാകാശ പരീക്ഷണങ്ങളുടെ കാര്യത്തിൽ മത്സരബുദ്ധിയോടുകൂടി പ്രവർത്തിച്ചു തുടങ്ങി. 1957-ൽ റഷ്യ ആദ്യത്തെ ശൂന്യാകാശ പേടകമായ 'സ്പുട്നിക്-1' വിജയകരമായി പ്രക്ഷേപിച്ചു. റഷ്യ 'സ്പുട്നിക്-2' വിക്ഷേപിച്ചതിനുശേഷമാണു് അമേരിക്കക്കു് 'എക്സ്പ്ലോറർ' വിക്ഷേപിക്കുവാൻ സാധിച്ചതു്. റഷ്യയി യൂറിഗഗാറിനാണു് ആദ്യമായി ശൂന്യാകാശത്തിലെത്തിയതു്. (അദ്ദേഹം 1968 മാർച്ച്-28-നു് ഒരു വിമാനാപകടത്തിൽപ്പെട്ടു് മൃതിയടഞ്ഞു.) തുടർന്നു് പല റഷ്യാക്കാരും അമേരിക്കക്കാരും ബാഹ്യാകാശപര്യടനം നടത്തി. സ്ത്രീകളിക്കാര്യത്തിൽ വളരെയധികം പിന്നോക്കമല്ലെന്നു് കാണിക്കുവാൻവേണ്ടി വാലന്റീന തെരഷ്ക്കോവ തന്റെ ബാഹ്യാകാശ യാത്ര വിജകരമായി പൂർത്തിയാക്കി. റഷ്യക്കു് ഒരു റോക്കറ്റു് ചന്ദ്രനിൽ സാവധാനം ഇറക്കുന്നതിനു് സാധിച്ചുവെന്നുള്ളതും പല റഷ്യൻ സഞ്ചാരികളും അമേരിക്കൻ സഞ്ചാരികളും പേടകത്തിനു് പുറത്തിറങ്ങുകയും ബാഹ്യാകാശത്തിൽ നടക്കുകയും ചെയ്തുവെന്നതും വലിയ നേട്ടങ്ങളാണു്.

സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യപ്പെടുന്നുവെങ്കിലും ബാഹ്യാകാശ യാത്ര ആപത്തുകൾ നിറഞ്ഞതാണു്. അമേരിക്കയുടെ മൂന്നു് ബാഹ്യാകാശസഞ്ചാരികൾ ബാഹ്യാകാശപേടകത്തിലിരുന്നു് വിക്ഷേപണത്തിനു മുൻപുണ്ടായ അപകടത്തിൽ മൃതിയടയുകയുണ്ടായല്ലോ? റഷ്യൻ സഞ്ചാരിയായ കൊമറോവ്വ് ബാഹ്യാകാശത്തുവച്ചു് മരിച്ച ആദ്യത്തെ വ്യക്തിയാണു്. ഭൂമിയുടെ ആകർഷണശക്തിയിൽനിന്നു് സ്വതന്ത്രമായി പോകുമ്പോൾ അനുഭവപ്പെടുന്ന ഭാരമില്ലായ്മ മനുഷ്യന്റെ ഉല്പാദനശക്തിയെ ദോഷകരമായി ബാധിക്കുമെന്നു് അമേരിക്കൻ ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. പക്ഷെ ആപത്തുകളെ ഭയപ്പെടാതെ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടു് മനുഷ്യൻ തന്റെ ജൈത്രയാത്ര തുടരുകയാണു്.

ഈയടുത്തകാലത്തു് അമേരിക്കയും റഷ്യയും രണ്ടു് വമ്പിച്ച വിജയങ്ങൾ കരസ്ഥമാക്കുക ഉണ്ടായല്ലോ? അപ്പോളോ-8-ലെ യാത്രക്കാരായ ഫ്രാങ്ക്ബോർമാൻ, ജെയിംസ്‌ലോവൽ, വില്യം ആൻഡേഴ്സ് എന്നിവർ പല പുതിയ റിക്കാർഡുകളും സൃഷ്ടിച്ചുകൊണ്ടു് ചന്ദ്രനെ പത്തു തവണ ചുററുകയും തിരിച്ചു് നിരപായം ഭൂമിയിലെത്തുകയും ചെയ്തപ്പോൾ അമേരിക്ക ഈ മത്സരയോട്ടത്തിൽ റഷ്യയെ പിന്നിലാക്കിയെന്നു് തോന്നുന്നു. 5 ലക്ഷത്തിൽപ്പരം മൈലുകൾ സഞ്ചരിച്ചിട്ടും നിശ്ചിത സമയത്തിൽനിന്നു് മൂന്നു് മിനിട്ടേ താമസിച്ചുള്ളു അവർ ഭൂമിയിലെത്താൻ. മണിക്കൂറുകളോളംതന്നെ പതിവായി താമസിച്ചെത്തുന്ന നമ്മുടെ തീവണ്ടികളുടെ യാത്രയുമായി ഈ യാത്രയെ ഒന്നു താരതമ്യപ്പെടുത്തി നോക്കുക. മനുഷ്യനിയന്ത്രിതമായ സ്പേയ്സ്‌സ്റ്റേഷൻ സ്ഥാപിച്ചുവെന്നതാണു് റഷ്യയുടെ വലിയ നേട്ടം. മനുഷ്യചരിത്രത്തിലാദ്യമായി ബാഹ്യാകാശത്തുവച്ചു് സന്ധിച്ചു് യാത്രക്കാരെ കൈമാറിയ ഉപഗ്രഹങ്ങളാണു് സോയുസ്-4-ഉം സോയുസ്-5-ഉം. കേണൽ യെവ്ഗിനിഖ്രുനോവ്, അലക്സിയെലിസി എന്നിവരാണു് സോയുസ് 4-ലിൽനിന്നു് സോയുസ് 5-ലേക്കു് കടന്ന സഞ്ചാരികൾ.

ഒരുപക്ഷെ ചന്ദ്രനിൽ ആദ്യം കാലുകുത്തുന്നതു് അമേരിക്കൻ സഞ്ചാരികളായ

നിൽആംസ്ട്രോംഗ്, എഡ്വിൻആൻഡ്രിൻ എന്നിവരായിരിക്കും. 1969 ആഗസ്റ്റിലായിരിക്കും അപ്പോളോ-11-ലുള്ള ഇവരുടെ യാത്ര. പരീക്ഷണങ്ങൾക്ക് വേണ്ടി ഇതിനു മുൻപ് വിക്ഷേപിക്കപ്പെടുന്ന ഉപഗ്രഹങ്ങളിലെ യാത്രക്കാരും ചന്ദ്രനിൽ ഇറങ്ങാൻ ശ്രമിക്കും. 1969 ഫെബ്രുവരിയിലായിരിക്കും ഇവരുടെ ആദ്യത്തെ ശ്രമം നടക്കുന്നത്.

ചന്ദ്രൻ ഗോളാകൃതിയുള്ള ഒരു വലിയ പാറയാണ്. ചന്ദ്രനിൽ വായുവും വെള്ളവും ഇല്ല. രാസപ്രവർത്തനങ്ങൾ മുഖേന ശ്വസനത്തിനാവശ്യമായ പ്രാണവായു വേർതിരിച്ചെടുക്കുവാൻ സാധിക്കുമെന്ന് ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ചന്ദ്രനിൽ പൊടിപടലങ്ങളും ഉല്ക്കകൾ വീണതെന്നു തോന്നിക്കുന്ന വലിയ കുഴികളും ഉണ്ട്. സൂര്യനോടടുത്തുവരുന്നതനുസരിച്ച് ചൂട് വ്യത്യാസപ്പെടുന്നുണ്ടെങ്കിലും അവിടെ ഭൂമിയിലെക്കാൾ ചൂട് കൂടുതലാണ്. ഭൂമിയുടെ ആറിലൊന്ന് ആകർഷണബലമേ ചന്ദ്രനുള്ളു. അങ്ങനെയെങ്കിൽ ചന്ദ്രനിൽ മനുഷ്യൻ കാലുകുത്തിയാൽ അധികം താമസിയാതെതന്നെ ഓട്ടത്തിലും ചാട്ടത്തിലുമുള്ള റിക്കാർഡുകളൊക്കെ തകർക്കപ്പെടും. അമേരിക്കൻ നീഗ്രോയായ ബീമോണിന്റെ 29′ 2½″-ന്റെ ലോങ്ങ്ജമ്പ് റിക്കാർഡ് നിഷ്പ്രയാസം തകർക്കാൻ നമുക്ക് സാധിക്കും.

മനുഷ്യവാസയോഗ്യമല്ലാത്ത ചന്ദ്രനിലെത്തുന്നതിനുവേണ്ടി അമേരിക്കയേയും റഷ്യയേയും പോലുള്ള രാജ്യങ്ങൾ എന്തിന് ഭീമാകരമായ തുക ചെലവഴിക്കുന്നുവെന്നൊരു ചോദ്യം അവശേഷിക്കുകയാണ്. കാലാവസ്ഥ, പ്രവചനം, വാർത്താവിനിമയം ഇവക്ക് ഉപഗ്രഹങ്ങളെ ഉപയോഗിക്കുവാൻ സാധിക്കും. അമേരിക്ക ഈയിടെ വിക്ഷേപിച്ച 'ഇന്റൽ സാററ്-3' പോലുള്ള ഉപ... ...ർത്താവിനിമയത്തിൽ അത്ഭുതാവഹങ്ങളായ പരിവർത്തനങ്ങളാണ് കൊണ്ടുവരിക. ശൂന്യാകാശത്തിലെ ഭാരമില്ലായ്മയെന്ന സാങ്കേതിക വിദ്യയുപയോഗിച്ച് ഭൂമിയിൽ നിർമ്മിക്കാൻ സാധിക്കാത്ത പല വസ്തുക്കളും നിർമ്മിക്കുവാൻ സാധിക്കുമെന്ന് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ശൂന്യാകാശ താവളങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന അമേരിക്ക ഒരു "ഓർബിററൽ വർക്ക്ഷോപ്പിനെ"പ്പററിയാണ് ചിന്തിക്കുന്നത്. മൂന്നു വ്യക്തികൾക്ക് അവരുടെ ഉപകരണങ്ങളോടുകൂടി മാസങ്ങളോളം ഇതിൽ താമസിക്കുവാൻ സാധിക്കും. ചന്ദ്രനെക്കാൾ ഉപവാസ യോഗ്യങ്ങളായിട്ടുള്ള മററുഗ്രഹങ്ങളിലേയ്ക്കുള്ള ജൈത്രയാത്രയുടെ ആദ്യത്തെ കാൽവെപ്പാണ് ചന്ദ്രനിൽ ഇറങ്ങുകയെന്നത്. അനന്തതയെന്ന പുറം കടലിലേയ്ക്കുള്ള യാത്രാമാർഗ്ഗത്തിലെ ആൾത്തിരക്കേറിയ ഒരു തുറമുഖമായിത്തീരാം ചന്ദ്രൻ. അന്ന് ഭൂമിയിൽനിന്നുള്ള യാത്രക്കാരെ സ്വീകരിക്കുന്നതിനുവേണ്ടി ഹോട്ടലുകൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങിയവ ചന്ദ്രനിലുണ്ടാകും. ഫലത്തെപ്പററി പൂർണ്ണനിശ്ചയത്തോടുകൂടി ശാസ്ത്രീയപരീക്ഷണങ്ങൾ നടത്തുക സാദ്ധ്യമല്ല. ആത്മവിശ്വാസത്തോടുകൂടി പരീക്ഷണങ്ങൾ നടത്തുക-ഇതാണ് ശാസ്ത്രജ്ഞന്മാരുടെ രീതി.

ബാഹ്യാകാശ ഗവേഷണത്തിലെ നേട്ടങ്ങളൊന്നും അമേരിക്കയുടേയോ റഷ്യയുടേയോ സ്വന്തമായിരിക്കുകയില്ലെന്നും മനുഷ്യരാശിയുടെ മുഴുവൻ ഒരു നേട്ടമായിരിക്കുമെന്നുമുള്ളത് ഒരു വസ്തുതയാണ്. നമുക്ക് (ഭാരതീയർക്ക്) ബാഹ്യാകാശ ഗവേഷണത്തിൽ ഒന്നുംതന്നെ ചെയ്യുവാൻ സാധിച്ചിട്ടില്ല. നമ്മുടെ "തീവണ്ടി


കലാസുന്ദരമായ ഫോട്ടോകൾക്ക്

എപ്പോഴും

**ലോയൽ സ്റ്റുഡിയോ**

**തൊടുപുഴ**

(Estd. in 1935)

വിദ്യാലയ ഫോട്ടോകൾക്ക്

സിററിംഗ് ചാർജ്ജ് സൗജന്യം !!

Phone 155

Grams 'Loyal'



**മണ്ണൂർ ബ്രദേഴ്സ് തൊടുപുഴ**

പ്രസന്റേഷൻസെററ്, സ്റ്റെയിൻലസ്സ് സ്റ്റീൽപാത്രങ്ങൾ, പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ, പ്രഷർകുക്കർ, വെള്ളി ഉരുപ്പടികൾ മുതലായവസ്തു മെയിൻറോഡിലുള്ള ഷോ റൂമും, വെള്ളിപ്പാത്രങ്ങൾ, വെള്ളിഉരുപ്പടികൾ, മുതലായവസ്തു മാർക്കററ് റോഡിലുള്ള ഷോ റൂമും സന്ദർശിക്കുക.

Phone 110

BEAUTY HALL & Co.
THODUPUZHA

Dealers in:—

Piece goods and Ready made dresses Dry Cleaners for superior quality silk goods.

Phone: 172

*For all kinds of Printing works*

MAR MATHEWS PRESS
MUVATTUPUZHA

Punctuality ........ Clock-like
Responsibility ........ Maximum
Rate ........ Moderate
Satisfying ........................ All

ന്നം വരാം. ഇന്ത്യയിലെ റോക്കററു വിക്ഷേപണ കേന്ദ്രമായ തുമ്പ ഐക്യരാഷ്ട്ര സംഘടനക്ക് സമർപ്പിച്ചിരിക്കുകയാണല്ലോ. നാം പുരോഗമിക്കാത്തതു് നമ്മുടെ നാട്ടിൽ പ്രതിഭാശാലികളില്ലാഞ്ഞിട്ടല്ല—അവർക്കുവേണ്ട പ്രോത്സാഹനം നല്കാത്തിട്ടാണു്. 1968—ൽ നോബൽ സമ്മാനാർഹനായ ഹരഗോവിന്ദ്ഖൊരാന ഇന്ത്യയിൽ ജോലി കിട്ടാതെ പുറത്തേക്കു് പോയ വ്യക്തിയാണു്. ക്ഷമയോടുകൂടിയ നിരന്തര പരിശ്രമവും വിജയത്തിനാവശ്യമാണു്. നിരന്തര പരിശ്രമവും പ്രോത്സാഹനവുമൊന്നിച്ചാൽ നമുക്ക് വളരെയധികം പുരോഗമിക്കുവാൻ സാധിക്കും. റഷ്യയും അമേരിക്കയും അടുത്ത നക്ഷത്രമായ പ്രോക്സിമാസെഞ്ചൂറിയിലെത്തുമ്പോഴേക്കും നമുക്ക് ചന്ദ്രനിലെത്താൻ സാധിക്കുമോ?



# നീലക്കണ്ണുകൾ

വിജയൻ എൻ. II B. A.

"മദ്രാസി ബാബുജിമാർക്കെല്ലാം ഇതറിയാനെന്താണിത്ര ആകാംക്ഷ?

ചോദിക്കുമ്പോൾ വെളുത്തു ചുവന്ന ആ മുഖത്തു് കുസൃതിയുടെ നിഴൽപ്പാടു മിന്നിമറയുന്നതു കണ്ടു. സായാഹ്ന സൂര്യന്റെ ചെങ്കതിരുകൾ ഉമ്മവയ്ക്കുന്ന സുന്ദരമായ ആ മുഖത്തേയ്ക്കു് നിർവികാരതയോടെ നോക്കിയിരുന്നുകൊണ്ടു മറുപടി പറഞ്ഞു.

''ധൃതിയുണ്ടു്........കാത്തിരിക്കുകയായിരുന്നു കുട്ടീ........യുഗങ്ങളോളം........ ഇതൊന്നു കാണാൻ''

കമ്മീസും സാൽവാറുംധരിച്ച ഒരു പററം പെൺകുട്ടികൾ പൊട്ടിച്ചിരിച്ചു കടന്നുപോയി. ചില്ലുപാത്രമുടയുന്ന ശബ്ദം അകന്നകന്നുപോകുന്നു.

''കോളേജ് സ്റ്റുഡൻസാണു്........'' ബിന്ദു സാവധാനം ചുണ്ടനക്കി.

''മനസ്സിലായി''

''എങ്ങിനെ''

''പരിഹാസം കേട്ടപ്പോൾ''

ഒരു നിമിഷത്തേയ്ക്കു് ആ മുഖം കനിഞ്ഞുപോയി താൻ വീണ്ടും ആ ശവകുടീരത്തിലേയ്ക്കു കണ്ണോടിച്ചു.

ബഗൈർ സബ്സ് നാ പോശദ്
കംസ മജാറേ മറ, കേകർബ്
പോഷേ ഗരീബാം ഹാമിനൻ
ഗിയബസ് അസ്ത്.

(പുൽപ്പരപ്പില്ലാതെ എന്റെ സമാധിയ്ക്കുമേൽ യാതൊരാവരണവും പാടില്ല. ഈ എളിയവളുടെ സമാധിയുടെ മേൽവിരി ഹരിതതൃണമായിരിക്കട്ടെ )

എന്നു്

സൂചി ചിസ്തി ശിഷ്യ ഷാജഹാൻ-
ദേഹിതാജഹാന്നാര, ക്ഷണഭംഗുര
ജഹാന്നാര, വിനീതജഹാന്നാര.
ജിൽ കയ്ദ് 1092 ഹിജ്റി
(ജൂലായ് 1680)

വീണ്ടും കണ്ണുകൾ തിരിച്ചെടുത്തപ്പോൾ ബിന്ദുവിന്റെ മുഖത്തു ചെന്നു നിന്നു. കുസൃതിയും ആകാംക്ഷയും അവിടെ നിറഞ്ഞു നിൽക്കുന്നു. ആ മുഖത്തേയ്ക്കു തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു ചോദിച്ചു.

''ബിന്ദുവിനോടൊരു സത്യം പറയട്ടെ''

കടാക്ഷശാസ്ത്രപ്പഠിപ്പു നേടാത്തതെന്നു തോന്നുന്ന ആ വിടർന്ന കണ്ണുകൾ ഒന്നുകൂടി വികസിച്ചതുപോലെ തോന്നി.

''ഞാൻ കണ്ടിട്ടുള്ളതിൽവച്ച് ഏററവും സുന്ദരിയാണു് ബിന്ദു''.

അവളുടെ മുഖത്തു് നാണം ഒരു പൂപോലെ വിടർന്നു. നിമിഷനേരം കഴിഞ്ഞപ്പോൾ പൂർവ്വസ്ഥിതി വീണ്ടെടുത്തുകൊണ്ടുപറഞ്ഞു.

''ബാബുജിക്കു കൂടുതലറിയണ്ടേ?''



വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല. വേണമെന്നുള്ളതു രണ്ടുപേർക്കുമറിയാം. മൗനത്തിനു വ്യാപകമായ അർത്ഥമുണ്ടു്. അവൾ തുടർന്നു.

''വരൂ........''

സാൽവാറിന്റെ അഗ്രം കാററത്തു ഇളകുന്നതും നോക്കി പുറകേ നടന്നു. കുറേ കഴിഞ്ഞപ്പോൾ അവൾ നിന്നു. ''ഇതാണു ജാസ്മിൻ ടൗവർ........'' അല്പം നിവർന്നിട്ടു് അവൾ തുടർന്നു. ''അതാ ആ കല്ലുകൾക്കിടയിൽ നിന്നാണു് ആൻറിയസ്റ്റുട്ടൻസൺന് അവയൊക്കെ ലഭിച്ചതു''.

ഘാസിന്നടിയിൽ കിടന്നു ഞെരുങ്ങുന്ന മൺകട്ടകൾക്കു ജീവനുണ്ടെന്നു തോന്നിപ്പോയി. നിഷ്ഫലമെന്നറിഞ്ഞിട്ടുകൂടി അവ തട്ടിമറിക്കുന്നതിൽ സന്തോഷം കണ്ടെത്തി. കട്ടകൾ മറിയുമ്പോൾ സൂക്ഷിച്ചു നോക്കി. എന്തെങ്കിലും കാണുന്നുണ്ടോ........?

''വർഷങ്ങൾക്കു മുൻപാണതു കിട്ടിയതു്—1886ൽ''

''ഉം'' അലക്ഷ്യമായി മൂളി. സിഗററെടുത്തു ചുണ്ടിൽവച്ചു തീ പിടിപ്പിച്ചു. നീലവളയങ്ങൾ ആകാശത്തിലേയ്ക്കുയരുന്നതു നോക്കി നില്ക്കുകയായിരുന്നു ബിന്ദു.

''ഇതിനു മുൻപിവിടെ വന്നിട്ടുണ്ടോ?''—തന്റെ ചോദ്യം പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നുന്നു.

''ഉണ്ടു്''

''എന്നു്''

''കഴിഞ്ഞവർഷം''

''ആരുടെകൂടെ?''

''ക്യാപ്ററൻ സെൻഗുപ്തയുമൊന്നിച്ചു്''

ചോദ്യം അവസാനിച്ചു.

''എന്താ, ഗുപ്തയെ അറിയുമോ....?''

''അറിയും......നന്നായിട്ടറിയും........ വളരെ നന്നായിട്ടു്. പറയാൻ നാക്കിന്റെ തുമ്പത്തു വന്നതാണു്. റെസ്ക്യൂ ഷെൽട്ടറിൽ ഒരു നമ്പർകൂടിക്കൂട്ടിയ കഥ പറഞ്ഞു് ഈ പെൺകുട്ടിയെ എന്തിനു വേദനിപ്പിക്കുന്നു....? വേദന എന്താണെന്നെനിക്കറിയാം കുട്ടീ........അതുകൊണ്ടു ഞാനതുപറയുന്നില്ല.

''ബാബുജിക്കെന്താണു ജോലി?''
പറയണമെന്നുണ്ടാ
മറുപടി പറഞ്ഞില്ല. ഫിറോസ്‌റോഡിൽ ദല്ലാളാ
യിരുന്നു.
യിവരെ........

അല്പനേരം അവൾ മറുപടി പ്രതീക്ഷിച്ചു നിന്നു. മുഖം തിരിച്ചുകൊണ്ടു പറഞ്ഞു.

''വരൂ''....എല്ലാം കാണേണ്ടേ....?''

ദിവാനിഖാസ്സിന്റെ ഭിത്തിയിലുള്ള പേർഷ്യൻ ലിഖിതത്തിൽ നോക്കി തരിച്ചുനിന്നു.

''അഗർഫർ ദൗസ് ബർറൂയി
ഹമീൻ അസ്ത്, ഹമീൻ അസ്ത്, ഹമീൻ അസ്ത്.

(If on earth be a heaven of bliss
It is this, it is this, it is this.
ഭുവനങ്ങളിൽ സ്വർഗ്ഗമുണ്ടെങ്കിലാസ്വർഗ്ഗ-
മിവിടെയാണിവിടെയാണിവിടെ മാത്രം)

ഭൂമിയിലെസ്വർഗ്ഗം............പക്ഷേ ഈ സ്വർഗ്ഗത്തിൽ കണ്ണുനീരിന്റെ കയ്പുണ്ടു്. ത്യാഗത്തിന്റെ കരളലിയിക്കുന്ന കഥയുണ്ടു്........ഓർമ്മയുടെ ചുരുളുകൾ വിടരുകയായി...................ഷാജഹാന്റെ മദനകേളി, രക്തത്തുള്ളികൾ ഇററിററുവീഴുന്ന ദാരയുടെ ശിരസ്സ്, രോഷാനാരയുടെ കടിലതനിറഞ്ഞ നയനങ്ങൾ...... ഔറംഗസീബിന്റെ പൈശാചികാട്ടഹാസങ്ങൾ....ഇതിനെല്ലാം ഉപരിയായി നിറഞ്ഞുനില്ക്കുന്ന രണ്ടു നീലക്കണ്ണുകൾ. അന്തരാത്മാവിന്റെ അഗാധതയിലോളം ചെന്നവ ഉടക്കുന്നു. ആരുടേതാണതു്?

എവിടെയോ കണ്ടുമറന്നവ........ആരാണത്......? ഓ.... റാണി.....ബീഗം.....ജഹനാര.

ജഹനാര!!! തന്റെ കാമിനിക്കുവേണ്ടി വെണ്ണക്കല്ലിൽ സ്വപ്നം രചിച്ച ഷാജഹാന്റെ ഓമനപ്പുത്രി. രാജ്യത്തിന്റെ നിലനില്പിനുവേണ്ടി, പിതാമഹന്മാർ സ്വരുക്കൂട്ടി വച്ചിരുന്ന കീർത്തിയുടെ സംരക്ഷണയ്ക്കുവേണ്ടി, സർവ്വോപരി മുഗൾ രാജവംശത്തിന്റെ അസ്തിത്വത്തിനുവേണ്ടി, തന്റെ ജീവരക്തത്തിലന്തിമ ബിന്ദുവും നൽകി, ചതച്ചരയ്ക്കപ്പെട്ട സ്വപ്നങ്ങളുടെ ഇടയിൽപ്പെട്ട് ഞെങ്ങിഞെരുങ്ങി ഇഞ്ചിഞ്ചായി മരിച്ചുജീവിച്ച ത്യാഗസമ്പന്നയും സുന്ദരിയുമായ രാജകുമാരി. മുഗൾരാജവംശം ജന്മം നൽകിയതിൽ വച്ച് ഏററവും വലിയ പണ്ഡിത. ലോകത്തിലെ അത്ഭുതങ്ങളിലൊന്നോളം തനിക്കൊരു സ്മാരകം പണിതീർക്കണമെന്നാവശ്യപ്പെട്ട മാതാവിന്റെ സ്ഥാനത്ത്, തന്റെ ശവകുടീരത്തിന്മേൽ ഹരിതതൃണമല്ലാതെ മറെറാന്നുമുണ്ടാകുവാൻ പാടില്ലെന്നു വാദിച്ച, മുഗൾസാമ്രാട്ടിന്റെ വാത്സല്യപുത്രി, വേദനയുടേയും മോഹഭംഗങ്ങളുടേയും ആകത്തുകയാണ് ശോകാന്തമുകമായ ആ ജീവിതം.

ദില്ലിപാദുഷയായിരുന്ന ഷാജഹാന് ആറു മക്കളാണുണ്ടായിരുന്നത്. മൂത്ത മകൻ ദാര. ഷൂജ, ജഹനാര, റോഷാനാര, ഔറംഗസീബ്, മുറാദ് എന്നിവർ ദാരയുടെ താഴെയുള്ളവർ. ആൺമക്കളെല്ലാം ഓരോ സ്ഥലങ്ങളിൽ ജോലി നോക്കുന്നു. പെൺമക്കൾ അച്ഛനോടൊന്നിച്ചു കഴിയുന്നു. മുംതാസിന്റെ മരണസമയത്തു ചെയ്തിരുന്ന പ്രതിജ്ഞ ലംഘിച്ച് ഷാജഹാൻ മദ്യവും മഹിളയുമായി കൂത്താടി. ഖാസ്മഹലിന്റെ മുറികൾ പച്ച മാംസപ്രദർശനം കണ്ടു സ്തംഭിച്ചുനിന്നു. ചക്രവർത്തിയുടെ ഒടുങ്ങാത്ത കാമാവേശം ശമിപ്പിക്കുവാൻ സുരസുന്ദരികൾ തകർത്തു



പണിയെടുത്തു. ഗന്ധർവ്വന്മാർ പാടി. അപ്സരസ്സുകൾ ഏററുപാടി.

''മുംതാസ് മരിക്കുമ്പോൾ മറെറാരു സ്ത്രീയേയും വിവാഹം കഴിയ്ക്കില്ലെന്നു മാത്രമേ താൻ വാഗ്ദാനം ചെയ്തിട്ടുള്ളു. ....ശരി.... ...വിവാഹം ചെയ്തില്ലല്ലോ....!'' ആറിത്തണുത്ത വികാരവുമായി കുഴഞ്ഞു വീഴുമ്പോൾ ഷാജഹാൻ സ്വയം നീതീകരിക്കുകയായിരുന്നു.

''ബാബുജി''

ദിവാനിഖാസ്സിന്റെ ചിത്രത്തൂണുകളിലൊന്നിൽ മുഖംചേർത്തുനിന്നുകൊണ്ട് ബിന്ദു വിളിച്ചു.

ചെറുപ്പക്കാരൻ മറെറാരു ലോകത്തായിരുന്നു. മൈലുകൾക്കപ്പുറം താൻ പഠിച്ച കലാലയവും, സുന്ദരിയായ കറുത്ത ആ പെൺകുട്ടിയുമായിരുന്നു അയാളുടെ മനസ്സിൽ. തുടുത്ത മുഖവും, വെളുത്ത തൊലിയും കടഞ്ഞെടുത്ത ശരീരവുമൊന്നുമില്ലാത്ത താൻ വർഷങ്ങൾക്കു മുൻപൊരു കത്തെഴുതി—കറുത്ത നിറവും ഉരുണ്ട കണ്ണുകളുമുള്ള ഒരു പെൺകുട്ടിയ്ക്ക്. ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട അവസാന മുഹൂർത്തത്തിൽ അവകാശബോധത്തോടെ താനെഴുതി. കാരണം അവൾ തന്റെ അനുജത്തിയായിരുന്നു. പ്രസവിച്ചതു തന്റെ അമ്മയല്ലെന്നു മാത്രം. കറുത്തുരുണ്ട സുന്ദരമായ കണ്ണുകളുള്ള ആ പെൺകുട്ടിയെ കാണുമ്പോൾ ഓർമ്മവരുക ഒരു നഷ്ട സ്വപ്നത്തിന്റെ കഥയായിരുന്നു. സ്വർഗ്ഗത്തിൽ നിന്നുംവന്ന് അങ്ങോട്ടേയ്ക്കുതന്നെ പറന്നുപോയ ഒരു ചിത്രശലഭത്തിന്റെ പിൻപേ വെമ്പിക്കുതിച്ച തന്റെ മോഹഭംഗങ്ങളുടേയും വേദനയുടേയും കഥ ആ കുട്ടിയോടു പറയണമെന്നുണ്ടായിരുന്നു—അല്പം ആശ്വാസത്തിനുവേണ്ടി മാത്രം. പക്ഷേ അവൾ തെററിദ്ധരിച്ചു. തനിക്കുള്ളതെല്ലാം നഷ്ടപ്പെട്ട അവസാന മുഹൂർത്തത്തിൽ—തന്റെ പ്രിയപ്പെട്ടവൾ മറെറാരാളിന്റെ ഭാ



ര്യയായിത്തീരുന്നത് മരവിച്ച ഹൃദയത്തോടെ നോക്കിനിന്ന അവസരത്തിൽ പോലും, കണ്ണുകൾ നിറഞ്ഞിരുന്നില്ല. പക്ഷേ സ്വന്തം അനുജത്തിയേക്കാളേറെ സ്നേഹിച്ച ആ കുട്ടിയുടെ മറുപടി കേട്ടപ്പോൾ വേദനകൊണ്ടു പുളഞ്ഞുപോയി.

''നീയേല്പിച്ച മുറിവിന്റെ വേദന നിനക്കറിയില്ല കുട്ടീ—''

ചെറുപ്പക്കാരനു കരയണമെന്നു തോന്നി. ചിരിക്കണമെന്നും.

''ബാബുജി''

ബിന്ദു വീണ്ടും വിളിച്ചു.

ഞെട്ടിയുണർന്നപ്പോൾ അവൾ സൂക്ഷിച്ചു നോക്കുന്നു.

''ബാബുജി കരയുന്നോ.........?''

ഓ, ശരിയാണ്. തന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അത്ഭുതം തോന്നി. താൻ കരയാൻ മറന്നിരിക്കുകയായിരുന്നുവല്ലോ. പോക്കററിൽനിന്നു സിഗരററെടുത്തു കത്തിക്കുമ്പോൾ മനസ്സിൽ ഒരു ചോദ്യം തങ്ങിനിന്നു.

''താനെന്തിന് ഇവയൊക്കെ ഓർത്തു....?''

''എന്താണൊരു വിഷമം പോലെ?''—ബിന്ദു അടുത്തേയ്ക്കു വന്നു.

''ഓ, ഒന്നുമില്ല.''

അവൾ വീണ്ടും കിന്നരിത്തലപ്പാവുകളും ജോധുക്കളും, അന്തഃപുരത്തിനഴകുകളുമുള്ള പാദുഷകളുടെ ലോകത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. ബിന്ദുവിനതു ചെയ്യേ പററൂ. ടൂറിസ്റ്റ് ബ്യൂറോവിൽ നിന്നു തനിക്കു ലഭിച്ച ഗൈഡിനെ കണ്ടപ്പോൾ തനിക്കു സന്തോഷം തോന്നിയിരുന്നു. കാരണം, പെൺകുട്ടിയാണ്,.... സുന്ദരിയും.

അഭിനവമായ ഉത്സാഹത്തോടേ ചെറുപ്പക്കാരൻ വീണ്ടും ഷാജഹാനും, ജഹനാരയും, മുറാദും, ഔറംഗസീബുമുള്ള ലോകത്തിലേയ്ക്കു കടന്നുചെന്നു.

രംഗമഹലിൽക്കൂടികടന്ന് ഖാസ് മഹലിന്റെ മുമ്പിൽ ചെന്നുനിന്നപ്പോൾ ബിന്ദു അർത്ഥഗർഭമായി നോക്കി. കുടുംബാംഗങ്ങൾക്കുവേണ്ടി ഷാജഹാൻ പണിയിച്ച വെണ്ണക്കല്ലിലെ ശില്പം. തൂണുകളും മുകൾത്തട്ടും, കൊത്തുപണികളും ചിത്രവേലകളും കൊണ്ടുനിറഞ്ഞിരിക്കുന്നു. അതിവിശാലമായ ഇതിന്റെ മൂന്നു മുറികളിൽ മദ്ധ്യത്തിലുള്ള മുറിയ്ക്ക് എഴുപതടി നീളവും നാല്പതടി വീതിയും വരും. രാവും പകലും അവസാനിക്കാത്ത പനിനീർധാരകൾ ചൊരിഞ്ഞ മാർബിൾകൊണ്ടു കെട്ടിയ ഇതിന്റെ മദ്ധ്യത്തിലുള്ള കുളത്തിൽ ജലധാരകൾ നാണത്തോടേ വന്നു പതിക്കുന്നതു നോക്കിനിന്നപ്പോൾ അറിയാതൊരു നെടുവീർപ്പുതിർന്നു. ഈ മുറിയിലാണ് ഷാജഹാൻ തന്റെ പ്രിയപ്പെട്ട ഭാര്യയുമായി ശയിച്ചിരുന്നത്. കിഴക്കോട്ടു നോക്കിയപ്പോൾ യമുന ശാന്തമായി ഒഴുകുന്നു. തെക്ക് ആ വളവിനപ്പുറം നില്ക്കുന്ന 'ലോകത്തിലെ സപ്താത്ഭുതങ്ങളി'ലൊന്നിൽ മിഴികൾ ഉടക്കിനിന്നു. താജിനു സൗന്ദര്യം ഇരട്ടിച്ചതുപോലെ തോന്നി. തെക്കേമുറിയിലേയ്ക്കു നടന്നു കയറുമ്പോൾ ഹൃദയം അനിയന്ത്രിതമായി തുടിച്ചു. ഇതിലാണ് ഷാജഹാന്റെ പ്രിയപുത്രി ജഹനാര താമസിച്ചിരുന്നത്. മുകൾത്തട്ടിലേയ്ക്കു നോക്കിയപ്പോൾ കണ്ണുകൾ മഞ്ചിപ്പോയി. മുഴുവനും കട്ടിസ്വർണ്ണം! വലിയൊരത്ഭുതം കണ്ടതുപോലെ തരിച്ചു നില്ക്കുമ്പോൾ പിന്നിൽ ഒരു ജലതരംഗം.

''സ്വർണ്ണം പൂശിയതാണ്''

ബിന്ദുവിന്റെ മുഖത്തു പരിഹാസമുണ്ടോ? ജാള്യത തോന്നി. ഒന്നും പറഞ്ഞില്ല.

ഖാസ് മഹലിന്റെ അടിയിൽ കുറേ ഭൂഗർഭ ഗൃഹങ്ങളുണ്ട്. ചക്രവർത്തിയും ക

ടുംബാംഗങ്ങളും ഉഷ്ണകാലത്തു താമസിച്ചിരുന്നതു് ഈ മുറികളിലായിരുന്നു. ഇതിലൊരു ഇരുട്ടുമുറിയുണ്ട്. മുററിത്തഴച്ച ഭോഗലാലസയും ഒടുങ്ങാത്ത കാമവികാരവും കൈമുതലായുണ്ടായിരുന്ന ഷാജഹാൻെറ പത്നിമാരെ തൃപ്തിപ്പെടുത്താൻ മററു ചിലർ വേണ്ടിവന്നുവെങ്കിൽ അതു സ്വാഭാവികം മാത്രമാണ്. പക്ഷേ ആ ആത്മനിർവൃതിയുടെ അവസാനം ഇരട്ടക്കൊലപാതകങ്ങളിലാണ് കലാശിച്ചിരുന്നതു്. ഷാജഹാൻെറ പത്നിമാരിൽ പലരും കന്യകകളായിത്തന്നെ മരിച്ചു. ചക്രവർത്തിക്ക് അവരിൽ പലരേയും പരിചയം പോലുമുണ്ടായിരുന്നില്ല. ചുരുക്കം ചിലർ ജാരസംസർഗ്ഗത്തിലേർപ്പെട്ടു. തെളിവോടെ പിടിക്കപ്പെട്ടവർ വധശിക്ഷക്കർഹരായി. അവരുടെ കശാപ്പുശാലയായിരുന്നു ഈ ഇരുട്ടുമുറി. അനേകങ്ങളുടെ ഗതികിട്ടാത്ത ആത്മാക്കൾ ഇതിനുള്ളിൽ കിടന്നു സ്പന്ദിക്കുന്നു. പക്ഷേ അവർ സന്തുഷ്ടരാണ്. ''ആദ്യത്തെ പാപം, സ്ത്രീത്വത്തിൻെറ മൂടുപടം ചീന്തുന്ന ആദ്യത്തെ വേദന, ആദ്യത്തെ ആഹ്ലാദം, ആദ്യത്തെ നിർവൃതി........ ........''—അവർക്കോർമ്മിക്കുവാൻ ഇത്രയെങ്കിലുമുണ്ട്.

ഖാസ്മഹലിനു വടക്കുഭാഗത്താണു ശീഷ്മഹൽ. അസംഖ്യം കണ്ണാടികൾ പതിച്ചിരിക്കുന്ന ഇതൊരു സ്നാനശാലയാണ്. അന്തഃപുരത്തിലെ 'കരുതൽ ധനങ്ങ'ളുമായി ഷാജഹാൻ ജലക്രീഡയിലേർപ്പെടുകയായി. ആയിരക്കണക്കിനു കണ്ണാടിയിൽ പ്രതിഫലിക്കുന്ന നഗ്നരൂപങ്ങൾ കണ്ട് അദ്ദേഹം ആത്മനിർവൃതി പൂണ്ടപ്പോൾ, തൻെറ പുത്രൻെറ തടവുകാരനായി സമൻബുർജിലെ ഇരുളടഞ്ഞ ഒരു മുറിയിൽ ജാലകവാതലിലൂടെ യമുനാതീരത്തു താൻ പണികഴിപ്പിച്ച താജ്മഹലും നോക്കി നിസ്സഹായനായി ജീവിതം മുഴുവൻ തള്ളിനീക്കേണ്ടിവരുമെന്ന് എന്നെങ്കിലും കരുതിയിരുന്നുവോ?

ദൈവവിശ്വാസത്തിൻെറ മേലങ്കിയും, കനത്ത തലക്കെട്ടും, കൈയിലെ ജപമാലകളുടെ മണികൾക്കൊപ്പം ചലിച്ചുകൊണ്ടിരിക്കുന്ന ചുണ്ടുകളും, സിംഹാസനലബ്ധിക്കു വേണ്ടിയുള്ള അവസാനിക്കാത്ത അഭിലാഷവുമായി ഒരു പിശാചിനെപ്പോലെ ഔറംഗസീബ് കടന്നുവരുന്നതുകാണാൻ ആർക്കും കണ്ണുണ്ടായിരുന്നില്ല. ആ ശാന്തതയ്ക്കും വിനയത്തിനുമടിയിലെ കൊടുങ്കാററു കാണുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ മുഗൾ സാമ്രാജ്യത്തിൻെറ അധഃപതനം ഇത്ര പെട്ടെന്നാകുമായിരുന്നില്ല.

സഹോദരന്മാരെ ഒഴിവാക്കിയാലേ ഇളയ പുത്രനായ തനിക്കു രാജ്യാവകാശം ലഭിക്കൂ എന്നു ഔറംഗസീബ് വ്യക്തമായി മനസ്സിലാക്കി. മദ്യത്തിലും മഹിളയിലും ജീവിതത്തിൻെറ മുഴുവൻ സുഖവും കണ്ടെത്തുന്ന പിതാവ്, പണ്ഡിതനും രാജ്യകാര്യങ്ങളിൽ അശ്രദ്ധനുമായ ദാര, ഭോഗലാലസയിൽ അഗ്രജനെ വെല്ലുന്ന ഷുജ, ധീരനായ മുറാദ്, അച്ഛൻെറ വാത്സല്യപുത്രി ജഹാനാര, തനിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറുള്ള തൻെറ സഹോദരി രോഷാനാര. ഔറംഗസീബിനു കൂടുതൽ ആലോചിക്കേണ്ടിയിരുന്നില്ല. ഒരു കൊടുങ്കാററിൻെറ വേഗതയോടെ അദ്ദേഹം കടന്നുവന്നു. എതിർത്തുനില്ക്കാൻ ആർക്കുമായില്ല. കണ്ണടച്ചു തുറന്നപ്പോഴേക്കും സംഭവഗതികൾ അപ്പാടെ മാറിക്കഴിഞ്ഞു. പച്ചമാംസത്തിൻെറ രുചിയിൽ മുഴുകിയിരുന്ന ഷാജഹാൻ പരിതഃസ്ഥിതികൾ മനസ്സിലാക്കിയപ്പോൾ കാരാഗൃഹത്തിനുള്ളിലായിരുന്നു.

ആയിരത്തി അറുനൂററി അൻപത്തിയൊൻപതു് സെപ്റ്റംബർ രാത്രി ഏഴു മണി. തൻെറ മാർഗ്ഗത്തിൽ വിലങ്ങുതടിയായി നിന്നിരുന്ന സ്വന്തം ജ്യേഷ്ഠൻ ദാരയുടെ രക്തത്തുള്ളികൾ ഇററിററുവീഴുന്ന ശിരസ്സ് പിതാവിനു കാഴ്ചവസ്തുവായി കൊ



ടുത്തയച്ചു. വെള്ളിത്തളികയിൽ പട്ടുവസ്ത്രത്തിനടിയിൽ ചോരയിൽ കുതിർന്നു കിടന്ന ബീഭത്സമായ ആ മാംസപിണ്ഡം നോക്കി ഷാജഹാൻ ബോധംകെട്ടുവീണു. ജഹാനാരയ്ക്കു തൻെറ കരൾ പിഴുതെറിഞ്ഞതുപോലെ തോന്നി. ആ നീലക്കണ്ണുകൾ നിറഞ്ഞൊഴുകി. അച്ഛനോടൊപ്പം തടവിലാക്കിയപ്പോഴും ഇത്രവേദന തോന്നിയില്ല. രോഷാനാര ഔറംഗസീബിനോടൊത്തു വിജയത്തിൽ പങ്കുകൊണ്ടു. ആർത്തുപുളച്ച് അന്നു റെഡ്ഫോർട്ടിൽ ഓടിനടന്ന അവൾ ആർക്കുവേണ്ടിയാണോ സ്വസഹോദരനെ കൊല്ലിച്ചതു്, ആ സഹോദരൻ ഔറംഗസീബുതന്നെയാണ് അവളെ വിഷംകൊടുത്തുകൊന്നതും. 'ബന്ധുരമായ ഇതിഹാസവും സുന്ദരമായ കാവ്യവു'മാണല്ലോ ചരിത്രം.

വിഷയാസക്തിയിലുള്ള പാരമ്പര്യത്തിൻെറ സ്വാധീനം ഔറംഗസീബിലുണ്ടായിരുന്നെങ്കിൽ മുഗൾരാജവംശത്തിൻെറ ചരിത്രം മറെറാന്നാകുമായിരുന്നു. ഔറംഗസീബ് തൻെറ ബാല്യകാലത്തു് ഒരു നർത്തകിയെ പ്രേമിച്ചു. പരിശുദ്ധിയും വിശുദ്ധിയും കലർന്ന സ്നേഹം. പക്ഷേ ആ ചെടി വളർന്നില്ല, പുഷ്പിച്ചുമില്ല. തൻെറ ജീവൻെറ ജീവനായ ആ പെൺകുട്ടിയുടെ അകാലമരണം ഔറംഗസീബിൻെറ ഹൃദയത്തെ ശക്തിയായി ഉലച്ചതിൻെറ ഫലമായി അദ്ദേഹം മുഗൾ രാജവംശത്തിൽ ഏററവും സ്വഭാവശുദ്ധിയുള്ള രാജകുമാരനായിത്തീർന്നു. ഗംഗയാറിൻെറ പവിത്രതയും കിനാവിൻെറ സ്വർഗ്ഗചൈതന്യവും ഉൾക്കൊള്ളുന്ന ഒരു പ്രണയ കഥ അവിടെ അവസാനിച്ചു. യാതൊരു പ്രലോഭനങ്ങളിലും കുടുങ്ങാത്ത അജയ്യമായ മനഃശ്ശക്തിയാണ് അദ്ദേഹത്തിൻെറ സർവ്വവിജയങ്ങൾക്കും കാരണമായിഭവിച്ചതു്.

ഷാജഹാൻെറ നാലാമത്തെ മകനും ഔറംഗസീബിൻെറ ഇളയ സഹോദരനുമായ മുറാദ് ഗുജറാത്തിലെ ഗവർണ്ണറായിരുന്നു. തൻെറ വഴിയിലെ ശക്തിയേറിയൊരു ദുർഗ്ഗം! കുടിലതയും നയതന്ത്രവും മാത്രമേ അവിടെ ഫലിക്കൂ എന്നു മനസ്സിലാക്കി, സമർത്ഥനായ ഔറംഗസീബ്. മുഗൾ സാമ്രാട്ടിൻെറ കിരീടം മുറാദിൻെറ തലയിൽ ചൂടാനാണ് താൻ ഈ ജീവന്മരണസമരത്തിലേർപ്പെട്ടിരിക്കുന്നതെന്ന് അനുജനെ ധരിപ്പിക്കുവാൻ അദ്ദേഹത്തിനു വിഷമമുണ്ടായില്ല. മുറാദ് ആ തന്ത്രത്തിൽ കുടുങ്ങി. ബോധംകെട്ടു തൻെറ കൊട്ടാരത്തിൽ ഉറങ്ങിക്കൊണ്ടിരുന്ന മുറാദിനെ ബന്ധിക്കുവാൻ ഔറംഗസീബ് ഒരു സൂത്രം പ്രയോഗിച്ചു. ആറുവയസ്സുള്ള തൻെറ മകൻ സുൽത്താൻ ആസാമിനെ അരികിൽ വിളിച്ചുപറഞ്ഞു.

''മകനേ ഇളയച്ഛനറിയാതെ ആ വാളെടുത്തുകൊണ്ടുവരാമോ''?

ആസാം മുറാദറിയാതെ വാൾ വേർപെടുത്തുമ്പോൾ ഔറംഗസീബിൻെറ കണ്ണുകൾ അനുജൻെറ മുഖത്തായിരുന്നു. ഉണർന്നാൽതന്നെ ഒരു കൊച്ചുകുട്ടിയാണ് വാളെടുക്കുന്നതു്. കൂടുതൽ അർത്ഥമൊന്നും അതിനു കല്പിക്കുവാൻ മുറാദ് ശ്രമിക്കയുമില്ല. വിജയഭേരിയോടെ ഇളയച്ഛൻെറ വാളെടുത്തു് അച്ഛൻെറ കൈയിൽ കൊടുത്ത നിഷ്കളങ്കനായ ആ ബാലനോട് ഔറംഗസീബ് സ്നേഹമൂറുന്ന സ്വരത്തിൽ പറഞ്ഞു.

''ഇനി ആ കഠാരക്കൂടി.........നിൻെറ മിടുക്കൊന്നറിയട്ടെ.......''

കഠാരയും കയ്യിലായി. മുറാദ് ഉണർന്നപ്പോൾ കൈകാലുകൾ ചങ്ങലക്കെട്ടിനകത്തായിരുന്നു. ഈ കൊടുംചതി സ്നേഹമുള്ള ആ അനുജൻ പ്രതീക്ഷിച്ചിരുന്നില്ല. മുറാദിൻെറ കവിൾത്തടത്തിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങി.

ഔറംഗസീബിൻെറ സൈന്യങ്ങളോടേററുമുട്ടി പരാജയപ്പെട്ട സഹോദരൻ ഷുജ

ഡാക്കായിലേയ്ക്കോടി. പക്ഷേ ശത്രുക്കൾ പിൻതുടർന്നു. രക്ഷയില്ലാതെ ഷൂജ ഡാക്കായിൽനിന്നു് അരക്കാനിലേയ്ക്കോടി. നാലഞ്ചു തോണിയിലായി അവർ ബ്രഹ്മപുത്രാ നദിയിലൂടെ അക്കരയ്ക്കു യാത്രയായി. അന്ത:പുരസ്ത്രീകളിൽ പലർക്കും മൂടുപടം പോലുമുണ്ടായിരുന്നില്ല. ഇവയെല്ലാംകണ്ടു് പരവശനായ ഷൂജ അകംനീറിപ്പൊന്തിയ വേദനയോടെ രണ്ടുമൂന്നു തോണികൾ മുക്കിക്കളയാൻ ആജ്ഞകൊടുത്തു. അനേകം സുന്ദരികളെ ബ്രഹ്മപുത്ര വാരിപ്പുണർന്നു. ഷൂജയും, ഭാര്യയും, കുട്ടികളും കുറച്ചു അനുയായികളും അരക്കാൻ കാട്ടുപ്രദേശത്തെത്തി. സ്നേഹബന്ധത്തിലാരംഭിച്ച അരക്കാൻകാട്ടുരാജാവുമായുള്ള മൈത്രി യുദ്ധത്തിലവസാനിച്ചു. രാജസ്ത്രീകൾ കാട്ടാളക്കുട്ടികളെ പ്രസവിച്ചു. ഷൂജായ്ക്കുള്ളതെല്ലാം നശിച്ചു. അദ്ദേഹം അരക്കാൻ വനഗഹ്വരങ്ങളിൽ എന്നെന്നേയ്ക്കുമായി അപ്രത്യക്ഷനായി. അരക്കാൻ മലകളിൽവച്ചു് ഷൂജയെ ഔറംഗസീബിന്റെ പടയാളികൾ കൊല്ലിച്ചതാണെന്നും ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായ ഭിന്നതകളുണ്ടു്.

എല്ലാ തടസ്സങ്ങളും നീങ്ങി. ഔറംഗസീബിന്റെ ശ്രദ്ധ ഭരണകാര്യങ്ങളിലേയ്ക്കുതിരിഞ്ഞു. പടിപടിയായി അദ്ദേഹം പരിഷ്ക്കാരങ്ങളേർപ്പെടുത്തി. പരിണാമചക്രം തിരിഞ്ഞു. യമുന പല പ്രാവശ്യം കരകവിഞ്ഞൊഴുകി. പിതാവായ സാമ്രാട്ടു് ഷാജഹാനോടൊപ്പം ആഗ്രാക്കോട്ടയിൽ ബന്ധിക്കപ്പെട്ടവളായി കഴിയുകയാണു് ജഹാനാര. ഷാജഹാൻ ഒരു ഭ്രാന്തനേപ്പോലെ ജയിലഴികളിൽ പിടിച്ചുകൊണ്ടു് താജിലേയ്ക്കുനോക്കി നെടുവീർപ്പിടും. മുംതാസിന്റെ ആത്മാവു് ഇതെല്ലാംകണ്ടു നീറിനീറിപ്പിടഞ്ഞു. അച്ഛന്റെ ദയനീയമായ ഈ നില്പു കാണുമ്പോൾ ജഹാനാര ഹൃദയംപൊട്ടിക്കരയും. [illegible]ർജഹാൻ ബീഗത്തിനു സൂര്യോദയം ദർശിക്കുവാൻ ജഹാംഗീർ പാദുഷ കെട്ടിയുണ്ടാക്കിയ ശീഷ്മഹലിനുള്ളിലെ കാരാഗൃഹത്തിൽ ആയിരത്തിയറുനൂററിയറുപത്തിയാറു് ജനവരി ഇരുപത്തിരണ്ടാംതീയതി പ്രിയപുത്രിയുടെ മടിയിൽ തലയുംവച്ചു് ഷാജഹാൻ അന്ത്യശ്വാസം വലിച്ചു. അന്തരാത്മാവിന്റെ അഗാധതയിൽനിന്നുവന്ന ജഹാനാരയുടെ രോദനം കാരാഗൃഹത്തിന്റെ ഭിത്തികൾക്കുള്ളിൽ തങ്ങിനിന്നു. ഈറനണിഞ്ഞ ആ നീലക്കണ്ണുകൾ പിന്നീടൊരിക്കലും തോർന്നിട്ടില്ല.

പിതാവിന്റെ മരണാനന്തരവും ജഹാനാര പതിനാലുവർഷക്കാലം ആഗ്രാക്കോട്ടയിൽ തടവിൽ കഴിഞ്ഞുകൂടി. കടന്നുപോയ മഴവില്ലൊളി പൂശിയ സുദിനങ്ങളേക്കുറിച്ചു് അവർ സ്മരിച്ചു. ജഹാനാരയ്ക്കു് ഒരു കാമുകനുണ്ടായിരുന്നു. ഒരു രജപുത്രരാജാവു്. മുഗൾസാമ്രാജ്യത്തിലെ സാമന്തനും ഛന്ദി രാജാവുമായിരുന്ന ഛത്രസാൽ എന്നു പേരുള്ള അദ്ദേഹത്തെ ബീഗം ദുലേർ എന്നാണു വിളിച്ചിരുന്നതു്. ആതിരനിലാവിനേക്കാൾ ശാലീനമായൊരു പ്രേമബന്ധത്തിലെ നായകനും നായികയുമായിരുന്നു അവർ. മാഘമാസത്തിലെ സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ യമുനയുടെ മടിത്തട്ടിൽ രാത്രിയുടെ നീളം അളന്നുജീവിച്ച സുദിനങ്ങൾ. അരണ്ടനിലാവെളിച്ചവും ആകാശത്തിൽ കളിന്നു വിറയ്ക്കുന്ന നക്ഷത്രങ്ങളുമുള്ള രാത്രികളിൽ യമുനയുടെ പുളിനങ്ങൾ മൂകമായി ആ പ്രേമത്തിനു സാക്ഷിനിന്നു. അവസാനമായി തങ്ങൾ കണ്ടുമുട്ടിയ രാത്രി ജഹാനാരയുടെ മനസ്സിൽ പൊന്തിവന്നു.

ഉദ്യാനത്തിൽ തന്റെ കാമുകനേയും കാത്തു് ബീഗം നിന്നു. സന്ധ്യാതാരമുദിച്ചപ്പോൾ പ്രിയതമൻ വന്നു. വിരിഞ്ഞ മാറു്, ദൃഢവത്തായ മാംസപേശികൾ, കാന്തശക്തിയുള്ള കണ്ണുകൾ, സുന്ദരമായ മുഖം. എന്തൊക്കെയോ വിചാരങ്ങൾ ആ



# Annual Athletic Meet













Arts Festival
'Ganamela' by the Music Club (boys)



Arts Festival
'Ganamela' by the Music Club (girls)



Arts Festival 'Rajadhani' staged by the members of the Dramatic Club



Arts Festival
Group Dance by Kalamoorti & Syamala



Ambika Hostel Day
"Manalkad" staged by the hostellers



Ambika Hostel Day "Ecumenism" tableau staged by the hostellers

നസ്സിനെ മഥിക്കുന്നുണ്ട്. ഷാജഹാനും, ദാരയും, അങ്ങനെ ജഹാന്നാരയും വേണ്ടി പടക്കളത്തിലേയ്ക്കു പോകാൻ യാത്രചോദി ക്കാൻ വന്നതായിരുന്ന ദുലേർ. നിശ്ചയ ദാർഢ്യം സ്ഫുരിക്കുന്ന മുഖഭാവത്തോടെ ദുലേർ പറഞ്ഞു.

''രജപുത്രന്മാർ എത്രയോ തവണ പ്രേമത്തിനും അഭിമാനത്തിനും വേണ്ടി യുദ്ധരംഗത്തു ജീവൻ ബലി അർപ്പിച്ചിട്ടുണ്ട്. രാജകുമാരി, നിങ്ങളുടെ മുഖാവരണത്തിന്റെ ഒരംശം കീറി എന്റെ കൈയിൽ രക്ഷ ബന്ധിക്കൂ. ഞാൻ ആ ചിഹ്നവുമായി രണാങ്കണത്തിലിറങ്ങും.''

അവർ താജിലേയ്ക്കു നടന്നു.

താജിലെത്തിയപ്പോൾ ജഹാന്നാര പറഞ്ഞു.

''താങ്കൾ ഇഷ്ടമുള്ള ഒരു വാക്കുച്ചരിക്കൂ....താജ്മഹലിന്റെ പ്രതിധ്വനി അതിനുത്തരം പറയും.

തന്റെ പേർ താജ്മഹലിനകത്ത് അനേകദേവദൂതന്മാരുടെ കണ്ഠങ്ങളിൽനിന്നു മുഴങ്ങുന്നതുകേട്ട് ബീഗം കോരിത്തരിച്ചു.

പക്ഷേ ആഗ്രഹിച്ചതൊന്നും നടന്നില്ല. വഞ്ചകനായ നജവത്ഖാന്റെ വെടിയേററു പ്രിയതമൻ മരിച്ചു വീണു. ഇനിയും നിലാവു പരന്നൊഴുകും. ഇനിയും മാഘമാസങ്ങളെത്തി യമുനാതടങ്ങളിൽ ചിത്രം വരയ്ക്കും. പക്ഷേ അവയൊന്നും കാണുവാൻ ആരുമുണ്ടായിരിക്കുകയില്ല. കാണേണ്ടവൻ അങ്ങു വിദൂരതയിലാണ്. ഇനിയൊരിക്കലും ദുലേർ തന്റെ മൂടുപടം മാററി തിളങ്ങുന്ന കണ്ണുകളിലേയ്ക്കു നോക്കിപ്പറയില്ല.

